…ERSITY LIBRA…
…ADRAS

# ഗുരുനാഥൻ

| പുസ്തകം 14 | 1110 മിഥുനം | ലക്കം 11 |
|---|---|---|

## പണ്ടത്തെ സൎവ്വകലാശാലകൾ

### 2. വിക്രമശില

(സി. പി. ഗോവിന്ദപ്പിള്ള എം. ആർ. ഏ. എസ്സ്.)

വിക്രമശിലയിലെ ഋഷിവാടത്തോടു ചേൎന്നുള്ള സകലകലാലയം ഗംഗയുടെ ദക്ഷിണതീരത്തു ബീഹാറിലെ ഒരു കുന്നിലായിരുന്നുവെന്നു് ടിബററിലെ ചില ഗ്രന്ഥങ്ങൾ സൂചിപ്പിക്കുന്നു എങ്കിലും ശരിയായ സ്ഥാനം നിശ്ചയമില്ല. ബോർഗാണ്ടിനു സമീപം ശിലാവോ ഗ്രാമമാണെന്നു കണ്ണിംഗാം പ്രസ്താവിക്കുന്നു . ഗംഗ ഇതിനടുത്തെങ്ങുമല്ല; എന്നല്ല പറയത്തക്കവിധം കുന്നും അവിടെയില്ല. ആ സ്ഥിതിക്കു് ഈ രണ്ടഭിപ്രായങ്ങളും അന്യോന്യം ഭിന്നങ്ങളായിരിക്കുന്നു. ഭഗൽപുരത്തിനു് 24 മൈൽ കിഴക്കു പാദർഘാതമലയാണെന്നു നന്ദലാൽദേ എഴുതിയിരിക്കുന്നതു ശരിയാണെന്നൂഹിക്കാൻ വളരെ ന്യായമുണ്ടു്. എന്തെന്നാൽ ആ സ്ഥലം ഗംഗാതീരത്താണു്. എന്നല്ല വലതുവശത്തുമാണു്. പല ക്ഷേത്രങ്ങളും വിഹാരങ്ങളും ഉണ്ടായിരുന്നിരിക്കാൻ അവിടെ ഇടവുമില്ലാതില്ല. എണ്ണായിരത്തിൽ പരം ജനങ്ങൾക്കു് ഒരുമിച്ചിരിക്കത്തക്ക ചതുരശ്രാകാരമായി തുറസ്സായ ഒരു സ്ഥലം അവിടെ വിശേഷിച്ചും ഉള്ളതായി പറയപ്പെട്ടിരിക്കുന്നു. ബുദ്ധവിഗ്രഹങ്ങളുടെ അവശിഷ്ടങ്ങൾ അവിടെ സുലഭമായി കാണപ്പെടുന്നതും പ്രത്യേകം ചിന്തിക്കേണ്ടതാണു്.

വിക്രമൻ എന്നു പേരുള്ള വിക്രാന്തനായ യക്ഷനെ ഒതുക്കിയതു് ആ സ്ഥലത്തുവച്ചാകയാൽ ആ വിഹാരത്തിനു വിക്രമശിലയെന്നു നാമകരണം ചെയ്തുവെന്നാണു് ഐതിഹ്യം. ആ സൎവ്വകലാശാലയുടെ സ്ഥാപകൻ പാലവംശത്തിലെ ധൎമ്മപാലരാജാവാകുന്നു. അതുകൊണ്ടു് അതു വിക്രമശിലയിലെ രാജകീയസൎവ്വകലാശാലയായി 27 സന്യാസിമാർ വീതമുള്ള 4 വിഭാഗങ്ങളായി അതിനെ തിരിച്ചു. ബുദ്ധമതത്തിലെ നാലു പ്രധാന

ശാഖകളിൽ പെട്ടവരാണ് നാലുപേരും. പിന്നീട് ഒട്ടധികം കെട്ടിടങ്ങൾ കൂടി തീർപ്പിക്കയുണ്ടായി. അങ്ങനെ ആറു മഹാ പാഠശാല അവിടെ ഉത്ഭവിച്ചു. ഇവ കൂടാതെ മദ്ധ്യഭാഗത്തു വിശാലമായ ഒരു ഹാൾ നിർമ്മിച്ചു. ശാസ്ത്രമന്ദിരമെന്നാണിതിനു പേരു്. നാലു സത്രങ്ങളും അനുബന്ധമായേർപ്പെടുത്തി. എണ്ണായിരം പേർക്കു് സൌകര്യമായി കൂടാൻ തക്കവണ്ണം മഹത്തും ചതുരശ്രാകൃതിയിലുള്ളതും ആയ ഒരു ശാലയും ഉണ്ടാക്കി. ഇവയുടെ മദ്ധ്യസ്ഥാനത്തു് മഹാബോധിവിഗ്രഹങ്ങളോടു കൂടിയ ഒരു ക്ഷേത്രം പണിയിച്ചു. മതില്ക്കെട്ടിനുള്ളിൽ 53 ചെറിയ ക്ഷേത്രങ്ങളും 54 സാമാന്യപ്രതിഷ്ഠാസ്ഥാനങ്ങളും സ്ഥാപിച്ചു. അങ്ങനെ ആ വിഹാരപ്രദേശത്തു 108 ക്ഷേത്രങ്ങളുണ്ടായി. പി. എൻ. ബോസ് എഴുതിയിട്ടുള്ള ബൌദ്ധകലാശാലകളിലെ ഭാരതീയാചാര്യന്മാർ, എന്ന ഗ്രന്ഥമാണ് ഇതിന് അവലംബം. ഈ വിഹാരത്തിൽ ടിബറ്റുകാർക്കായി ഒരു പ്രത്യേകമന്ദിരം പണിയിച്ചു. ഓരോ മഹാപാഠശാലയുടേയും പുരോഭാഗത്തു് ഓരോന്നുവീതം ആറു പ്രവേശനമാർഗ്ഗങ്ങളോടുകൂടിയ ഒരു വലിയ മതിൽക്കെട്ടും ഉണ്ടായിരുന്നു. മുൻഭാഗത്തെ മതിലിൽ പ്രധാനപ്രവേശനപഥത്തിനു വലതുവശത്തു നാളന്ദവിഹാരാധിപനായിരുന്ന നാഗാർജ്ജുനന്റേയും ഇടതുവശത്തു് വിക്രമശിലയിലെ അധീശന്റേയും ഛായകൾ എഴുതപ്പെട്ടിരുന്നു. വാതലിനു സമീപം മതിലിനു പുറത്തു് ഒരു ധർമ്മശാലയുണ്ടായിരുന്നു. ഇതു പ്രധാനവാതലടച്ച ശേഷം ചെന്നുകൂടുന്ന വിദേശീയരെ ഉദ്ദേശിച്ചുണ്ടാക്കപ്പെട്ടതാണ്. അതിനാൽ ടിബറ്റുകാർ വിക്രമശിലയെ ഒരു മാതൃകാവിഹാരമായി ഗണിച്ചതിൽ അത്ഭുതത്തിനു വകയില്ല.

ആറംഗങ്ങളുള്ള ഒരു സന്യാസിസംഘം ഇതിനെ ഭരിച്ചിരുന്നു. പ്രധാനപുരോഹിതനായിരുന്നു സംഘാദ്ധ്യക്ഷൻ. ആറു മാർഗ്ഗങ്ങളിലും ആറു ദ്വാരപണ്ഡിതന്മാരുണ്ടായിരുന്നു. പ്രവേശനത്തിനു വരുന്ന വിദ്യാർത്ഥികളെ നാളന്ദയിൽ എന്നപോലെ ഈ ദ്വാരപണ്ഡിതന്മാർ പരിശോധിച്ചിരുന്നു. ഇവർ ആറു മഹാപാഠശാലകളിലേയും അദ്ധ്യക്ഷന്മാരായിരുന്നിരിയ്ക്കാം. അവർ പ്രധാനസന്യാസിയുടെ വരുതിയിൽ യോജിക്കുമ്പോൾ രക്ഷാസംഘമായി; അല്ലാത്ത പക്ഷം ഭരണ സമിതിയായി. ലാമാ താരാനാഥന്റെ നായകത്വത്തിൽ ഈ സംഘക്കാർ നളന്ദയിലേയും വിക്രമശിലയിലേയും കാര്യങ്ങൾ ചുമതലയേറ്റു ഭരിച്ചുപോന്നിരിക്കാം. ഈ രണ്ടു കലാശാലകളും തമ്മിൽ സഹോദരസ്നേഹത്തോടെ കഴിഞ്ഞുപോരികയായിരുന്നു. അത്ര സൗഹൃദമായ സഹകരണം അന്യോന്യം ഉണ്ടായിരുന്നു. രണ്ടും ധർമ്മപാലന്റെ ആജ്ഞയിൻകീഴിലായിരുന്നു. അതിനാൽ പഴയ കലാശാലയിലെ കാര്യങ്ങൾ നോക്കി പുതിയതു നടത്തിക്കൊള്ളണമെന്നായിരുന്നിരിക്കാം രാജകല്പന. ചിലയവസരങ്ങളിൽ ദീപാംകരൻ; അഭയകരഗു

പ്തൻ ആദിയായവരെപ്പോലുള്ള അഭിജ്ഞന്മാർ രണ്ടിടത്തും സേവനം നടത്തിയതായി കാണാവുന്നതാണ്. വിക്രമശിലയിലെ പണ്ഡിതന്മാരാണു നളന്ദകലാശാലയും നടത്തിവരുന്നതെന്ന് തീൎത്തു പറയാൻ മതിയായ ലക്ഷ്യമില്ല. താരാനാഥൻെറ അഭിപ്രായപ്രകാരം കനകൻെറ ഭരണകാലത്തു തെക്കെവാതലിൽ പ്രജ്ഞാകരമതിയും കിഴക്കു രത്നാകരശാന്തിയും പടിഞ്ഞാറു വാഗീശ്വരകീൎത്തിയും വടക്കു നരോപാന്തനും നടക്കുള്ള മുൻവാതലിൽ രത്നവജ്റനും പിൻവാതലിൽ ജ്ഞാനശ്രീമിത്രനും അധികാരം വഹിച്ചിരുന്നതായി കാണുന്നു. കേന്ദ്രമഹാപാഠശാലയിൽ അദ്ധ്യാത്മവിദ്യോപദേഷ്ടാക്കളായിരുന്ന ഒടുവിലത്തെ രണ്ടു പണ്ഡിതന്മാരേയും കലാശാലയിലെ ഒന്നാമത്തെയും രണ്ടാമത്തെയും സ്തംഭങ്ങളായിട്ടാണ് ഗണിച്ചുപോന്നതു്. ശാസ്ത്രമന്ദിരം എന്ന പേരുള്ള മദ്ധ്യത്തെ വിശാലശാല പ്രജ്ഞാപരിമിതലേഖങ്ങളഭ്യസിപ്പിക്കുന്നതിനുപയോഗിച്ചിരുന്നു. ആറ് അംഗങ്ങളോടു കൂടിയ ഒരു സംഘമാണു ജേതാക്കൾക്കു പണ്ഡിതബിരുദാവകാശം നിൎണ്ണയിച്ചിരുന്നതു്. രാജ്യഭാരം ചെയ്യുന്ന രാജാവിൻെറ തൃക്കൈകൊണ്ടാണ് അതു ദാനം ചെയ്തിരുന്നതു്. വരേന്ദ്രത്തിലെ ആചാൎയ്യജേതാരി കാശ്മീരത്തിലെ രത്നവജ്റൻ മുതലായ താൎക്കികന്മാർ ഈ ബിരുദ നേടിയവരായിരുന്നു. ന്യായപാലൻെറ കാലത്തു ജീവിച്ചിരുന്ന യമാരി എന്ന സഹൃദയനും വിക്രമശിലയിലെ രാജകീയബിരുദ ആൎജ്ജിച്ചിട്ടുണ്ടു്. വിദ്യകൊണ്ടും ശീലംകൊണ്ടും വിശ്രുതി നേടുന്ന പണ്ഡിതന്മാരുടെ ഛായാരൂപം വിഹാരകുഡ്യങ്ങളിലെഴുതി അവരെ ആദരിക്കുന്ന പതിവും ഉണ്ടായിരുന്നു.

ക്ഷേത്രങ്ങളും വിദ്യാൎത്ഥിമന്ദിരങ്ങളും മാത്രം ഈ പുതിയ ശാലയെ വിജ്ഞാനകേന്ദ്രമാക്കാൻ പൎയ്യാപ്തമാകുന്നതല്ലെന്നും ഉദ്ദേശസാദ്ധ്യത്തിനു മററു ചിലതു കൂടി അപേക്ഷിതമാണെന്നും ഇതിൻെറ സ്ഥാപകനായ ധൎമ്മപാലൻ ഗ്രഹിച്ചു. അങ്ങനെ ആറു മഹാപാഠശാലകളിലും കൂടി നൂററെട്ടു മഹാപണ്ഡിതന്മാർ നിയമിതരായി. രാജാവു ഈ കലാശാലയ്ക്കു മൂലധനമായി ഒട്ടേറെ ധനം കല്പിച്ചുകൊടുത്തു. അതുകൊണ്ടു സത്രങ്ങളും മററും സ്ഥാപിച്ചു. ധൎമ്മാന്നശാലകളേൎപ്പെടുത്തി. അദ്ധ്യാപകന്മാൎക്കും വിദ്യാൎത്ഥികൾക്കും ധനവ്യയം കൂടാതെ ആഹാരത്തിനു സൌകൎയ്യം വരുത്തി. അവരുടെ മററാവശ്യങ്ങൾക്കും വേണ്ട പരിഹാരപദ്ധതികൾ തുറന്നു. താത്കാലികവാസങ്ങൾക്കും വേണ്ട സൌകൎയ്യമുണ്ടാക്കി.

വിക്രമശിലയിലെ വിശിഷ്ടവിദ്യാൎത്ഥികളിലൊരാളാണ് കാശ്മീരത്തിലെ രത്നവജ്റൻ. യുക്തിപ്രയോഗത്തിൻെറ വിശ്രുതകൎത്താവിദ്ദേഹമാണെല്ലൊ. ഇദ്ദേഹം തനിക്കു വിദ്യാസ്തന്യദാനം ചെയ്ത ആത്മമാതാവായ കലാശാലയിൽ ഒരു ദ്വാരപണ്ഡിതനായി. തൎക്കഭാഷ; കാൎയ്യകാരണ

ഭാവസിദ്ധി; പ്രമാണവിനിശ്ചയടീക എന്നിവ നിമ്മിച്ച ജ്ഞാനശ്രീമിത്രൻ ഈ വിദ്യാലയത്തിൽ അഭ്യസനം നടത്തി. ഇദ്ദേഹവും ദ്വാരപണ്ഡിതനായി. അതീശൻ ടിബററുരാജാവിൻെറ ആഗ്രഹാനുസാരം വിക്രമശിലയിൽ പ്രധാനസന്യാസപണ്ഡിതസ്ഥാനമൊഴിഞ്ഞു് അങ്ങോട്ടു പോയപ്പോൾ ഇദ്ദേഹമായിരുന്നു ആ അത്യുന്നതപദം പ്രാപിച്ചതു്. ദ്വാരപണ്ഡിതരിൽ ഒരാളും പ്രമാണവിനിശ്ചയം; കല്യാണകാണ്ഡം; അപോഹസിദ്ധി; ക്ഷണഭംഗസിദ്ധി മുതലായവയുടെ കത്താവും ആയ രത്നകീത്തിയും ആ കൂട്ടത്തിൽ ഒരാളായിരുന്നു. ദീപാംകരൻെറ ഗുരുഭ്രതനും ഹേതുതത്വോപദേശം; ധമ്മധമ്മിവിനിശ്ചയം; ബാലാവതാരതക്കം എന്നിവയുടെ സൃഷ്ടികാരനും ആയ ജേതാരിയും ഇവരിലൊന്നാണു്. ലങ്കാധിപൻെറ ക്ഷണമനുസരിച്ചു് അവിടെ പോയി ബുദ്ധോപദേശങ്ങൾക്കു പ്രചാരം വരുത്തിയയാളും ഛന്ദരത്നാകരം; വിജ്ഞപ്തിമാത്രസിദ്ധി; അന്തരവ്യാപ്തി ആദിയായവയുടെ കത്താവും ആയ രത്നാകരശാന്തിയും പ്രമാണവാത്തികാലംകാരടീകാകനും ന്യായപാലൻെറ സമകാലികനും ആയ ജമാരിയും മേല്പറയപ്പെട്ട മഹാന്മാരുടെ ശേഖരത്തിൽ ഉൾപ്പെടുന്നു.

നളന്ദയെപ്പോലെ വിക്രമശിലയും പണ്ഡിതാദ്ധ്യാപകന്മാർ മൂലമാണു് വിശ്രുതമായിരുന്നതു്. ആദികാലത്തു് ആചാര്യബുദ്ധജ്ഞാനപാദൻ ഈ വിദ്യാനിലയനവുമായി സംബന്ധിച്ചിരുന്നുവെന്നു് താരാനാഥൻ പറഞ്ഞിട്ടുണ്ടു്. ആ ആചാര്യൻ അദ്ദേഹത്തിൻെറ ഗുരുസിംഹഭദ്രൻെറ കാലശേഷം വിക്രമശിലയിലെ സ്ഥാനാഭിഷേകാചാര്യനായി ഭവിച്ചുവത്രെ. അനന്തരം അദ്ദേഹം കലാമന്ദിരത്തിൽ വജ്രാചാര്യനായി. അവിടുന്നു് ഒരു വലിയ തന്ത്രശാസ്ത്രജ്ഞനായിരുന്നു. ഈ വിഷയത്തിൽ പല ഗ്രന്ഥങ്ങൾ സംസ്കൃതഭാഷയിലെഴുതിയിട്ടുണ്ടു്. ഇവയിൽ ചിലതു് (ടിബററു ഭാഷയിൽ തർജ്ജിമ ചെയ്തിട്ടുള്ളതു്) ഇന്നും കാണപ്പെടുന്നു. മഹാചാര്യവിരോചനരക്ഷിതൻ ഇവിടത്തെ മറെറാരു മഹാപണ്ഡിതനായിരുന്നു. ഇദ്ദേഹം ടിബററിലെ പത്മസംഭവൻെറ ശേഷം വിക്രമശിലാകലാശാലയിൽ ചേന്നു് അനേകം ബൌദ്ധഗ്രന്ഥങ്ങൾ സംസ്കൃതത്തിലെഴുതി. പന്ത്രണ്ടിലധികം ഗ്രന്ഥങ്ങൾ ടിബററുഭാഷയിലേയ്ക്കു തർജ്ജമചെയ്തു. പത്താംനൂററാണ്ടിൻെറ പൂവ്വകാലത്തു ജീവിച്ചിരുന്ന ആചാര്യജേതാരി വിക്രമശിലയിലെ ഒരു വിദ്യാത്ഥിയായിരുന്നു. പിന്നീടു് അവിടെ ഒരു അദ്ധ്യാപകനായി. അദ്ദേഹത്തിൽനിന്നാണു വിക്രമശിലയിൽ വച്ചു രത്നാകരൻ സൂത്രം, തന്ത്രം എന്നിവയും ദീപാംകരൻ പഞ്ചശാസ്ത്രങ്ങളും പഠിച്ചതു്. ഇദ്ദേഹം തന്ത്രസൂത്രങ്ങളെ പുരസ്കരിച്ചു് ഒരുനൂറു ഗ്രന്ഥങ്ങളെഴുതിയിട്ടുണ്ടു്. ഇവയിൽ ഇരുപത്തൊന്നെണ്ണം ടിബററുഭാഷയിൽ ഇപ്പോൾ ഉണ്ടെന്നു പറയപ്പെട്ട

ന്നു. മഹാചാര്യരത്നാകരശാന്തി, സർവ്വാസ്തിവാദിയായി സ്ഥാനാഭിഷേകം
നിർവ്വഹിച്ചതു് ഉദന്തപുരി കലാശാലയിലാണു്. പിന്നീടദ്ദേഹം വിക്രമശി
ലയിൽ ചേൎന്നു. ഇദ്ദേഹം ടിബറററിൽ പോയിട്ടുണ്ടോ എന്നറിയുന്നില്ല.
എങ്കിലും ആ രാജ്യത്തെ ബൌദ്ധന്മാർ ഇദ്ദേഹത്തിന്റെ സംസ്കൃതഗ്രന്ഥ
ങ്ങളെ അവരുടെ ഭാഷയിലേയ്ക്കു തൎജ്ജമചെയ്തിട്ടുണ്ടു്. കനകന്റെ വാഴ്ച
ക്കാലത്തു വിക്രമശിലയിൽ മദ്ധ്യഭാഗത്തെ രണ്ടാംദ്വാരപണ്ഡിതനായിരു
ന്ന ഗണ്ഡദേശീയനായ മഹാപണ്ഡിതൻ ജ്ഞാനശ്രീമിത്രനെപ്പററി താരാ
നാഥൻ പ്രസ്താവിക്കുന്നുണ്ടു്. കാശ്മീരത്തിൽ സേവനം നടത്തിയ ജ്ഞാന
ശ്രീഭദ്രൻ ഇദ്ദേഹംതന്നെയെന്നാണു വിദ്യാഭൂഷണന്റെ അഭിപ്രായം.
ഈ മഹാൻ പല സംസ്കൃതഗ്രന്ഥങ്ങൾ നിൎമ്മിച്ചു. രണ്ടുമൂന്നെണ്ണം തൎക്ക
ശാസ്ത്രത്തെ പുരസ്കരിച്ചാണു്. ഭാരതത്തിന്റെ ഉൽകൃഷ്ടത ടിബററിൽ
പ്രകാശിപ്പിക്കുന്നതിനു അവിടത്തെ ഭാഷ പഠിച്ചു് അതിൽ ഒന്നുരണ്ടുഗ്ര
ന്ഥങ്ങൾ വിവൎത്തനം ചെയ്കയുണ്ടായി. കാശ്മീരത്തിലെ മഹാപണ്ഡിതര
ത്നവജ്രൻ എന്നൊരു ബ്രാഹ്മണൻ മുപ്പത്താറാമത്തെ വയസ്സുവരെ ബൌദ്ധ
സൂത്രങ്ങളും മന്ത്രങ്ങളും എന്നല്ല ശാസ്ത്രങ്ങളും അഭ്യസിച്ചശേഷം വജ്രാ
സനം എന്ന ബുദ്ധഗയയിൽ ചെന്നു് അല്പകാലത്തിനിടയിൽ ബുദ്ധമതം
സംബന്ധിച്ച സർവ്വശാസ്ത്രങ്ങളിലും പരിപൂൎണ്ണത നേടിയിട്ടു് വിക്രമശിലയിൽ
ചെന്നുചേൎന്നു. അവിടെ അഭ്യാസം നിറവേററി പണ്ഡിതബിരുദാലംകൃത
നായി. അനന്തരം കനകരാജാവു് ഈ ബ്രാഹ്മണനെ കേന്ദ്രസ്ഥദ്വാരപ
ണ്ഡിതസ്ഥാനത്തിൽ ആരോഹിപ്പിച്ചു. കുറെക്കഴിഞ്ഞു് അദ്ദേഹം കാശ്മീ
രത്തേയ്ക്കു പോയി അസംഖ്യം തീൎത്ഥകന്മാരെ വാദത്തിൽ തോല്പിച്ചു. കാ
ശ്മീരത്തുനിന്നു് അദ്ദേഹം ഉദ്യാനദേശത്തേയ്ക്കു പ്രയാണം ചെയ്തു. ഒടുവിൽ
അവിടെനിന്നു് ബുദ്ധമതപ്രചരണാൎത്ഥം ടിബററിലേയ്ക്കു പോയി. അദ്ദേ
ഹം ബുദ്ധമതവിഷയകമായ പതിന്നാലു സംസ്കൃതഗ്രന്ഥങ്ങളുടെ കൎത്താ
വാണു്. ഈ ഗ്രന്ഥസാരങ്ങളും തർജ്ജമമാൎഗ്ഗേണ ടിബററിലാണു് ചെ
ന്നെത്തിയതു്. ആ സ്ഥലത്തായിരിക്കുമ്പോൾ അവിടത്തെ ഭാഷ പഠിച്ചു്
അതിലേയ്ക്കു പല കൃതികളും തർജ്ജമ ചെയ്തു. അവയിൽ നാലെണ്ണം തി
രിയെ നമുക്കു കിട്ടിയിട്ടുണ്ടു്. മഹാപണ്ഡിതവാഗീശ്വരകീൎത്തി കാശിദേ
ശീയനും തന്ത്രവിഷയകമായ ഒരു സംസ്കൃതഗ്രന്ഥത്തിന്റെ കൎത്താവുമാ
ണു്. ഇപ്പോൾ ആ ഗ്രന്ഥം ടിബററുഭാഷാതൎജ്ജിമയിൽ മാത്രമെ ശേഷിക്കു
ന്നുള്ളു. അദ്ദേഹത്തെ വിക്രമശിലയിൽ പശ്ചിമദ്വാരപണ്ഡിതനായി ക
നകരാജാവു നിയമിച്ചു. ദീപാംകരശ്രീജ്ഞാനൻ അഥവാ അതീശൻ ഗൌ
തമബുദ്ധൻ എന്നപോലെ ഗണ്ഡരാജവംശത്തിലാണു ജനിച്ചതു്. ഈ
രാജ്യം ബുദ്ധഗയയ്ക്കു കിഴക്കാകുന്നു. ഇദ്ദേഹവും ബുദ്ധനെപ്പോലെ ലോക
സുഖങ്ങളിൽ വിരക്തനായി കൃഷ്ണഗിര്യാശ്രമത്തിൽ പ്രവേശിച്ചു് രഹുലഗു

പ്തന്റെ ശിഷ്യനായി. പത്തൊൻപതാംവയസ്സിൽ ഇദ്ദേഹം ഉദന്തപുരി സർവ്വകലാശാലയിലെ മഹാസാംഘികാചാര്യനായ ശീലരക്ഷിതനിൽനിന്നു സന്ന്യാസം സ്വീകരിച്ചു. മുപ്പത്തൊന്നാംവയസ്സിൽ ഭിക്ഷുപ്രധാനനായി. ഈ പദത്തിൽ അഭിഷേകകർമ്മം നടത്തിയതു് ആചാര്യധർമ്മരക്ഷിതനാണ്. പൌരസ്ത്യപ്രദേശത്തെ ബുദ്ധമതകേന്ദ്രസ്ഥാനമായ സുവർണ്ണദ്വീപത്തിലെ പ്രധാനാചാര്യൻ ചന്ദ്രകീർത്തിയിൽനിന്നു് ബുദ്ധമതത്തിന്റെ സർവ്വമർമ്മങ്ങളും വശമാക്കി. അവിടെ ഒരു പന്തീരാണ്ടു പാർത്തശേഷം സിലോൺ വഴി ഭാരതത്തിലേയ്ക്കു തിരിച്ചുപോന്നു. ന്യായപാലരാജാവു് ഇദ്ദേഹത്തിന്റെ വൈദഗ്ദ്ധ്യവും വൈദുഷ്യവും കണ്ടു് ആകർഷിതനായിട്ടു് വിക്രമശിലയിലെ ആചാര്യാദ്ധ്യക്ഷനായി അംഗീകരിച്ചു. ടിബററിലെ ചാൻചബ് എന്ന ബൌദ്ധരാജാവിന്റെ ആവശ്യപ്രകാരം മനസ്സില്ലാമനസ്സോടെ ബുദ്ധമതപരിഷ്കരണാർത്ഥം ടിബററിലേയ്ക്കു പോയി. മുന്നൂറു അശ്വഭടന്മാരുടെ അകമ്പടിയോടുകൂടി ഈ സന്ന്യാസിയെ രാജസന്നിധിയിലേക്കു നയിച്ചു്, ആഡംബരപുരസ്സരം എതിരേററു് "ജോവോജി" എന്ന സ്ഥലം നൽകി. അവിടത്തെ ലാമാസ്ഥാനത്തിന്റെ സാക്ഷാൽ സ്ഥാപകൻ ഇദ്ദേഹമാണ്. ടിബററിലെ ബുദ്ധമതഗ്രന്ഥകാരപ്രമുഖനും ഇദ്ദേഹം തന്നെ. ആദിമവും ഭാഷാന്തരവുമായി ഇരുനൂറോളം ഗ്രന്ഥങ്ങൾ ഇദ്ദേഹം എഴുതിയിട്ടുണ്ടു്. ഇവയിൽ എൺപത്തിമൂന്നെണ്ണം സംസ്കൃതഭാഷയിലുള്ള താന്ത്രികഗ്രന്ഥങ്ങളാകുന്നു. ടിബററിൽ ബൌദ്ധസാഹിത്യത്തെ അഭിവൃദ്ധിപ്പെടുത്തിയ വീര്യസിംഹൻ വിക്രമശിലയുമായി സംബന്ധപ്പെട്ടയാളാകുന്നു. വിക്രമശിലാവിഹാരത്തിൽ വച്ചെഴുതിതീർത്ത രണ്ടു ടിബററുഭാഷാന്തരീകരണഗ്രന്ഥങ്ങൾക്കായി അതീശനെ സഹായിച്ചതു് ഇദ്ദേഹമാണ്. ഗണ്ഡദേശത്തെ അഭയകരഗുപ്തൻ രാമപാലന്റെ വാഴ്ച്ചക്കാലത്തു വിക്രമശിലയിലെ പ്രസിദ്ധനായ ഒരദ്ധ്യാപകനായിരുന്നു. പഞ്ചശാസ്ത്രവിശാരദനായ അദ്ദേഹം വിക്രമശിലയിലായിരിക്കുമ്പോൾ ദിവസേന ആദ്യത്തെ രണ്ടു യാമങ്ങളിൽ ശാസ്ത്രങ്ങൾ നിർമ്മിക്കയും മൂന്നാംയാമത്തിൽ ധർമ്മസിദ്ധാന്തങ്ങളുപദേശിക്കയുംചെയ്തുപോന്നു. അദ്ദേഹത്തിന്റെ കാലത്തു കലാശാലയിൽ മുന്നൂറു സന്ന്യാസികളുണ്ടായിരുന്നു. അന്നു് പൂർവ്വപ്രദേശാധിപനായ ശുഭശ്രീയുടെ രക്ഷയിലായിരുന്നു കലാശാല നടന്നതു്. അക്കാലത്തു് തുരുഷ്കന്മാരുടെ ഒരാക്രമണം ഇവിടെ ഉണ്ടായെന്നും ആ ശത്രുക്കളെ നിഷ്പ്രയാസേന പിൻതിരിപ്പിക്കാൻ അദ്ദേഹത്തിനു സാധിച്ചുവെന്നും ബംഗാളത്തെ റായൽ ഏഷ്യാററിക് സംഘം വക പത്രഗ്രന്ഥത്തിൽ (1882-ാംവർഷം) എസ്. സി. ദാസ് എഴുതിയിരിക്കുന്നു. അദ്ദേഹം ഒരു തന്ത്രശാസ്ത്രവിദഗ്ദ്ധനായിരുന്നു. സൂത്രശാഖയിൽ രണ്ടുഗ്രന്ഥങ്ങളെഴുതിയിട്ടുണ്ടു്. 27 ഗ്രന്ഥങ്ങൾ സംസ്കൃതത്തിലും 7 തർജ്ജമ ടിബററുഭാഷയിലും ഇദ്ദേഹത്തിന്റെ വകയായുണ്ടു്. ഒറീസ്സായിലെ ഒരു കായ

സ്ഥകുടുംബത്തിൽ ഉത്ഭവിച്ച മഹാപണ്ഡിതതഥാഗതരക്ഷിതനെ വിക്രമശിലയിലെ ഒരു തന്ത്രാചാര്യനായി താരാനാഥൻ പറഞ്ഞിരിക്കുന്നു. അദ്ദേഹം സംസ്കൃതത്തിൽ ഒൻപതു ഗ്രന്ഥങ്ങളെഴുതിയിട്ടുണ്ട്. ഏറിയക്രൂറും തന്ത്രവിഷയമാണ്. അതിൽ ഏഴെണ്ണം അദ്ദേഹംതന്നെ ടിബററുഭാഷയിലേയ്ക്കു തർജ്ജിമചെയ്തു. അന്യഗ്രന്ഥങ്ങളിൽ നാലെണ്ണം ടിബററിലെ ഭാഷയിലേയ്ക്കു വിവർത്തനം ചെയ്തിട്ടുണ്ട്. മഹാപണ്ഡിതരത്നകീർത്തിയും വിക്രമശിലയോടുബന്ധപ്പെട്ടയാളാണ്. മൂന്നു ബുദ്ധമതഗ്രന്ഥങ്ങൾ ഇദ്ദേഹം സംസ്കൃതഭാഷയിലെഴുതി. ടിബററിലെ ഒരു മഹാപണ്ഡിതനും സംസ്കൃതഭാഷാഭിജ്ഞനുമായ മഞ്ജുശ്രീ മൂന്നു സംസ്കൃതഗ്രന്ഥങ്ങൾ തർജ്ജിമ ചെയ്തു. ഇതു വിക്രമശിലയിൽ വച്ചായിരുന്നു. 'കാലചക്രാവതാരനാമ' എന്നഗ്രന്ഥത്തിന്റെ ഭാഷാന്തരീകരണത്തിൽ അഭയകരഗുപ്തന്റെ സഹായം ലഭിച്ച ധർമ്മകീർത്തിക്കു വിക്രമശിലയുമായി ബന്ധമുണ്ട്. അദ്ദേഹം ആചാര്യപത്മസംഭവന്റെ സമയപഞ്ചഗ്രന്ഥം സംസ്കൃതത്തിൽ നിന്നു തർജ്ജിമചെയ്തതു് വിക്രമശിലയിൽവച്ചാണ്. ആ മഹാൻ ഖാംസ്പാദേശീയനാണത്രെ. ടിബററിൽ കിഴക്കൻ ഭാഗമായിരിക്കണമിതെന്ന് എസ്. സി. ദാസ് പറയുന്നു. അദ്ദേഹം പതിനാറോളം സംസ്കൃതഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുണ്ടത്രെ. മഹാപണ്ഡിതശാക്യശ്രീഭദ്രൻ കാശ്മീരദേശീയനും വശ്രുതതാർക്കികനും ആയിരുന്നു. അദ്ദേഹം വിക്രമശിലയിലായിരിക്കുമ്പോൾ ഭക്ത്യാർകിൽജി എന്ന തുരുഷ്കരാജാവു വിക്രമശിലയിലേയും ഉദന്തപുരിയിലേയും വിഹാരങ്ങളെ ആക്രമിച്ചു നശിപ്പിച്ചു. അദ്ദേഹമാകട്ടെ ജഗദ്ദലകലാശാലയിൽ അഭയം പ്രാപിച്ചു. അവിടന്നു ടിബററിലേയ്ക്കുപോയി. അദ്ദേഹം സംസ്കൃതത്തിൽ ഏഴും ടിബററുഭാഷയിൽ തർജ്ജിമയായി രണ്ടും ഗ്രന്ഥങ്ങളെഴുതിയിട്ടുണ്ട്. ടിബററിലെ പ്രമാണങ്ങളെ അടിസ്ഥാനമാക്കി എസ്. സി. ദാസ് മററു രണ്ടു പ്രസിദ്ധാദ്ധ്യാപകന്മാരെക്കുറിച്ചുപറയുന്നു. അവരിൽ ഒന്നു വിദ്യാകോകിലൻ ആകുന്നു. ഇദ്ദേഹം ആചാര്യചന്ദ്രകീർത്തിയുടെ ശിഷ്യപരമ്പരയിൽപെട്ടയാളും അതീശന്റെ ഒരു ഗുരുവുമാണ്. മറെറാന്നു സരോപാന്ത പണ്ഡിതനത്രെ. സംസ്കൃതഭാഷാഭിജ്ഞരായ ബൌദ്ധരിൽ ഇദ്ദേഹം അദ്വിതീയനും അതീശന്റെ വേറൊരു ഗുരുവും ആയിരുന്നു. ഈ പണ്ഡിതൻ കനകന്റെ വാഴ്ചക്കാലത്തു വിക്രമശിലയിൽ, ഉത്തരദ്വാന്തസ്ഥനായ പണ്ഡിതനായിരുന്നതായി താരാനാഥൻ എഴുതിയിട്ടുണ്ട്. അതീശനെ ടിബററിലേയ്ക്കാനയിക്കാൻ ചാൻചബ്‌രാജസന്ദേശവാഹകനായി നാഗച്ചോ വിക്രമശിലയിലെത്തിതാമസിക്കുമ്പോൾ സരോപാന്തൻ ആ സ്ഥലം സന്ദർശിച്ചു. ബുദ്ധമതസാചിവ്യം അതീശനിൽ അർപ്പിച്ചശേഷം അദ്ദേഹം ദക്ഷിണദിക്കിലേയ്ക്കു പോയി. അവിടെവച്ച് ദേഹവിയോഗം ചെയ്തു. അദ്ദേഹത്തിന്റെ അസ്ഥിക്കൂടങ്ങൾ ടിബററിലേയ്ക്കു

കൊണ്ടുപോയി. അവ ഇന്നും 'നെതാൻ' എന്ന സ്ഥലത്തെ 'ഷോർ' എന്ന വിശുദ്ധസ്തൂപത്തിൽ സൂക്ഷിച്ചിരിക്കുന്നുപോൽ. വിക്രമശിലാകലാശാലയിലെ ഒരദ്ധ്യക്ഷനും ഒരു തുരുഷ്കസൈന്യാക്രമണത്തിൽനിന്നു കലാശാലയെ രക്ഷിച്ചയാളുമായ ആചാര്യകമലരക്ഷിതനെക്കുറിച്ചു താരാനാഥൻ എഴുതിയിരിക്കുന്നു. ഡാക്ടർ-എസ്. സി. വിദ്യാഭൂഷണൻെറ അഭിപ്രായപ്രകാരം കമലകുലശൻദാനരക്ഷിതൻ, ശുഭാകരഗുപ്തൻ, സുനായകശ്രീ എന്നിവരും വിക്രമശിലാകലാശാലയോടു ബന്ധമുള്ളവരായിരുന്നുവെന്നു തന്നെ കരുതണം.

ബുദ്ധമതപരിഷ്കാരത്തിനായി പലയവസരങ്ങളിൽ ഭാരതീയ ബൌദ്ധപണ്ഡിതന്മാരെ ടിബററിലേക്കു കൊണ്ടുപോയിട്ടുണ്ട്. പ്രബലന്മാരായ പല രാജാക്കന്മാരും ഈ ആവശ്യം പ്രമാണിച്ചു വിക്രമശിലയിലും കലാശാലകളിലും എഴുന്നള്ളുകയും ആഡംബരസഹിതം പാക്കുകയും ചെയ്തിട്ടുണ്ട്. അതെല്ലാം ഇവിടെ വിസ്തരിക്കുന്നില്ല.

മിൻഹാസ് എന്ന മുഹമ്മദീയ ചരിത്രകാരൻെറ അഭിപ്രായപ്രകാരം ഭക്ത്യാർകിൽജി മഗധരാജ്യത്തെ ആക്രമിച്ചയവസരത്തിൽ വിക്രമശില ഉൾപ്പെടെയുള്ള എല്ലാ ബൌദ്ധവിഹാരങ്ങളേയും നാമാവശേഷമാക്കാൻ ഒരുങ്ങിയിട്ടുണ്ട്. താരാനാഥനും ഈ കഥ വിവരിച്ചിരിക്കുന്നു. മഗധരാജാവു വിക്രമശിലയെ ഒരു കോട്ടകൊണ്ടു ബലപ്പെടുത്തി അതിൻെറ രക്ഷയ്ക്കു് ഒരു സൈന്യത്തെ അവിടെ പാർപ്പിച്ചിരുന്നുവെന്നും അതു് ആക്രാമകൻെറ ദൃഷ്ടിയെ അങ്ങോട്ടു തിരിക്കാൻ ഇടയാക്കിയെന്നുമാണു താരാനാഥൻ പറയുന്നതു്. വിഹാരങ്ങൾ അന്തഃഛിദ്രങ്ങളാൽ ദുഷിച്ചു ദുർബലങ്ങളായി ഭവിച്ചതിനാൽ ശത്രുക്കൾക്കു പ്രയാസം കൂടാതെ ഉള്ളിൽ പ്രവേശിച്ച് എതിരാളികളെ സംഹരിക്കാൻ സാധിച്ചുവെന്ന് ഡാക്ടർ. പി. സി. റോയി അദ്ദേഹത്തിൻെറ "ഭാരതീയരസതന്ത്രവിജ്ഞാനീയ ചരിത്ര"ത്തിൽ സൂചിപ്പിച്ചിരിക്കുന്നു.

# സുവിശേഷം.

(ജി. രാമൻമേനോൻ, എം. എ., ബി. എൽ.)

1110-11 ൽ നാട്ടുഭാഷയിലെ എട്ടുകെട്ടുപരീക്ഷയ്ക്കു പഠിക്കേണ്ടതായ പല മലയാളഭാഷാപുസ്തകങ്ങളിൽ ഒന്നാണു വിശുദ്ധമത്തായിയുടെ സുവിശേഷം എന്ന പദ്യകൃതി. ഇംഗ്ലീഷിൽ മാത്ത്യൂ എന്ന പേരാണു മലയാളത്തിൽ 'മത്തായി' എന്നായിരിക്കുന്നതു്. പരിഭാഷകനായ മി: എൻ.

ബാപ്പുറാവു ബി. എ., ബി. എൽ. ഒരു ഹിന്ദുവാണെന്ന തോന്നുന്നു. അദ്ദേഹം ഒരു ക്രിസ്തുമതഗ്രന്ഥത്തെ ഇത്ര ശ്രദ്ധയോടുകൂടി മലയാളത്തിലേക്ക പരിഭാഷപ്പെടുത്തിയതു് അദ്ദേഹത്തിന്റെ ഹൃദയവിശാലതയ്ക്കു് ഒരു ലക്ഷ്യമായിക്കരുതാം.

ആദ്യത്തെ 16-വരി മി: ബാപ്പുറാവുവിന്റെ സ്വന്തമായ ഈശ്വരവന്ദനവും പ്രസ്താവനയുമാണു്. വിശുദ്ധമത്തായിയുടെ സുവിശേഷത്തിന്റെ 14-അദ്ധ്യായങ്ങളുടെ ഒരു സ്വതന്ത്രതർജ്ജിമയാണു്, ശിഷ്ടമുള്ള ഭാഗം. യേശുഭഗവാന്റെ ഭൂലോകജീവിതത്തിലെ കഥ മുഴുവൻ പാഠപുസ്തകത്തിലില്ല. എങ്കിലും അതുകൂടെ അദ്ധ്യാപകന്മാർ ചുരുക്കമായി വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതു് ആവശ്യകമാണു്.

ഒന്നാം അദ്ധ്യായത്തിൽ യേശുക്രിസ്തുവിന്റെ വളർത്തച്ഛനായ ജോസഫിന്റെ പാരമ്പര്യവും യേശുവിന്റെ അത്ഭുതജനനവും വിവരിച്ചിരിക്കുന്നു. യേശുക്രിസ്തു ആദ്യന്തരഹിതനായ പരമാത്മാവിന്റെ പ്രത്യേകാവതാരമാണെന്നും, ആ ഭഗവാന്റെ മാനുഷികദേഹംപോലും മററു മനുഷ്യരുടേതുപോലെ, മറെറാരുപുരുഷനാൽ ഉല്പാദിപ്പിക്കപ്പെട്ടതല്ലെന്നുമാണു ക്രിസ്തുമതവിശ്വാസം. സാധാരണമായ മനുഷ്യനിയമപ്രകാരം യേശുവിന്റെ പിതാവു ജോസഫ് ആണെന്നുപറയാം. 7-ാംക്ലാസിലെ വിദ്യാർത്ഥികളോടു് ഇതൊക്കെ സൂക്ഷ്മമായി വിചിന്തനംചെയ്തു വിവരിക്കരുതു്. അദ്ധ്യാപകന്മാരുടെ സഹായത്തിനായി, ഈ കാര്യംസംബന്ധിച്ചു സ്വല്പം പറഞ്ഞതാണു്. യേശുവിന്റെ ജനനം ഈശ്വരന്റെ സ്വയം ജനനമായിരുന്നുവെന്നാണു ക്രിസ്തുമതവിശ്വാസമെന്നും അതിനെയാണു പാഠപുസ്തകത്തിൽ വിവരിച്ചിരിക്കുന്നതെന്നും കുട്ടികളെ മനസ്സിലാക്കിയാൽമതി. യേശുക്രിസ്തുവിനെ ഈശ്വരപുത്രനെന്നും ക്രിസ്തുമതപ്രകാരം പറയുന്നുണ്ടെങ്കിലും, രണ്ടുപേരും ഒരേ പരമാത്മാവാണെന്നും ആ മതം പ്രസ്താവിക്കുന്നുണ്ടെന്നുതോന്നുന്നു.

2-ാംഅദ്ധ്യായത്തിന്റെ ചുരുക്കം താഴെചേർക്കുന്നു:—

യേശുക്രിസ്തു ജൂഡിയാ(യഹൂദ) രാജ്യത്തിൽ ബേത്‌ലഹേം നഗരത്തിൽ ജനിച്ചു. അന്നു് ആ രാജ്യത്തിലേ രാജാവു്, ഹെരോദ് എന്നയാളായിരുന്നു. ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചു്, ചില പൌരസ്ത്യജ്ഞാനികൾ, ഒരു പുതിയനക്ഷത്രത്തിന്റെ ഉദയംനിമിത്തം അറിഞ്ഞു. അവർ ആ ദിവ്യശിശുവിനെ കണ്ടുവന്ദിക്കാനായി സ്വന്തം ദേശങ്ങളിൽനിന്നു യാത്രതിരിച്ചു യറുസലം നഗരത്തിൽ എത്തി. യഹൂദരാജാവായി പിറന്നശിശു എവിടെയാണെന്നു് അവർ പലരോടും ചോദിച്ചു. ഈ വി

വരം രാജാവായ ഹെരോദ് അറിഞ്ഞു. താൻ ഭരിക്കുന്ന രാജ്യത്തിനു രാജാവാകാൻ വേറൊരാൾ ജനിച്ചിട്ടുണ്ടെന്നുകേട്ട് അദ്ദേഹവും അദ്ദേഹത്തോടൊത്തു യെറുസലവാസികളും പരിഭ്രമിച്ചു. ഏതു സ്ഥലത്തായിരിക്കും ക്രിസ്തു ജനിച്ചിരിക്കുന്നതെന്നും മററും രാജാവു വേദപണ്ഡിതന്മാരോടു ചോദിച്ചറിഞ്ഞു. പിന്നെ രാജാവു പൌരസ്ത്യജ്ഞാനികളെ ഗൂഢമായി ആളയച്ചുവരുത്തി ഏതുസമയത്താണ് പുതിയ നക്ഷത്രം പ്രത്യക്ഷപ്പെട്ടതെന്നു ചോദിച്ചു മനസ്സിലാക്കി. ബെത്ലഹെമിൽ അവർ ചെന്ന് അന്വേഷിക്കണമെന്നും ശിശുവിനെകണ്ടാൽ, തന്നെക്കൂടെ അറിയിക്കണമെന്നും തനിക്കും ശിശുവിനെകണ്ടു വന്ദിക്കണമെന്നും രാജാവ് അവരോടു പറഞ്ഞു. ജ്ഞാനികൾ അവിടെനിന്നും പുറപ്പെട്ടു. നക്ഷത്രം വീണ്ടും പ്രത്യക്ഷമായി അവക്കു വഴികാണിച്ചു. ശിശുവായ യേശു വസിച്ചിരുന്ന സ്ഥലത്തിനുമീതെ നക്ഷത്രംനിന്നു. ജ്ഞാനികൾ ആ വീട്ടിനകത്തുചെന്നു ശിശുവിനേയും അമ്മയേയും കണ്ടു. അവർ യേശുനാഥനെ വന്ദിച്ചു കാഴ്ചദ്രവ്യങ്ങൾ സമപ്പിച്ചശേഷം തിരിയെപോയി. അവർ ഹെരോദിൻെറ അടുക്കൽ വീണ്ടും ചെല്ലരുതെന്നു സ്വപ്നത്തിൽ ഈശ്വരകല്പനയുണ്ടാകയാൽ, അവർ ഹെരോദിൻെറ അടുക്കൽപോകാതെ വേറെ വഴിയായിട്ടാണു സ്വദേശത്തേക്കുമടങ്ങിയതു്.

പൌരസ്ത്യജ്ഞാനികൾ തിരിയെ പോയതിനുശേഷം, മറിയയുടെ ഭത്താവായ ജോസഫിനു സ്വപ്നത്തിൽ ദൈവദൂതൻ പ്രത്യക്ഷപ്പെട്ടുകയും, ശിശുവിനേയും മാതാവിനേയുംകൊണ്ടു് ഈജിപ്റ്റിലേക്കു പോകാനും, വീണ്ടും താൻ പറയുന്നതുവരെ അവിടെ താമസിക്കാനും ഉപദേശിക്കയും ചെയ്തു. ജോസഫ് അതനുസരിച്ച് കുടുംബസമേതം ഈജിപ്റ്റിലേക്കുപുറപ്പെട്ടു. ഹെരോദിൻെറ മരണംവരെ ജോസഫും കുടുംബവും ഈജിപ്റ്റിൽ താമസിച്ചു.

ശിശുവായ ക്രിസ്തുവിനെ തേടിപ്പോയ പൌരസ്ത്യജ്ഞാനികൾ വളരെനാൾകഴിഞ്ഞിട്ടും തിരിയെ തൻെറ അടുക്കൽ എത്താത്തതിനാൽ രാജാവായ ഹെരോദ്, സ്വഭൃത്യന്മാരെ അയച്ചു ബെത്ലഹേമിലും സമീപപ്രദേശങ്ങളിലും ഉണ്ടായിരുന്ന രണ്ടുവയസ്സും അതിൽ താഴെയും പ്രായമുള്ള എല്ലാകുട്ടികളേയും വധിപ്പിച്ചു. ക്രിസ്തുവും ആ കൂട്ടത്തിൽ വധിക്കപ്പെട്ടുവെന്നും അങ്ങനെ രാജ്യാധികാരം തന്നിലും തൻെറ കുടുംബത്തിലും തന്നെ നിലനില്ക്കുമെന്നും വ്യാമോഹിച്ചാണു രാജാവു ഇങ്ങനെ ചെയ്തതു്.

ഹെരോദ് മരിച്ചശേഷം ദൈവദൂതൻ ഈജിപ്റ്റിൽ ജോസഫിനു പ്രത്യക്ഷപ്പെട്ടു്, ഇസ്രായിൽ രാജ്യത്തിലേക്കു തിരിയെപ്പോകുന്നതിന് ഉപദേശിച്ചു. ജോസഫും കുടുംബവും അതനുസരിച്ച് ഇസ്രായിൽ രാജ്യ

ത്തിൽ മടങ്ങിയെത്തി. എന്നാൽ ജൂഡിയായിൽ, ഹെരോദിൻെറ പുത്രൻ രാജാവായിരിക്കുന്നുവെന്നു കേട്ടപ്പോൾ ജോസഫിന്ന് അങ്ങോട്ടുപോകാൻ ഭയമുണ്ടായി. ഗാലിലീഭാഗത്തുചെന്നു താമസിക്കാൻ ജോസഫിനു സ്വപ്നത്തിൽ ഈശ്വരാജ്ഞ ലഭിച്ചതനുസരിച്ചു ജോസഫും കുടുംബവും അപ്രകാരം ചെയ്തു. നാസറത്തെന്ന നഗരത്തിലാണ് അവർ ചെന്നു താമസിച്ചതു്. അതിനാൽ ക്രിസ്തുവിന്ന് നസ്രാണി എന്ന ഒരു പേരുമുണ്ടാകുമെന്നുള്ള പ്രവചനം നിർവഹിക്കപ്പെട്ടു.

## 3-ാം അദ്ധ്യായം.

ആ കാലത്തു്, ജൂഡിയായിലെ കാട്ടുപ്രദേശങ്ങളിൽ യോഹന്നാൻ എന്ന വിശുദ്ധൻ ജനങ്ങൾ അവരുടെ പാപങ്ങളെപ്പററി പശ്ചാത്താപിക്കാനായി ഉപദേശിക്കുന്ന അദ്ധ്യാത്മപ്രസംഗങ്ങൾ നടത്തിവന്നു. ജെറുസലേമിലും ജൂഡിയായിലും ജോർഡൻനദിക്കു സമീപവും ഉള്ള ജനങ്ങൾ അദ്ദേഹത്തിൻെറ ഉപദേശങ്ങൾ കേൾക്കാനായി ചുററിനും കൂടുകയും, അവർ പാപങ്ങൾ ഏററുപറഞ്ഞു്, ജോർഡൻനദിയിൽ അദ്ദേഹത്താൽ ജ്ഞാനസ്നാനം നൾകപ്പെടുകയും ചെയ്തു. ഈ കൂട്ടത്തിൽ, യഹൂദരിൽ പ്രമാണികളായ പരീശരിലും സഡൂസികളിലും പലരും കൂടെ ചെന്നിരുന്നു. കപടഭക്തികൊണ്ടു ഫലമില്ലെന്നും, പ്രവൃത്തികൊണ്ടു പശ്ചാത്താപം കാണിക്കണമെന്നും ഇവരെ യോഹന്നാൻ ഉപദേശിച്ചു. ഒരു ദിവസം യേശുവും ഗാലിലീയിൽനിന്ന്, ജോർഡൻതീരത്തു യോഹന്നാൻെറ അടുക്കൽ ജ്ഞാനസ്നാനത്തിന്നായി എത്തി. യോഹന്നാനു യേശു ഈശ്വരപുത്രനാണെന്നു മനസ്സിലാകയും തനിക്കു യേശുവിൽനിന്നു ജ്ഞാനസ്നാനം ലഭിക്കാനാണ് ആവശ്യമുള്ളതെന്നും താൻ ആ മഹാത്മാവിനു ജ്ഞാനസ്നാനം നൾകുന്നതു യുക്തമല്ലെന്നും പറകയും ചെയ്തു. എന്നാൽ തല്ക്കാലം ഇങ്ങനെ ചെയ്യുന്നതു സദാചാരനിർവഹണത്തിനു യുക്തമാണെന്നു യേശു പറഞ്ഞതനുസരിച്ചു യോഹന്നാൻ അതിനു സമ്മതിച്ചു. യേശു ജ്ഞാനസ്നാനം സ്വീകരിച്ചു വെള്ളത്തിൽനിന്നു പൊങ്ങിയപ്പോൾ അദ്ദേഹത്തിൻെറ നേരെ മുകളിലായി ആകാശം തുറന്നിരിക്കുന്നതായും ഈശ്വരചൈതന്യം ഒരു പ്രാവിനെപ്പോലെ ഇറങ്ങിവന്നു യേശുവിൽ വിശ്രമിക്കുന്നതായും കാണപ്പെട്ടു. ആകാശത്തിൽനിന്ന് ഇപ്രകാരം ഒരു ശബ്ദവും ഉണ്ടായി:—"ഇതു് എൻെറ പ്രിയപുത്രനാകുന്നു. ഇവനിൽ ഞാൻ വേണ്ടുവോളം തൃപ്തനായിരിക്കുന്നു."

(തുടരും)

# യഥാൎത്ഥമായ സമ്പത്തും സൌഖ്യവും

[ എൻ. പി. മാരാർ ]

ഐശ്വൎയ്യസമ്പൂൎണ്ണമായ ഈ ലോകത്തിൽ, വിശേഷബുദ്ധിയുണ്ടെന്നഭിമാനിക്കുന്ന മനുഷ്യർ നിത്യദാരിദ്ര്യത്തിൽ നിപതിച്ചു കഷ്ടപ്പെട്ടുവാനിടയാകുന്നതു മഹാകഷ്ടമാണ്. എന്തുകൊണ്ടെന്നാൽ, ക്ലേശശോകാദികളിൽ നിമഗ്നനായി, ആരുംതന്നെ, നിരാശാവശംവദനാകേണ്ട ആവശ്യമില്ല. മനുഷ്യൻ കേവലം ശരീരിമാത്രമല്ല; ആത്മാവോടുകൂടിയ ജീവിയാണ്. ആത്മീയദാരിദ്ര്യം ശാരീരികദാരിദ്ര്യത്തേക്കാൾ ഗൌരവതരമായി പരിഗണിക്കപ്പെടേണ്ടതാകുന്നു. ആത്മീയസമ്പത്തു ഭൌതികധനത്തേക്കാൾ വിലയേറിയതാണ്. മനസ്സിലും ഹൃദയത്തിലും ശേഖരിക്കപ്പെട്ടിരിക്കുന്ന ധനമാണു പെട്ടിയിലും ബാങ്കിലും നിക്ഷേപിക്കപ്പെട്ടിരിക്കുന്നതിനേക്കാൾ വിലയേറിയതു്. ഹൃദയസമ്പന്നന്മാർ ഈശ്വരസന്നിധിയിലും സജ്ജനദൃഷ്ടിയിലും ഭൌതികധനവാന്മാരേക്കാൾ ബഹുമാന്യന്മാരാകുന്നു.

യഥാൎത്ഥമായ ദാരിദ്ര്യം കേവലം ബാഹ്യമാകുന്നു; ആഭ്യന്തരമല്ല. എങ്കിലും നമ്മുടെ ഭൌതികമായ അഭിവൃദ്ധിക്കുവേണ്ടി അനവരതം യത്നിക്കേണ്ടതു് അത്യന്താപേക്ഷിതമായ കൎത്തവ്യമാണ്. എന്തെല്ലാം കഷ്ടനഷ്ടങ്ങൾ നേരിട്ടാലും, ഹൃദയസമ്പന്നരായി, ആനന്ദതുന്ദിലരായി, പരോപകാരികളായി ജീവിക്കുവാൻ, ദൈവമെങ്കിൽ, നമുക്കെല്ലാവൎക്കും സാധിക്കുമെന്നു നാം ദൃഢമായി വിശ്വസിക്കേണ്ടിയിരിക്കുന്നു. "അനവധി ധനം സമ്പാദിച്ച സമ്പന്നരെങ്കിലും, മഹാദരിദ്രന്മാരായ അനേകം പേരുണ്ടു്. ശുദ്ധ പാപ്പരാണെങ്കിലും, സുഖസമ്പന്നന്മാരായി ജീവിക്കുന്നവരും വളരെയുണ്ടു്" എന്നു ബുദ്ധിമാനായ സാളമൻ പറഞ്ഞിരിക്കുന്നതു പരമാൎത്ഥമാണ്.

മനുഷ്യൻ എന്റേതെന്നു് അഭിമാനിക്കുന്ന സ്വത്തുക്കളിൽ പലതും യാഥാൎത്ഥ്യത്തിൽ അവന്റേതല്ല. "എന്റെ സ്നേഹിതൻ" എന്നു പറയുമ്പോൾ, എന്റെ എന്നുള്ള പദത്തിന്റെ അൎത്ഥവ്യാപ്തി വളരെ പരിമിതമാണ്. ആ സ്നേഹിതന്റെമേൽ, നൈയാമികമായി എനിക്കു യാതൊരു ഉടമസ്ഥാവകാശവും ഇല്ലെന്നുള്ളതു തീൎച്ചയാണല്ലോ. എങ്കിലും ആ ഉത്തമസുഹൃത്തിനെ എന്റെ എന്നഭിമാനിക്കുവാൻ എനിക്കു് അവകാശവും അധികാരവും ഉണ്ടെന്നുതന്നേയാണു് എന്റെ പരിപൂൎണ്ണമായ വിശ്വാസം. "എന്റെ സ്നേഹിതൻ" എന്റെ അമൂല്യസമ്പ

ത്തുതന്നെ. എന്റെ ഭാര്യ, എന്റെ പുത്രൻ എന്നെല്ലാം പറയുമ്പോൾ വസ്തുവകകളെപ്പോലെയുള്ള ഉടമസ്ഥാവകാശം എനിക്കില്ല. അവരെ വില്ക്കുവാനോ നശിപ്പിക്കുവാനോ എനിക്കധികാരമില്ല. അങ്ങനെ ചെയ്താൽ ഞാൻ നിയമപ്രകാരം ശിക്ഷാർഹനമാണ്. എങ്കിലും, കേവലം നൈയാമികമായ ഉടമസ്ഥതയേക്കാൾ, തുലോം അഗാധവും മഹത്തരവും ആയ ഉടമസ്ഥതാവകാശന്യായേന, അവർ എന്റെ സ്വന്തമാകുന്നു.

എന്റെ നാട് എന്നുച്ചരിക്കുമ്പോൾ,—എന്നു വിചാരിക്കുമ്പോൾ.— സ്വദേശാഭിമാനവിജൃംഭിതമായ എന്റെ ആത്മാവിന് എന്തൊരുത്തേജനമാണുണ്ടാകുന്നതു്! ഞാൻ ജനിച്ചു വളൎന്നതും, ഞാൻ മാതൃനിർവിശേഷം സ്നേഹിക്കുന്നതും ആയ എന്റെ ജന്മഭൂമി, നിയമപ്രകാരം എന്റേതല്ലെങ്കിലും, അഗാധവും പരിശുദ്ധവും ആയ അർത്ഥത്തിൽ എന്റെ സ്വന്തംതന്നേയാകുന്നു.

സൂക്ഷ്മമായി ചിന്തിക്കുന്നതായാൽ ഉടസ്ഥാവകാശം രണ്ടു വിധത്തിലാണ്. ഒന്നു നിയമപ്രകാരം സിദ്ധിക്കുന്നതു്. മറ്റൊന്ന് അറിവുകൊണ്ടും സ്നേഹംകൊണ്ടും സിദ്ധിക്കുന്നതു്. നിയമപ്രകാരം നമുക്കു സ്വന്തമാക്കാവുന്നതോ ക്രയവിക്രയം ചെയ്യാവുന്നതോ ആയ വസ്തുക്കൾ സുദുർല്ലഭമാകുന്നു. ലോകത്തിന് ഓജസ്സും തേജസ്സും നൽകുന്ന സൂര്യപ്രകാശത്തെ ക്രയവിക്രയം ചെയ്യാൻ ആൎക്കെങ്കിലും അവകാശമുണ്ടോ? ശ്വാസോച്ഛ്വാസം ചെയ്യുന്ന വായു നമ്മുടെ ആരുടേയെങ്കിലും സ്വന്തമാണോ? സകലരുടേയും ജന്മാവകാശമായ ചൂടും വെളിച്ചവും നൾകാതെ, ശുദ്ധവായു ശ്വസിക്കുവാൻപോലും സമ്മതിക്കാതെ, നിർദ്ദയമായ വ്യാവസായികനിയമഖഡ്ഗത്തിന്, അനേകായിരം സാധുസഹോദരന്മാരെ നാം ഇരയാക്കുന്നുണ്ടെന്നറിയുമ്പോൾ ഏതൊരു ശിലാഹൃദയമാണ് അലിയാത്തതു്! മനോഹരമായ മേഘങ്ങൾ, മഴ, സമുദ്രം, ദിനരാത്രങ്ങൾ, സൂര്യചന്ദ്രന്മാർ, ഉദയാസ്തമനങ്ങൾ, പക്ഷികളുടെ മധുരസംഗീതം, ഭംഗിയേറിയ വൃക്ഷലതാദികൾ മുതലായവയെ "കൊള്ളാനോ കൊടുക്കാനോ" നമുക്കാൎക്കെങ്കിലും അവകാശമുണ്ടോ? അധികാരമുണ്ടോ? ത്രാണിയുണ്ടോ? മനുഷ്യസമുദായത്തിന്റെ ചിന്താസന്താനമായ തത്വശാസ്ത്രം, ആലോചനാമൃതമായ സാഹിത്യം, ആപാദമധുരമായ സംഗീതം, ആശ്വാസപ്രദമായ ഈശ്വരവിശ്വാസം ഇവയെല്ലാം വിലയ്ക്കു വാങ്ങാവുന്ന വസ്തുക്കളാണോ? ഇവയുടെ ഉടമസ്ഥാവകാശം ജ്ഞാനം, പ്രേമം, സഹൃദയത്വം മുതലായ ശാശ്വതസമ്പത്തുകൊണ്ടു മാത്രമേ, സിദ്ധിക്കുകയുള്ളു.

നിയമപ്രകാരം ലഭിക്കുന്ന ഭൗതികസമ്പത്തു മനുഷ്യരുടെ മനസ്സിനേയും ഹൃദയത്തേയും, സങ്കുചിതമാക്കുന്നു. അപ്രകാരമുള്ള ദുരവസ്ഥ വ

ന്നുകൂടിയാൽ ഒരു പരിഹാരമാർഗ്ഗം മാത്രമെ ഉള്ളൂ. നമ്മുടെ ഹൃദയം വിശാലമാകണം. ചിത്തം നിഷ്കളങ്കമാകണം. പ്രവൃത്തി നിസ്വാർത്ഥമാകണം. നൈയാമികമായി നമുക്കു ലഭിച്ചിട്ടുള്ള സ്വത്തു സർവ്വശക്തനായ ജഗദീശ്വരൻ പൊതുഗുണത്തിനായി നമ്മെ ഏല്പിച്ചിട്ടുള്ള വെറും 'ട്രസ്റ്റ' മാത്രമാണെന്നു ഗണിക്കണം. പണം കൊടുത്തു വാങ്ങാവുന്ന സകല സ്വത്തുക്കളും നിസ്സാരവും നശ്വരവുമാണെന്നു മനുഷ്യർ ധരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ഒരിക്കൽ എമേഴ്സൺ, കൺകാർഡ് എന്ന സ്ഥലത്ത് ഒരു ചെറിയ കൃഷിത്തോട്ടം വിലയ്ക്കുവാങ്ങി. തന്മൂലം ആ തത്വജ്ഞാനിയുടെ ചിത്തം സങ്കുചിതമായില്ല. നേരേമറിച്ചു വിശാലമാകയാണുണ്ടായത്. എന്തുകൊണ്ടെന്നാൽ, തോട്ടത്തോടുകൂടി, പല അമൂല്യവസ്തുക്കളും അദ്ദേഹത്തിനു ലഭിച്ചു. ആ മഹാതത്വജ്ഞാനി, പിന്നീട്, ഇപ്രകാരം എഴുതിയിരിക്കുന്നു. "തോട്ടം വിലയ്ക്കു വാങ്ങിയപ്പോൾ, തീറാധാരത്തിൽ കൊള്ളിക്കാതിരുന്ന മനോഹരങ്ങളായ പക്ഷികളെ എനിക്കു കിട്ടുമെന്നു ഞാൻ ആശിച്ചിരുന്നില്ല. ആഹ്ലാദപ്രദങ്ങളായ ഉദയാസ്തമനങ്ങളും, മനോഹരങ്ങളായ ഭൂപ്രകൃതികളും, സായാഹ്നസവാരിക്കുള്ള ചെറുവരമ്പുകളും ഇടവഴികളും, തീറാധാരം മൂലം എനിക്കു ലഭിക്കുമെന്നു ഞാൻ സ്വപ്നേപി വിചാരിച്ചിരുന്നില്ല. എത്രയോ സൽസ്വഭാവികളും, വിശ്വസ്തന്മാരും, ഉൽകൃഷ്ടചിത്തന്മാരും ആയ അയൽപക്കക്കാരെയാണ് എനിക്കു കിട്ടാൻ പോകുന്നതെന്ന് ആധാരമെഴുതിപ്പിടിച്ച കാലത്തു ഞാനറിഞ്ഞിരുന്നില്ല. സൌന്ദര്യസാരസർവ്വസ്വങ്ങളായ അനേകം ചെറു ബാലികാബാലന്മാർ, വിദ്യാലയത്തിലേക്കു പോകുന്ന വഴിമദ്ധ്യേ, സന്തോഷപുരസ്സരം എന്നെ സ്വാഗതം ചെയ്യുമെന്ന് അന്നു ഞാൻ ലേശംപോലും ആശിച്ചിരുന്നില്ല." കൃഷിത്തോട്ടങ്ങൾ തീറു വാങ്ങുന്നവർക്കെല്ലാം, എമേഴ്സനേപ്പോലെ, ആധാരത്തിൽ കാണിക്കാത്തവയും ആനന്ദസന്ദായകവും ആയ അമൂല്യവസ്തുക്കൾ ലഭിക്കാറുണ്ടോ?

ഒരിക്കൽ ഞാൻ ഒരു കാഴ്ചബംഗ്ലാവു സന്ദർശിക്കുകയുണ്ടായി. അതിന്റെ യഥാർത്ഥമാഹാത്മ്യം ഒട്ടുംതന്നെ മനസ്സിലാക്കിയിട്ടില്ലാത്ത ഒരു പണക്കാരനായിരുന്നു ഉടമസ്ഥൻ. എങ്കിലും അതിന്റെ സൂക്ഷിപ്പുകാരൻ അഗാധപാണ്ഡിത്യനായ ഒരു ശാസ്ത്രജ്ഞനായിരുന്നു. കാഴ്ചബംഗ്ലാവിലെ സകല വസ്തുക്കളെക്കുറിച്ചും കൂലങ്കഷമായ പരിജ്ഞാനം ആ ശാസ്ത്രകാരനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അശ്രാന്തപരിശ്രമത്തിന്റെ ഫലമായിരുന്നു അത്. അതിനാൽ അദ്ദേഹമായിരുന്നു അതിന്റെ മേൽനോട്ടം വഹിച്ചിരുന്നത്. യഥാർത്ഥത്തിൽ ആ കാഴ്ചബംഗ്ലാവിന്റെ ഉടമസ്ഥൻ ആരായിരുന്നു? പണക്കാരനൊ ശാസ്ത്രജ്ഞനൊ?

അതിവിദഗ്ദ്ധനായ ഒരു ചിത്രമെഴുത്തുകാരൻ വരച്ച ഒരു മനോഹരചിത്രം ഒരിക്കൽ ഞാൻ കാണുകയുണ്ടായി കലാവൈദഗ്ദ്ധ്യത്തിന്റെ ഗന്ധംപോലുമില്ലാത്ത ഒരു കോടീശ്വരൻ ആ ചിത്രം വിലയ്ക്കുവാങ്ങി, അദ്ദേഹത്തിന്റെ ഹൎമ്മ്യത്തെ അലങ്കരിച്ചു. അദ്ദേഹത്തെപ്പോലെ മററു വല്ല കോടീശ്വരന്മാരും വരുമ്പോൾ അവരെ കാണിക്കുവാനും, തന്റെ പ്രതാപത്തെപ്പററി സ്വയം പുകഴ്ത്താനും അല്ലാതെ ആ കോടീശ്വരൻ താൻ വിലയ്ക്കുവാങ്ങിയ മനോഹരമായചിത്രത്തിന്റെ സമീപത്തിൽ എത്തിനോക്കിയിട്ടുപോലുമില്ല. എന്നാൽ സഹൃദയനായ ഒരു ചിത്രകാരന്റെ മേൽനോട്ടത്തിലായിരുന്നു ആ ചിത്രശാല സംരക്ഷിക്കപ്പെട്ടിരുന്നതു്; ആ കലാരസികനാകട്ടെ, അനിൎവ്വചനീയമായ ഒരാനന്ദവിശേഷം പ്രസ്തുത ചിത്രം കാണുമ്പോഴെല്ലാം അനുഭവപ്പെടാറുണ്ടായിരുന്നു. യഥാൎത്ഥത്തിൽ ആ ചിത്രത്തിന്റെ ഉടമസ്ഥൻ ആരായിരുന്നു? അല്പജ്ഞനായ കോടീശ്വരനോ സഹൃദയനായ ചിത്രകാരനോ?

മറെറാരവസരത്തിൽ, ഞാൻ മനോഹരമായ ഒരു നന്ദനോദ്യാനം സന്ദൎശിച്ചു. അതിന്റെ കരം കൊടുത്തിരുന്ന പ്രഭുവിക്കാകട്ടെ, ആ നന്ദവനം യാതൊരാനന്ദവും സന്ദാനം ചെയ്തിരുന്നില്ല. അംവക്ക് അതിനോടു ലേശംപോലും പ്രിയവും ഉണ്ടായിരുന്നില്ല. എന്നാൽ അതു നിൎമ്മിച്ചു്, പോഷിപ്പിച്ചുകൊണ്ടിരുന്ന ദരിദ്രനായ തോട്ടക്കാരനു് അതിലെ ഓരോ വൃക്ഷലതാദികളും, പത്രകുസുമാദികളും, ആനന്ദസന്ദായകങ്ങളായിരുന്നു. തോട്ടത്തിന്റെ ഉടമസ്ഥാവകാശം യഥാൎത്ഥത്തിൽ തോട്ടക്കാരനോ പ്രഭുവിക്കോ ആൎക്കാണു്?

ഉത്തമഗ്രന്ഥങ്ങളെയും ഉൽകൃഷ്ടസാഹിത്യകാരന്മാരേയും നമ്മുടെ സ്വന്തമാക്കുന്നതെങ്ങിനെയാണു്? ഗ്രന്ഥങ്ങൾ വാങ്ങി, കണ്ണാടിച്ചില്ലുകളിട്ട അലമാരികളിൽ ഭംഗിയായി അടുക്കിവെച്ചാൽ പോരാ. ഗ്രന്ഥകൎത്താക്കന്മാരെക്കുറിച്ചും അവരുടെ കൃതികളെക്കുറിച്ചും ശരിയായി നിരൂപണദൃഷ്ടിയോടുകൂടി പഠിച്ചാൽ മാത്രമെ മതിയാകയുള്ളൂ.

ഒരാളെപ്പററി പ്രസ്താവിക്കുമ്പോൾ അയാൾക്കെന്തു സ്വത്തുണ്ടെന്നു മിക്കവരും അന്വേഷിക്കുന്നതു നാം കേൾക്കാറുണ്ടു്. അതിന്റെ അൎത്ഥം അയാൾ എത്ര പണം സമ്പാദിച്ചിട്ടുണ്ടെന്നാണു്! ഒരുത്തന്റെ സ്വത്തിന്റെ മാനദണ്ഡം പണത്തുകയാണൊ? സൂക്ഷ്മബുദ്ധിയായ ഒരു വൃദ്ധൻ, തന്റെ പുത്രിയോടു് ഒരിക്കൽ ഇപ്രകാരം ഉപദേശിച്ചു. "എന്റെ ഓമനെ! ഒരിക്കലും ഒരു ദരിദ്രനെ നീ ഭൎത്താവായി വരിക്കരുതു്. ധാരാളം പണം കെട്ടിവെച്ചിരുന്നാലും ഹൃദയസമ്പത്തില്ലാത്ത ഒരുത്തനാണു ലോക

ത്തിലെ മഹാദരിദ്രനെന്നു നീ എപ്പോഴും ധരിച്ചിരിക്കണം.” ആത്മീയധനം നേടിയവനാണു യഥാർത്ഥത്തിൽ ധനവാൻ. ഏതവസ്ഥാന്തരങ്ങളിലും അദ്ദേഹത്തെ ദാരിദ്ര്യപ്പിശാചു തീണ്ടുകപോലും ചെയ്കയില്ല. നേരേമറിച്ച്, ആത്മീയധനം നേടാത്തവൻ, എവിടെപ്പോയാലും, എത്ര വലിയ അവസ്ഥയിലെത്തിയാലും, പരിതാപകരമായ നിത്യദാരിദ്ര്യത്തിൽ നിപതിച്ച്, നിരാശാവശംവദനായിത്തീരുന്നതാണ്.

ലണ്ടൻ നഗരത്തിന്റെ ഒരു വിഭാഗമായ വെസ്റ്റെൻഡിലുള്ള ഒരു ചെറുകുടിലിൽ മഹാദരിദ്രനായ ഒരു കൂലിവേലക്കാരൻ താമസിച്ചിരുന്നു. അയാളുടെ ഭാര്യ ദീനത്തിൽ കിടപ്പിലായിട്ടു നീണ്ട ഇരുപത്താറാണ്ടുകൾ കഴിഞ്ഞിരുന്നു. അവർ രണ്ടുപേരും ‘കഷ്ടിച്ചു കൃത്യം’ കഴിച്ചുകൂട്ടിവന്നു. ഈ ദീർഘകാലം മുഴുവനും, പ്രതിദിനം കൂലിവേല ചെയ്തും, ഗൃഹകൃത്യങ്ങൾ നിർവ്വഹിച്ചും, രോഗാക്രാന്തയായ സ്വപത്നിയെ പ്രേമപുരസ്സരം ശുശ്രൂഷിച്ചും ആ കൂലിക്കാരൻ സസുഖം ജീവിതം നയിച്ചുകൊണ്ടാണിരുന്നതു്. അയാൾ ദിവസേന അതിരാവിലെ ഉണർന്നെഴുനേല്ക്കും. മുറി അടിച്ചുവാരി രണ്ടുപേൎക്കും ആഹാരം പാകംചെയ്യും. ഭാര്യയെ ശുശ്രൂഷിച്ചു പതിവുള്ള മരുന്നു കൊടുക്കും. ഉച്ചഭക്ഷണം ദീനശയ്യയുടെ സമീപമുള്ള ഒരു സ്റ്റൂളിന്മേൽ അടച്ചുവെയ്ക്കും. തദനന്തരം പ്രണയസമ്പൂർണ്ണങ്ങളായ കടാക്ഷവിക്ഷേപത്തോടുകൂടി അവളെ ഒന്നു ചുംബിച്ചുംകൊണ്ടു് അയാൾ തന്റെ വേലയ്ക്കു പോകുകയും ചെയ്യും. രാത്രിയാകുമ്പോൾ മാത്രമെ മില്ലിലെ വേല തീരുകയുള്ളു. ഉടൻതന്നെ പത്നീസമീപത്തിലേക്കു് അയാൾ പാഞ്ഞെത്തുകയായിരുന്നു പതിവു്. രോഗബാധയാൽ മ്ലാനതാപൂർണ്ണമെങ്കിലും അവളുടെ സുന്ദരമന്ദഹാസം അയാളെ ആനന്ദതുന്ദിലനാക്കിയിരുന്നു. പൂർവ്വാധികം ഉത്സാഹത്തോടും ഉന്മേഷത്തോടുംകൂടി ദീനശുശ്രൂഷകൾ ചെയ്‌വാൻ അയാൾ സദാ സന്നദ്ധനായിരുന്നു. തന്റെ പ്രവൃത്തികൾമൂലം അല്പമെങ്കിലും സുഖം അവൾക്കുണ്ടെന്നു കണ്ടാൽ അയാൾ തികച്ചും കൃതാർത്ഥനായിരുന്നു. യാതൊരു സമയം നീക്കംപോലും വരാതെ ഈ ജീവിതരീതി ഇരുപത്താറു കൊല്ലങ്ങളായി അയാൾ മുറയ്ക്കു തുടൎന്നുകൊണ്ടിരുന്നു. ലേശമെങ്കിലും ക്ലേശമോ കഷ്ടപ്പാടോ ഒരു പ്രാവശ്യമെങ്കിലും അയാൾക്കു തോന്നിയിരുന്നില്ല. മററുള്ളവരുടെ ദൃഷ്ട്യാ ക്ലേശസമ്പൂർണ്ണമായ ഈ ജീവിതരീതി സുഖസമ്പൂർണ്ണമായിട്ടും, ആനന്ദസന്ദായകമായിട്ടും ആണു മഹാദരിദ്രനായ ആ വേലക്കാരനു് അനുഭവപ്പെട്ടതു്. രോഗാക്രാന്തയും ക്ലാന്തഗാത്രിയും ആയിരുന്നിട്ടും, ആ പതിവ്രതാരത്നത്തിനും സ്വഭർത്താവിനെപ്പോലെതന്നെ ആനന്ദമുളവായിരുന്നു. ഘോരദാരിദ്ര്യവും ദുസ്സഹദുഃഖവും നിറഞ്ഞ ഈ ലോകത്തിൽ സുദുർല്ലഭവും അമൂല്യവും ആയ സ്നേഹസമ്പത്തിന്റെ ഉടമസ്ഥരായിരുന്നു ആ ദമ്പതിമാർ.

സ്വാൎത്ഥരഹിതവും പരിപാവനവും ആയ പരസ്പരപ്രണയസമ്പത്തിൽ അവരിരുവരും അനുഗൃഹീതരായിരുന്നു. ആ ഭാൎയ്യാഭൎത്താക്കന്മാർ അനുഭവിച്ചുകൊണ്ടിരുന്ന സുഖത്തിന്റെ ആയിരത്തിലൊരംശമെങ്കിലും ഏതെങ്കിലും കോടീശ്വരന്മാൎക്കുളവാകുന്നുണ്ടോ? ഉണ്ടെങ്കിൽ അതു പണത്തിന്റെ മിടുക്കുകൊണ്ടായിരിക്കയില്ല. നിശ്ചയം.

സമ്പത്തെന്നുവെച്ചാലെന്താണെന്നു നമുക്കു സൂക്ഷ്മമായി ചിന്തിച്ചുനോക്കാം. ആത്മാവിനെ നശിപ്പിച്ചു ലോകം മുഴുവൻ നേടിയാലും ഫലമെന്തു്? എന്നാണു യേശുക്രിസ്തു ചോദിക്കുന്നതു്. ഒരുത്തൻ ഇഹത്തിൽ ചെയ്തിട്ടുള്ള സൽപ്രവൃത്തികളാണു് അവന്റെ യഥാൎത്ഥസമ്പത്തെന്നു മഹമ്മദുനിബി പറയുന്നു. ഒരാൾ മരിക്കുമ്പോൾ അവനെന്തു സ്വത്തുണ്ടെന്നാണു സാധാരണമനുഷ്യർ ജിജ്ഞാസയോടുകൂടി അന്വേഷിക്കുന്നതു്. എന്നാൽ സ്വൎഗ്ഗസ്ഥരായ ദേവന്മാരാകട്ടെ, എന്തെല്ലാം സൽകൃത്യങ്ങളെ മുൻകൂട്ടി അങ്ങോട്ടയച്ചുവെന്നാണു് ആരായുന്നതു്.

മനുഷ്യജീവിതത്തെ അഗാധവും വിശാലവും സമ്പന്നവും ഉൽകൃഷ്ടവും ആക്കുന്നതു യാതൊന്നാണൊ അതുതന്നെയാണു യഥാൎത്ഥസമ്പത്തു്. സൂക്ഷ്മനിരീക്ഷണദക്ഷങ്ങളായ അക്ഷികളും, സംഗീതാസ്വാദനസമൎത്ഥങ്ങളായ കൎണ്ണങ്ങളും, ശീഘ്രഗ്രഹണനിപുണമായ ചിത്തവും ആണു യഥാൎത്ഥസമ്പത്തു്. ആരോഗ്യം, ബലം, പ്രത്യാശ, ധൈൎയ്യം, സൽകൃത്യം, അഭിമാനം, ആൎജ്ജവം, സൌശീല്യം ഈ ഗുണഗണങ്ങളുടെ രമണീയസമ്മേളനമാകുന്നു യഥാൎത്ഥസമ്പത്തു്. ഈശ്വരേച്ഛയോടു പൊരുത്തമുള്ള നമ്മുടെ നിശ്ചയബുദ്ധി അമൂല്യധനമാകുന്നു. മാറ്റുള്ളവയിലേതെങ്കിലും സമ്പത്തിൽ ഉൾപ്പെട്ടതാമെന്നു് ഉത്താനചിത്തനും ഉപരിപ്ലവബുദ്ധിയും ആയ മനുഷ്യൻ പരിഗണിക്കുമായിരിക്കാം. ഏതായാലും മുൻപ്രസ്താവിച്ച ഗുണഗണങ്ങളുടെ അഭാവം നിത്യദാരിദ്ര്യത്തിന്റെ വിളംബരവും പ്രത്യക്ഷലക്ഷ്യവും ആകുന്നു. ആപാദമധുരമായ സംഗീതരസികൻ സമ്പന്നനല്ലേ? ആലോചനാമൃതമായ സാഹിത്യരസികൻ സമ്പന്നനല്ലേ? ഉൽകൃഷ്ടസാഹിത്യപ്രണയത്താൽ ഉത്തമഗ്രന്ഥങ്ങൾ നിത്യപാരായണം ചെയ്തു് അവയുടെ കൎത്താക്കന്മാരുമായി നിത്യസഹവാസം ചെയ്തുകൊണ്ടിരിക്കുന്നവൻ സമ്പന്നനല്ലേ? വിജ്ഞാനഭണ്ഡാഗാരമായ പണ്ഡിതൻ അമൂല്യരത്നങ്ങളുടെ ഉടമസ്ഥനായ സമ്പന്നനല്ലേ?

സൂൎയ്യചന്ദ്രാദിഗ്രഹങ്ങളും, പൎവ്വതപ്രദേശങ്ങളും, പാരാവാരങ്ങളും കണ്ടു സന്തോഷിച്ചു്, പ്രകൃതിസഖ്യത്താൽ ആനന്ദതുന്ദിലരാകുന്നവർ മഹാസമ്പന്നന്മാരാകുന്നു. പതിവ്രതാരത്നമായ പത്നിയുടെ പ്രേമത്തിനു പാത്രമായ ഭൎത്താവും, ഉത്തമനായ ഭൎത്താവിന്റെ സ്നേഹഭാജനമായ ഭാൎയ്യയും

ദാരിദ്ര്യവഹ്നിയുടെ അത്യുഷ്ണം ലേശംപോലും അറിയുകയില്ല. പുഞ്ചിരിതൂകുന്ന പൊന്നുണ്ണിപൈതലിനെ വാരിക്കോരിയെടുത്തു്, മനോഹരങ്ങളായ ഗണ്ഡമണ്ഡലങ്ങളിൽ പ്രേമപ്രചുരിമയാൽ തെരുതെരെ ഉമ്മവെയ്ക്കുന്ന അമ്മയും, "കൈയോ വളരുന്നു, കാലോ വളരുന്നു, മെയ്യിനെങ്ങാനും ചടപ്പു തട്ടുന്നുവോ" എന്നു തൻെറ ഓമനപ്പുത്രൻെറ വളർച്ചയെ പ്രതിദിനം ഉൽക്കണ്ഠാപൂർവ്വം, സൂക്ഷിച്ചു വീക്ഷിച്ചുകൊണ്ടിരിക്കുന്ന അച്ഛനും യഥാൎത്ഥത്തിൽ വമ്പിച്ച സമ്പന്നന്മാരല്ലയൊ? ഒററക്കൊച്ചുകാശുപോലുമില്ലെങ്കിലും ജീവിതമത്സരത്തിൽ വിജയശ്രീയെ വരിക്കുമെന്നുള്ള ദൃഢവ്രതത്തോടുകൂടി, ആരോഗ്യവും, ധൈര്യവും, ഉൽകൃഷ്ടവിദ്യാഭ്യാസവും, ഉൽക്കർഷേച്ഛയും, സൽസ്വഭാവവും ഉള്ള ഒരു ചെറുപ്പക്കാരൻ ജീവിതയാത്ര ആരംഭിക്കുകയാണെങ്കിൽ അയാൾ സമ്പന്നനാണെന്നല്ലേ പറയേണ്ടതു്? സർവ്വജ്ഞനും, സർവ്വവ്യാപിയും, സർവ്വശക്തനും ആയ ജഗദീശ്വരനിൽ അചഞ്ചലമായ വിശ്വാസമുള്ള ഒരുത്തൻ തീർച്ചയായും, മഹാധനികനാണു്. സന്തോഷമൊ പ്രത്യാശയൊ, വിശ്വാസമൊ ഇല്ലാതെ, സ്വാൎത്ഥമലിനമായ ആത്മാവിനു് ആനന്ദസങ്കേതം അന്വേഷിച്ചു്, ഉന്മേഷശൂന്യനും ക്ഷീണചിത്തനും ആയി മോട്ടാർകാറിൽ അങ്ങോട്ടും ഇങ്ങോട്ടും ചാഞ്ഞുവീണു്, നിരാശാവശംവദനായി ആത്മഹത്യചെയ്യുന്ന കോടീശ്വരൻ മഹാദരിദ്രനാണു്.

പതിവുപോലെയുള്ള വേല കഴിഞ്ഞു് ഒരു വേലക്കാരൻ കാൽനടയായി തൻെറ ചെറുകുടിലിലേക്കു പോകുന്നു. ആജാനുബാഹുക്കളും, വിസ്തൃതവക്ഷസ്ഥലവും ധീരഹൃദയവും സന്തുഷ്ടചിത്തവും ആണു് അവനുള്ളതു്. തന്നെ പ്രാണാധികം സ്നേഹിക്കുന്ന പ്രിയപത്നിയും ഓമനപ്പൈതലും അയാളുടെ ആഗമനത്തെത്തന്നെ പ്രതീക്ഷിച്ചു പ്രവേശനദ്വാരത്തിൽ അക്ഷമരായി നില്ക്കുന്നു. തനിക്കും തൻെറ കുടുംബത്തിനും ശോഭനമായ ഭാവിയുണ്ടാകുമെന്നു് അയാൾ പൂൎണ്ണമായി വിശ്വസിക്കുന്നു. ദരിദ്രനായ ആ വേലക്കാരൻ ധനികനായ കോടീശ്വരനേക്കാൾ സമ്പന്നനാണു്.

ഏതുവിധത്തിലെങ്കിലും പണം സമ്പാദിക്കുവാൻ മാത്രമായി ഒരുത്തൻ ചെയ്യുന്ന നിരന്തരപരിശ്രമം അവനെ കേവലം സ്വാൎത്ഥമാത്രപ്രസക്തനും ധനാരാധകനും ആക്കുന്നു. അതു് ആത്മവികാസത്തെ നശിപ്പിച്ചു് ഉൽകൃഷ്ടജീവിതാസ്വാദനത്തിനു് അവനെ അപ്രാപ്തനാക്കുന്നു. അതിനാൽ യഥാർത്ഥമായ സമ്പത്തും സുഖവും വേണമെന്നാഗ്രഹമുണ്ടെങ്കിൽ, ജ്ഞാനസമ്പാദനത്താൽ മനസ്സിനെ സംസ്കരിക്കുക. പ്രകൃതിസൗന്ദര്യംകൊണ്ടു് ആനന്ദമടയുക. മഹത്തായ ഭൂതവർത്തമാനകാലങ്ങളിൽനിന്നും ശരിയായ പാഠങ്ങൾ ഗ്രഹിക്കുക. സാമുദായികകാൎയ്യങ്ങളിൽ അനുഭാവപൂർവ്വം പ്രവേശിച്ചു സകല സൃഷ്ടിവിശേഷങ്ങളേയും സഹോദരനിൎവ്വിശേഷം സ്നേഹിക്കുക.

എല്ലാ സൽക്കാൎയ്യങ്ങൾക്കുവേണ്ടിയും ആത്മാർത്ഥമായി പ്രവൎത്തിച്ചു പൊതുനന്മ വരുത്തുക. സൎവ്വോപരി, മതത്തിലും ദൈവത്തിലും വിശ്വസിച്ചു് ആത്മനിർവൃതിയും പരമാനന്ദവും അടയുക. സൃഷ്ടിക്കാനും സംഹരിക്കാനും ഉള്ള ശക്തി മനസ്സിനുണ്ട്. മനസ്സാണു ഒരാളെ ധനികനൊ ദരിദ്രനൊ ആക്കുന്നതു്. മനസ്സാണു സ്വൎഗ്ഗനരകങ്ങളെ സൃഷ്ടിക്കുന്നതു്. അതിനാൽ കേവലം ശാരീരികവും, ഭൗതികവും സങ്കുചിതവും ആയ അൎത്ഥത്തിൽ തൃപ്തിയാകുന്നിടത്തോളം സമ്പത്തുണ്ടാക്കാൻ നമുക്കെല്ലാവൎക്കും ക്ഷിപ്രസാദ്ധ്യമല്ലെങ്കിലും, വേണമെങ്കിൽ, അപ്രമേയവും, അനന്തവും, അനശ്വരവും, അനഘവും ആയ സമ്പത്തും, യഥാർത്ഥമായ സൗഖ്യവും സമ്പാദിച്ചു്, ആനന്ദതുന്ദിലനായി, ജീവിതം നയിക്കാൻ സാധിക്കാത്ത ഒരൊററ മനുഷ്യൻ പോലും ഈ ഭൂലോകത്തിലില്ലതന്നെ.*

# ജപ്പാൻകാരുടെ ദേശഭക്തി.

(കെ. പി. കേശവമേനോൻ ബി. ഏ., ബാരിസ്റ്റർ-അററ്-ലാ)

"എന്റെ സ്ഥാനവും ഉദ്യോഗവലിപ്പവും വേണ്ടെന്നുവെയ്ക്കുവാൻ എനിക്കു യാതൊരു സംശയവും തോന്നുന്നില്ല. എന്റെ ദാമ്പത്യസൗഖ്യം ത്യജിക്കുവാനും, എനിക്കു ലേശംപോലും മടി തോന്നുന്നില്ല; എന്റെ പ്രാണനെ ബലികഴിക്കണമെങ്കിൽ അതിനും ഞാൻ ഇതാ സന്നദ്ധനാണു്; എന്റെ രാജ്യത്തിനായുള്ള എന്തുത്യാഗവും എനിക്ക് ആനന്ദപ്രദമായി തോന്നുന്നു." ജപ്പാൻകാരുടെ ദേശഭക്തിയെ അത്ഭുതമാകുംവണ്ണം ചിത്രീകരിക്കുന്ന ഒരു കഥയിലെ നായകന്റെ വാക്കുകളാണു മേൽ ഉദ്ധരിച്ചിരിക്കുന്നതു്. റഷ്യയും ജപ്പാനും തമ്മിൽ യുദ്ധം നടന്നിരുന്നകാലത്തു ജപ്പാനിലെ നാവികസൈന്യത്തിലെ ഒരു വലിയ ഉദ്യോഗസ്ഥനായ കഥാനായകൻ; തന്റെ കീഴിൽ ഉദ്യോഗം ഭരിച്ചിരുന്ന ഒരു ഇംഗ്ലീഷുകാരനു തന്റെ പത്നിയെ പരിചയപ്പെടുത്തിക്കൊടുത്തു. അന്നു്, ജപ്പാൻകാൎക്കു നാവികവിദ്യാഭ്യാസം കുറഞ്ഞിരുന്നതുകൊണ്ടു്; വിദഗ്ദ്ധന്മാരായ വിദേശീയരെ ചിലപ്പോൾ ചില പ്രവൃത്തിക്കായി നിയമിക്കുക പതിവായിരുന്നു. ഈ ഇംഗ്ലീഷുകാരൻ തന്റെ മേലുദ്യോഗസ്ഥനായ കഥാനായകന്റെ പത്നിയിൽ അ

* റവറൻറ് ജെ. ടി. സൺഡെർലൻഡിന്റെ ഒരു പുസ്തകത്തിൽനിന്നും.

നരകന്നായി അവളെ വശീകരിക്കുവാൻ ശ്രമിച്ചു. തന്റെ രാജ്യത്തിന്റെ വിജയത്തിന് ആവശ്യമായ രഹസ്യങ്ങളെ ഇംഗ്ലീഷുകാരനിൽനിന്ന് അറിയുവാൻ സാധിച്ചിരുന്നതുകൊണ്ട്; അനീതിയായ ഈ പ്രേമവ്യാപാരം താൻ അറിഞ്ഞില്ലെന്നുള്ള നിലയിൽ ഇംഗ്ലീഷുകാരനോടു കഥാനായകൻ പെരുമാറിവന്നു. എത്രയും പ്രിയപ്പെട്ട തന്റെ ഭാൎയ്യയുടെ പ്രേമവും, അനുരാഗവും, അന്യൻ അപഹരിക്കുന്നതു കണ്ടുംകൊണ്ട്, ദുഃഖവും നിരാശയും നിറഞ്ഞ മനസ്സോടുകൂടി, തന്റെ ജന്മഭൂമിയെ സേവിക്കുന്നതിൽ ഈ നിർഭാഗ്യം തടസ്ഥമായിത്തീരരുതേ! എന്നു പ്രാൎത്ഥിച്ചുംകൊണ്ട് ആ കഥയുടെ എത്രയും ഗൗരവമായ ഒരു ഘട്ടത്തിൽ കഥാനായകൻ തന്നത്താൻ പറഞ്ഞ വാക്കുകളാണ് ഈ ലേഖനത്തിന്റെ ആരംഭത്തിൽ കൊടുത്തിരിക്കുന്നതു്. ഒരു കഥാപുരുഷന്റെ വായിൽനിന്നു പുറപ്പെട്ടിരിക്കുന്ന ഈ വാക്കുകൾ ജപ്പാനിലെ സകല സ്ത്രീപുരുഷന്മാരുടെ ഹൃദയങ്ങളിലും തിങ്ങിവിങ്ങി കിടക്കുന്ന ആശയങ്ങളുടെ മാറെറാലിമാത്രമാണ്.

ജപ്പാൻകാരുടെ മതം അവരുടെ സ്വദേശസ്നേഹമാണ്. അവർ ആരാധിക്കുന്നതു് അവരുടെ ചക്രവൎത്തിയെയാണ്. രാജ്യത്തിന്റെ അഭിവൃദ്ധിക്കായി പ്രയത്നിക്കുകയാണ് അവരുടെ ജീവിതോദ്ദേശം. ചക്രവൎത്തിയോടുള്ള ഭക്തിയാണ പുരുഷഗുണങ്ങളിൽ എത്രയും വലിയതായി അവർ കരുതിവരുന്നതു്. ജപ്പാൻകാരുടെ ആദൎശങ്ങളും, ആശംസകളും, ഗുണങ്ങളും മൂൎത്തീകരിച്ചിരിക്കുന്ന ഒരു മഹാത്മാവായിട്ടാണ് അവർ തങ്ങളുടെ ചക്രവൎത്തിയെ കരുതിവരുന്നതു്. ചക്രവൎത്തി മരണപ്പെട്ടുപോയാൽ അദ്ദേഹത്തെ അനുഗമിക്കുകയാണ് എന്ന വിശ്വാസത്തോടുകൂടി ആത്മഹത്യ ചെയ്യുന്നവർ വളരെയുണ്ട്. ഈ ത്യാഗത്തിനു യോഗ്യന്മാരായ ജപ്പാൻകാരെ പ്രേരിപ്പിക്കുന്ന മനസ്ഥിതി അന്യരാജ്യക്കാൎക്കു മനസ്സിലാകുവാൻ പ്രയാസമായിരിക്കും. "രാജദ്രോഹി" എന്ന അപവാദവാക്യം എത്രയും നീചനായ ഒരുവൻ എന്ന അൎത്ഥത്തിലാണ ജപ്പാൻകാർ മനസ്സിലാക്കുന്നതു്. അതേപ്രകാരംതന്നെ രാജ്യത്തിനു താൻ ചെയ്യേണ്ടതായ കൃത്യത്തെ ഒരുവൻ ചെയ്തില്ല എന്ന് അവനെപ്പററി പറയുന്നതു് എത്രയും അവമാനകരമായ ഒരു അപവാദമായിട്ടാണ് അവർ കരുതിവരുന്നതു്.

കുറെ സംവത്സരങ്ങൾക്കു മുൻപു ജപ്പാനിലെ ഒരു വലിയ ഉദ്യോഗസ്ഥനെപ്പററി ചില ആക്ഷേപങ്ങൾ ആ നാട്ടിൽ പരന്നിരുന്നു. ഭരണസംബന്ധമായ കാൎയ്യങ്ങളിൽ അലസതകാണിച്ചു്, ജപ്പാന്റെ ഗൗരവത്തിനും; ശ്രേയസ്സിനും, യോജിക്കാത്തതായ നില അദ്ദേഹത്തിന്റെ പ്രവൃത്തികൊണ്ടു ഉണ്ടാക്കിത്തീൎത്തു എന്നായിരുന്നു ആ ഉദ്യോഗസ്ഥനിൽ ആരോപിച്ചിരുന്ന കുററം. വാസ്തവത്തിൽ അദ്ദേഹം നിരപരാധിയായിരുന്നു. സാ

ധാരണ മനുഷ്യർക്ക് അസാദ്ധ്യമായ ഒരു പ്രവൃത്തിയായിരുന്നു അദ്ദേഹത്തെ ഏല്പിച്ചിരുന്നത്. എന്നിട്ടും താൻ ആവുന്നത്ര പ്രയത്നിച്ചു. പക്ഷേ നിർഭാഗ്യവശാൽ പ്രയത്നത്തിനു ഫലം കിട്ടിയില്ല. തന്റെ ദേശാഭിമാനക്കുറവുകൊണ്ടാണു കാര്യം സാധിക്കാതിരുന്നതു് എന്നു മററുള്ളവർ ആക്ഷേപിക്കുന്നതു കേട്ടപ്പോൾ അതു് ആ ഉദ്യോഗസ്ഥനു സഹിക്കാൻ വഹിയാത്ത ദുഃഖമായിത്തീർന്നു. ജപ്പാനോടു തന്റെ ഭക്തികാണിക്കുന്നതു് ആത്മഹത്തികൊണ്ടല്ലാതെ മറെറാന്നുകൊണ്ടും സാധിക്കുന്നതല്ലെന്നു തീച്ചപ്പെടുത്തി, ഒരു ദിവസം തന്റെ പല സ്നേഹിതന്മാരേയും വീട്ടിലേക്കു ക്ഷണിച്ചുവരുത്തി. ഉടുത്ത ഒരു പരവതാനിവിരിച്ചു് അതിൽ ഇരുന്നു മററുള്ളവരെല്ലാംകാൺകെ ഒരു വലിയ വാൾകൊണ്ടു തന്റെ വയറു കുത്തികീറി ആത്മഹത്തിചെയ്തു. ഈ പ്രവൃത്തി എത്രകണ്ടു ശരിയാണെന്നു നാം ആലോചിക്കേണ്ടതില്ല. എന്നാൽ അതിനു പ്രേരിപ്പിച്ച മനസ്ഥിതിയെ ബഹുമാനിക്കാതെ നിവൃത്തിയില്ല. ഒരു പതിവ്രത തന്റെ ചാരിത്രത്തെ എത്ര വലിയതായി കരുതുന്നുവോ അത്ര വലുതായിട്ടാണു് ഒരു ജപ്പാൻകാരൻ തന്റെ ദേശാഭിമാനത്തേയും കരുതിവരുന്നതു്.

രാജ്യത്തിന്റെ അഭിവൃദ്ധിക്കായി ജീവനെ ബലികഴിക്കുവാൻ ഒരുങ്ങാത്ത ജപ്പാൻകാർ ചുരുക്കമാണു്. ഈയിടെ സിംഗപ്പൂരിൽ നടന്ന ഒരു സംഭവം ഇതിന്നു മറെറാരു ദൃഷ്ടാന്തമാണു്. സിംഗപ്പൂരിൽ ഏകദേശം ആയിരത്തോളം ജപ്പാൻകാരുണ്ടു്. ഇവരിൽ അധികവും കച്ചവടക്കാരാണു്. ബ്രിട്ടീഷുകാർ സിംഗപ്പൂരിൽ നാവികസങ്കേതം ഉറപ്പിക്കുവാൻ ഒരു ബലമായകാരണം ജപ്പാനെ ഭയപ്പെട്ടിട്ടാണു്. അതുകൊണ്ടു നാവികസങ്കേതത്തിലെ സ്ഥിതിയെ അവർ വളരെ രഹസ്യമായി വെച്ചിരിക്കുകയാണു്. മൂന്നുനാലുമാസങ്ങൾക്കുമുൻപു സഞ്ചാരികളായ രണ്ടു ജപ്പാൻകാർ സിംഗപ്പൂരിൽ വന്നിരുന്നു. അവർ നാവികസങ്കേതത്തെ സംബന്ധിച്ചു ജപ്പാനു് ആവശ്യമായ ചില വത്തമാനങ്ങൾ രഹസ്യമായി ശേഖരിച്ചു ജപ്പാനിലേക്കു മടങ്ങിപ്പോയി. അവർ പോയി രണ്ടുദിവസം കഴിഞ്ഞതിനുശേഷമായിരുന്നു പോലീസിനു വിവരം അറിവുകിട്ടിയതു്. പോലീസിന്റെ അന്വേഷണത്തിൽ ഈ ജപ്പാൻകാർ സിംഗപ്പൂരിലെ ഒരു വലിയ കച്ചവടക്കാരനും ജപ്പാൻകാരുടെ തലവനുമായ യൂഷിമൂറ എന്ന ആളുടെ ഒരുമിച്ചു താമസിച്ചിരുന്നുവെന്നു അറിവുകിട്ടി. സൂക്ഷ്മവിവരം അറിയുവാൻ ഒരു ദിവസം രണ്ടുമണിക്കു പോലീസുസ്റ്റേഷനിൽ ചെല്ലുവാൻ യൂഷിമൂറയെ അറിയിച്ചു. താൻ ആഫീസിൽ ഇരിക്കുമ്പോൾ 12-മണിക്കായിരുന്നു ടെലിഫോൺ മുഖാന്തരം ഇൻസ്പെക്ടർ വിളിച്ചുപറഞ്ഞതു്. തന്റെ ജോലികളെല്ലാം തീർത്തു, വീട്ടിൽപോയി, യൂഷിമൂറ രണ്ടുമണിക്കു പോലീസുസ്റ്റേഷനിൽ എ

ത്തി. ഇൻസ്പെക്ടർ അദ്ദേഹത്തെ വളരെ മര്യാദയോടുകൂടി സ്വീകരിച്ചു വിവരങ്ങൾ അറിയുവാനായി ആരംഭിക്കുകയായിരുന്നു. അപ്പോഴേക്കു യൂഷിമൂറ മോഹാലസ്യപ്പെട്ടു മറിഞ്ഞുവീണു. ഉടനെ ഡാക്ടർക്കു് ആളയച്ചു. ഡാക്ടർവന്നു അഞ്ചുമിനിട്ടിനുള്ളിൽ യൂഷിമൂറ പരലോകപ്രാപ്തനായി. പെട്ടെന്നുണ്ടായ ഈ മരണത്തിൻെറ ഹേതു അറിയുവാനായി ശവം കീറി പരിശോധനകഴിച്ചപ്പോൾ വിഷം വയററിൽ ഉണ്ടായിരുന്നുവെന്നുകണ്ടു. പിന്നത്തെ സംഗതികൾ ഊഹിക്കുവാൻ മാത്രമേ തരമുള്ളു. ജപ്പാനിൽനിന്നുവന്ന മേൽപ്പറഞ്ഞ രണ്ടാളുടെ സ്ഥിതിയെപ്പററിയും അവർ ശേഖരിച്ച വിവരങ്ങളെക്കുറിച്ചും യൂഷിമൂറയ്ക്കു അറിവുണ്ടായിരിക്കണം. ഒരു സമയം അവക്കു വേണ്ടുന്ന ഒത്താശയും അദ്ദേഹം ചെയ്തുകൊടുത്തിരിക്കാം. പോലീസന്വേഷണത്തിൽ, താൻ തൻെറ രാജ്യത്തിൻെറ ഗുണത്തിനു വിപരീതമായ വല്ലകാര്യങ്ങളും പറഞ്ഞുപോയാലോ എന്നു ഭയപ്പെട്ടിട്ടായിരിക്കാം യൂഷിമൂറ അതുകൂടാതെ കഴിക്കുവാനായി കഠിനമായ വിഷം കഴിച്ചു ആത്മഹത്യ ചെയ്തതു്. എന്തു ധീരത! എന്തു ത്യാഗം! എന്തു പുരുഷൻ! ഈ തരത്തിലുള്ള ദേശാഭിമാനികൾ ലക്ഷക്കണക്കായി വളൎന്നുവരുന്ന രാജ്യം അതിവേഗത്തിൽ അഭിവൃദ്ധി പ്രാപിച്ചതിൽ അതിശയിക്കുവാനുണ്ടോ? വലിയ ആഘോഷത്തോടുകൂടിയായിരുന്നു സിങ്കപ്പൂരിലെ ജപ്പാൻകാർ യൂഷിമൂറയുടെ മൃതശരീരത്തെ മറവുചെയ്തതു് എന്നു പറയേണ്ടതില്ലല്ലൊ.

ഒരു ഇംഗ്ലീഷുമാസികയിൽ വായിച്ചതായ മറെറാരു സംഭവം ഈ അവസരത്തിൽ ഓൎമ്മയിൽ വരുന്നുണ്ടു്. കഴിഞ്ഞ ലോകമഹായുദ്ധത്തിൽ ശത്രുക്കളുടെ കപ്പലിനെ പൊളിച്ചു മുക്കുവാനായി ടോർപ്പിഡോ ഉപയോഗിച്ചിരുന്നതു സാധാരണയായിരുന്നുവല്ലൊ? ഇതു സമുദ്രത്തിൻെറ അടിയിൽകൂടി സഞ്ചരിക്കുന്ന തോണിയിൽ കൊണ്ടുപോകുന്ന ബാംബു പോലെയുള്ള ഒരുവിധം നീണ്ട സാധനമാണു്. ശത്രുക്കളുടെ കപ്പലിനെ അകലെ കണ്ടാൽ ഈ ടോർപ്പിഡോ അവിടെ എത്തുമ്പോഴേക്കു കപ്പൽ സ്ഥലം മാറിക്കഴിയും. അതുകൊണ്ടു ടോർപ്പിഡൊ കപ്പലിൽ തട്ടുകയില്ല. ഒരിക്കൽ തോണിയിൽനിന്നു ദൂരവും മററും കണക്കാക്കി തിരിച്ചുവിട്ടാൽ പിന്നെ ടോർപ്പിഡോവിൻെറ ഗതി നിയന്ത്രിക്കുവാൻ ആരാലും സാധ്യമല്ല. ഇതായിരുന്നു ടോർപ്പിഡോ ഉപയോഗിക്കുന്നതിൽ ഉണ്ടായിരുന്ന ഒര സൗകര്യം. ഇപ്പോൾ ജപ്പാൻകാർ ഒരു പുതിയവിദ്യ കണ്ടുപിടിച്ചിരിക്കുന്നു. ടോർപ്പിഡോ ഏകദേശം രണ്ടാളുടെ വലിപ്പമുള്ള ഒരു നീണ്ട ബാംബുപോലെയാണു്. തോണിയിൽനിന്നു വിട്ടാൽ അതിൻെറ ഗതി നിയന്ത്രിക്കുവാൻ സാധിക്കാത്തതുകൊണ്ടാണല്ലൊ ലക്ഷ്യം ചിലപ്പോൾ തെററി

പ്പോകുന്നതു്. ഈ ന്യൂനത തീർക്കുവാനായി അതിന്റെ ഉള്ളിൽ ഒരാൾക്കു കിടക്കുവാൻ ഒരു അറ ഉണ്ടാക്കിയിട്ടുണ്ടു്. അതിൽ കിടന്നു് ഒരു മോട്ടാർ തിരിച്ചാൽ കിടക്കുന്ന ആളുടെ ഇഷ്ടംപോലെ ഏതുഭാഗത്തേക്കു വേണമെങ്കിലും ടോർപ്പിഡോവിനെ തിരിച്ചു കൊണ്ടുപോകാം. ശത്രുവിന്റെ കപ്പൽ തിരിയുന്നതിന്റെ ഗതിയനുസരിച്ചു ടോർപ്പിഡോവിന്റെ ഗതിയും മാററാം. ലക്ഷ്യം ഒരിക്കലും തെററുകയില്ല. പക്ഷെ അതിനുള്ളിൽ കിടക്കുന്ന ആൾക്കു മരണം തീർച്ചയാണു്. ടോർപ്പിഡോ ശത്രുവിന്റെ കപ്പലിൽ ചെന്നുമുട്ടി പൊട്ടിത്തെറിക്കുമ്പോൾ അയാളും ഛിന്നഭിന്നമായിപ്പോകും. പക്ഷെ അതുകൊണ്ടെന്താണു്? ജപ്പാന്റെ ശ്രേയസ്സിനു അതു കാരണമാകുമെങ്കിൽ ജപ്പാൻകാരനു് ഈ പ്രകാരത്തിലുള്ള മരണം സ്വർഗ്ഗപ്രാപ്തിക്കു സമമല്ലേ? ഈ ടോർപ്പിഡോ കണ്ടുപിടിച്ചതിനുശേഷം അതിനു പ്രത്യേക ഒരു സൈന്യത്തെ ഏർപ്പെടുത്തുവാൻ അധികാരസ്ഥന്മാർ തീർച്ചപ്പെടുത്തി. ജപ്പാനുവേണ്ടി മരിക്കുവാൻ ഒരുക്കമുള്ള നാന്തറു ദേശാഭിമാനികളെ ആവശ്യമുണ്ടെന്നു് അവർ പ്രസിദ്ധപ്പെടുത്തി. ആ പരസ്യത്തിനു മറുപടിയായി 5000 ചെറുപ്പക്കാർ ആ സൈന്യത്തിൽ ചേരുവാൻ ഒരുക്കമായിരുന്നുവത്രെ! സ്വദേശസ്നേഹം മതഭ്രാന്തുപോലെ ഊർജ്ജിതമായ ഒരു ശക്തിയായി തീർന്നാലല്ലാതെ ഈവിധത്തിലുള്ള ത്യാഗത്തിനു മനുഷ്യർ ഒരുങ്ങുമോ?

ജപ്പാനിൽ കുറെക്കാലം പാർത്തു മടങ്ങിവന്ന ഒരു ഇൻഡ്യാക്കാരൻ പറഞ്ഞതുപോലെ നമുക്കു യൂറോപ്യന്മാരിൽനിന്നല്ല അധികം പഠിക്കാനുള്ളതു്; ജപ്പാൻകാരിൽനിന്നുമാണു്. അവരുടെ ശുചിത്വവും, മര്യാദയും, സത്യവും, ലഘുജീവിതവും, ഐകമത്യവും, ത്യാഗബുദ്ധിയും, ധീരതയും, ഇവയെല്ലാം കടന്നുനില്ക്കുന്ന ദേശഭക്തിയും നാം കണ്ടുപഠിക്കേണ്ടതാണു്. ഈ ലേഖനത്തിന്റെ ആരംഭത്തിൽ പ്രസ്താവിച്ച കഥയിലെ ഒരു പാത്രം തന്നെ ജപ്പാൻകാരെപ്പററി ഇങ്ങനെ പറയുകയുണ്ടായിട്ടുണ്ടു്. "അവർ യാതൊന്നും ശ്രദ്ധിക്കുന്നതായി തോന്നുന്നില്ല. എങ്കിലും ഏതുഭാഗത്തു നടക്കുന്ന സംഭവങ്ങളും അവർ കണ്ടറിയുന്നുണ്ടു്. അവർ ഒന്നിനെപ്പററിയും അന്വേഷിച്ചറിയുന്നുണ്ടെന്നു തോന്നുകയില്ല. എങ്കിലും എല്ലാ വിവരങ്ങളും അവർ വിടാതെ ശേഖരിക്കുന്നുണ്ടു്."

ലോകത്തിലെ മററു രാജ്യക്കാർ ജപ്പാനെപ്പററി പറയുമ്പോൾ ശങ്കയോടും ബഹുമാനത്തോടുംകൂടി സംസാരിക്കുന്നതു് ഇതുകൊണ്ടാണു്. ലോകാഭിപ്രായത്തെ വകവയ്ക്കാതെ, ചീനയോടു തങ്ങൾ അംഗീകരിച്ചിരുന്ന നയത്തെ പരിപാലിച്ചുവന്നതും, അഖിലരാജ്യസംഘത്തിന്റെ ഭീഷണികളെ തൃണീകരിച്ചു് അതിൽനിന്നു വിട്ടുനിന്നതും വാഷിങ്ടണിൽവച്ചുണ്ടായ നാവികക്കരാറു തങ്ങൾക്കു ബാധകമല്ലെന്നു പറഞ്ഞു ഈയിടെ അ

തിൽനിന്നും പിന്മാറിയതും, ഏഷ്യാക്കാരുടെ അഭിമാനത്തേയും സ്വാതന്ത്ര്യത്തേയും സംരക്ഷിക്കണമെങ്കിൽ യൂറോപ്യന്മാരുടേയും അമേരിക്കാക്കാരുടേയും സ്വാധീനത്തിൽ അകപ്പെടാതെ സൂക്ഷിക്കുക എന്നു ചീനയെ ഉപദേശിച്ചതും ഇന്നു ലോകത്തിൽ ഒരു വലിയ ശക്തിയായിതീൎന്നിരിക്കുന്ന ജപ്പാനാണ്. ഒരു നൂററാണ്ടിനുമുമ്പുണ്ടായിരുന്ന ജപ്പാനും ഇപ്പോഴത്തെ ജപ്പാനും തമ്മിലുള്ള അന്തരം ആലോചിക്കുമ്പോൾ ദേശാഭിമാനികളായ ത്യാഗികൾക്ക് അസാദ്ധ്യമായ കാൎയ്യങ്ങൾ വല്ലതും ഉണ്ടോ എന്നു തോന്നിപ്പോകുന്നു. ജപ്പാനെപ്പററി ഇപ്പോൾ പുകഴ്ത്തുന്നവർ അടുത്തകാലത്ത് ഇന്ത്യയെക്കുറിച്ചും അങ്ങനെ പറയുമാറാകുമോ? *

# തൊഴിലില്ലായ്മ പ്രശ്നം

(ശാന്താദേവി.)

ശിബറാം പ്രാതൽ കഴിക്കാൻ ഇരുന്നേയുള്ളു, അപ്പോഴേക്കും അയാളുടെ അമ്മ പറഞ്ഞുതുടങ്ങി. "ശിബു, കുട്ടികൾക്കു മഞ്ഞുകാലത്തേക്കു മുണ്ട് ഒന്നുമില്ല. ഇക്കാലമത്രയും നിന്റെ സഹോദരിയെ അവളുടെ ഭൎത്താവിന്റെ വീട്ടിൽനിന്നും ഒരു തവണയെങ്കിലും കൂട്ടിക്കൊണ്ടു വരുന്നതിന് എനിക്കു സാധിച്ചിട്ടില്ല. ഒന്നിന് എന്തെങ്കിലും സുഖക്കേടുപിടിച്ചാൽ ഒരുതുള്ളി മരുന്നുപോലും കൊടുക്കാൻ എന്നാൽ സാധ്യമല്ല. ഇങ്ങനെ എത്രനാൾ കഴിച്ചുകൂട്ടും?

"നമ്മുടെ തലയിലെഴുതിയിടത്തോളംകാലം" എന്നു പെട്ടെന്നു മുഖം കറുപ്പിച്ചുകൊണ്ടു മകൻ സമാധാനം പറഞ്ഞു.

അയാളുടെ അമ്മ ചോറിന്റെ മീതെ ഒരു കയിൽ "ചാറു" കൂടി ഒഴിച്ചുകൊണ്ടു പറഞ്ഞു. "എന്റെ കുഞ്ഞേ! നീ എന്നെ വല്ലാതെ വിസ്മയിപ്പിക്കുന്നു. എന്റെ വകയായി ഉണ്ടായിരുന്നതു മുഴുവനും ഞാൻ നിന്നെ പഠിപ്പിക്കാനായി ചെലവാക്കി. ഇപ്പോൾ നീ എം. എ. പാസ്സാവുകയും ചെയ്തു. എന്നിട്ടും നിനക്കു നിന്റെ വിധിയെപ്പററി പരിതപിക്കാൻ മാത്രമേ കഴിയുന്നുള്ളു. പതിനാറുകൊല്ലം ഞാൻ നിനക്കുവേണ്ടി പണം ചെലവിട്ടു. നിനക്കു ഞാൻ തന്നതിന്റെ കാൽഭാഗമെങ്കിലും നീ തിരിച്ചു

* 1935-ലെ മാതൃഭൂമി സാംവത്സരിക വിശേഷാൽപ്രതിയിൽനിന്നും.

തന്നിരുന്നുവെങ്കിൽ എനിക്കു സുഖമായിരുന്നു. സമയത്തിന് ആഹാരവും കഴിച്ചു നല്ല അലക്കിയ മുണ്ടുമുടുത്തു നീ വെളിയിൽ പോകും. ഇതു ശരിയാണോ? ന്യായമാണോ? ആരായാലും പണം സമ്പാദിക്കാനുള്ള വഴി വല്ലതും നോക്കണം."

ശിബറാം രോഷത്തോടുകൂടി ഇരുന്നിടത്തുനിന്നു ചാടി എഴുന്നേററു പറഞ്ഞു. "എന്നാലാവുംവിധമെല്ലാം ഞാൻ ശ്രമിക്കുന്നില്ലന്നോ? ഇനി ഞാൻ തലയുംകുത്തി നടക്കണോ? ദിവസവും ഞാൻ പുറത്തുപോകുന്നതു സിനിമായും നാടകവും കണ്ടു രസിക്കാനാണെന്നാണോ വിചാരിക്കുന്നതു? ഞാൻ ജോലിതെണ്ടി നടക്കുകയാണു്."

"നിൻെറ ഇഷ്ടംപോലെയും മനസ്സുപോലെയും ചെയ്യ്. പറഞ്ഞു തരാൻ മാത്രമെ എന്നെക്കൊണ്ടു കഴിയു." എന്നു നിരാശയോടുകൂടി ശിബറാമൻെറ അമ്മ പറഞ്ഞു. അവരം കയിലും 'ചാറു' വച്ച പാത്രവുമായി അടുക്കളയിലേക്കു പോയി. ശിബറാം പുറത്തുള്ള മുറിയിലേക്കു പോയി ഒരു മരക്കട്ടിലിൽ ഒരുകെട്ടു വത്തമാനപ്പത്രവുമായി ചെന്നു കിടപ്പായി.

അയാൾക്കു വത്തമാനപ്പത്രങ്ങൾ വാങ്ങുന്നതിനായി പണമില്ലായിരുന്നു. സ്വന്തമായിട്ടു് അയാൾക്കു് ഒരു മാസത്തിൽ 30 രൂപാമാത്രമേ സമ്പാദ്യമുണ്ടായിരുന്നുള്ളു. ഇതുകൊണ്ടും അയാളുടെ അമ്മയുടെ കൈയ്യിലുണ്ടായിരുന്ന ചില്ലറ സമ്പാദ്യം കൊണ്ടും കുടുംബാവശ്യങ്ങൾക്കു മതിയാക്കേണ്ടിയിരുന്നു. ഒരു ബാരിസ്റ്ററുടെ വീട്ടിൽ അയാൾ ഒരു പ്രൈവററു ട്യൂട്ടരുടെ ജോലി നോക്കി വരുകയായിരുന്നു. അവിടെ നിന്നും ശിബറാം പഴയ വത്തമാനപ്പത്രങ്ങൾ—മിക്കവാറും ഒരു ആംഗ്ലോഇൻഡ്യൻ പത്രം—കൊണ്ടുപോരും. ഈ പത്രങ്ങൾ പിറേറ ദിവസം തിരിച്ചേല്പിക്കണം. അടുത്തു തന്നെ ഖദർ വില്പന നടത്തിയിരുന്ന ഒരു കടയിൽനിന്നും ശിബറാം ഒരു ഇൻഡ്യൻ പത്രം കടം വാങ്ങും. അയാൾ പത്രത്തിലെ "വാണ്ടഡ്" (Wanted) കാളം മുഴുവൻ കാണാപ്പാഠമാക്കാറുണ്ടായിരുന്നു. ഡസ്സൻ കണക്കിനു അയാൾ അപേക്ഷകൾ അയച്ചിട്ടു രണ്ടോ മൂന്നോ എണ്ണത്തിനു മാത്രമേ മറുപടി ലഭിച്ചിട്ടുള്ളു. ഇവിടെ തന്നെയും അയാൾ നേരിട്ടുചെന്നു ഭാഗ്യം പരീക്ഷിപ്പാൻ ശ്രമിച്ചപ്പോൾ തിരിച്ചയക്കപ്പെടുകയാണുണ്ടായതു്. ആരുംതന്നെ അയാൾക്കു സ്വല്പംപോലും പ്രോത്സാഹനം നൽകിയിട്ടില്ല.

ശിബറാം വീണ്ടും പരസ്യം നോക്കിത്തുടങ്ങി. ഒരു ചരിത്രകാരൻ എം. എ.യെ ആക്കും ആവശ്യമുണ്ടായിരുന്നില്ല. നാടു മുഴുവനും ഒരു വലിയ "ഇൻഷ്വറൻസ് ആഫീസായി" പരിണമിച്ചപോലെ തോന്നി. സകല

ക്കും ഏജൻറന്മാരെമാത്രമെ ആവശ്യമുണ്ടായിരുന്നുള്ളു. ഒരു ഏജൻറാകുന്നതിലും അയാൾക്കു വിരോധമുണ്ടായിരുന്നില്ല. എങ്കിലും ഈ വഴിക്ക് അധികം പണം സമ്പാദിക്കുവാൻ സാദ്ധ്യമല്ലെന്നു അയാൾക്കു പൂൎണ്ണബോദ്ധ്യമുണ്ടായിരുന്നു. ശിബറാം കണ്ണടച്ചു തൻെറ പരിചയക്കാരെ എല്ലാം ഒന്നു ഓൎമ്മിച്ചുനോക്കി. അവരിൽ 90-ശതമാനവും ഇൻഷ്വറൻസിൽ ചേരുന്നതിനു വേണ്ട ധനസ്ഥിതിയില്ലാത്തവരായിരുന്നു. ബാക്കി 10 ശതമാനം ഇൻഷ്വറൻസ് ഏജൻറന്മാർ തന്നെ ആയിരുന്നു. ഇൻഷ്വറൻസ് ഏജൻറന്മാരല്ലാതേയും ധനസ്ഥിതിയുള്ളവരായും രണ്ടുപേരെ മാത്രമേ അയാൾക്കു കാണാൻ കഴിഞ്ഞുള്ളു. ഒന്ന് അയാളുടെ മുതലാളി മി: മുകുന്ദറാം ഗോസ്വാമി ബാർ-അററ്-ലായും മററത് അയാളുടെ പ്രൊഫസ്സർ മി: സെന്നും ആയിരുന്നു. രണ്ടുപേരും പ്രായമായവരായിരുന്നു. ബംഗാളിലെ ഇൻഷ്വറൻസ് ഏജൻറന്മാർ എല്ലാവരും ഇക്കാലമത്രയും ഇവരെ രണ്ടുപേരേയും പണ്ടേതന്നെ സമീപിച്ചിട്ടില്ലെന്നു വരുന്നത് അസംഭാവ്യമാണ്. ശിബറാം ഈ പ്ലാൻ നിരാശയോടുകൂടി ഉപേക്ഷിച്ചു. ഒരു ഇൻഷ്വറൻസ്ഏജൻറ് എന്ന നിലയിൽ അയാൾ ഒരിക്കലും വിജയിയാവുകയില്ലതന്നെ. അയാളുടെ മനസ്ഥിതിയും വാതിൽതോറും നടന്നു ആളെ പിടിക്കുന്നതിന് അനുവദിച്ചില്ല. എങ്ങനെ ആരംഭിക്കണമെന്നു മനസ്സിലാക്കാൻ അയാൾക്കു കഴിഞ്ഞുമില്ല.

ശേഷിച്ച പരസ്യമെല്ലാം പ്രൈവററ്ട്യൂട്ടറന്മാരേയും മിഡ്വൈഫന്മാരേയും ആവശ്യപ്പെട്ടുകൊണ്ടുള്ളതായിരുന്നു. ഒരു പ്രൈവററ്ട്യൂട്ടർ എന്ന നിലയിൽ രാവിലേയും വൈകുന്നേരവും ജോലി ചെയ്തിരുന്നതുകൊണ്ട് ആ തരത്തിലുള്ള ജോലി കൂടുതൽ ഭരമേൽക്കുന്നതിന് അയാൾക്കു കഴിയുമായിരുന്നില്ല. രണ്ടാമത്തെ ജോലി ആദായകരമായ ഒന്നായിരുന്നു. ധനാഢ്യന്മാരുടെ ഭാൎയ്യമാരേക്കാൾ കൂടുതൽ ആഭരണങ്ങൾ ധരിച്ചിട്ടുള്ള സൂതികകളെ അയാൾക്കറിയാം. എങ്കിലും ഈ ജന്മത്തിൽ ഈ ജോലിക്കു പ്രയോജനപ്പെടുവാൻ അയാൾക്കു സാധിക്കുകയില്ലായിരുന്നു. കഴിഞ്ഞ ഏഴുജന്മത്തെ സുകൃതസഞ്ചയത്തിൻെറ മാഹാത്മ്യംകൊണ്ടാണ് ഇപ്പോൾ അയാൾ പുരുഷനായി ജനിച്ചിട്ടുള്ളതു്. ഈ ജന്മത്തിലെ പുണ്യമെല്ലാം നശിപ്പിച്ചാൽ അടുത്തതു കൂടുതൽ പ്രയോജനകരമായേക്കാം.

ശിബറാം ആ ഇൻഡ്യൻപത്രം ഉപേക്ഷിച്ച് ആ ആംഗ്ലോഇൻഡ്യൻപത്രമെടുത്തു. കഷ്ടം! എന്തു ചെയ്യട്ടെ! നേഴ്സുകൾക്കും, പതിച്ചികൾക്കും, ആംഗ്ലോ ഇൻഡ്യൻപെൺകുട്ടികൾക്കും മാത്രമേ ഈ ജീവിലോകത്തിൽ എന്തെങ്കിലും കാൎയ്യമുള്ളതായി തോന്നിയുള്ളു. മററതെല്ലാം അനാവശ്യം!

ഈ അവസരത്തിൽ ശിബറാമൻെറ സ്നേഹിതൻ നിതു ഒരു നാടൻബീഡിയും വലിച്ചുകൊണ്ടു കയറിവന്നു. "ഇന്ന് എത്ര ജോലി സമ്പാദിച്ചു ശിബു?" എന്ന് അയാറം ശിബറാമിനോടു ചോദിച്ചു.

ശിബറാം ആ കടലാസും വലിച്ചെറിഞ്ഞിട്ടു പറഞ്ഞു. "ജോലിയോ! ശിവ്ഠന! ഇതു സുവർണ്ണകാലമാണെന്നു നിങ്ങറം കരുതുന്നുണ്ടോ? ഇക്കാലത്തു ജോലി കിട്ടണമെങ്കിൽ മുഖത്തും ചുണ്ടത്തുമെല്ലാം ചായം തേച്ചു ഗൗൺ ധരിക്കണം. എൻെറ ചെങ്ങാതി, ഞാൻ എന്നെങ്കിലും കല്യാണം കഴിക്കുകയാണെങ്കിൽ പെൺകുട്ടികറം ഉണ്ടാകാൻ പ്രാർത്ഥിക്കും. ആ കുട്ടികറംക്കു മേരി, കാററി, ഡാളി എന്നെല്ലാം പേരുമിടും. ഞാൻ ഒരു പുരുഷനാണ് എന്നുതന്നെയുമല്ലാ, ഈ ശിബറാം എന്ന പേരു് ഒരു നശിച്ച പേരുമാണ്. അതുകൊണ്ട് ഇപ്പോറം എനിക്കു നല്ലകാലമല്ല. എന്നിട്ടും ഉദ്യോഗമൊന്നും സമ്പാദിക്കാത്തതുകൊണ്ട് അമ്മ എന്നെ ഇവിടെനിന്നും അടിച്ചിറക്കാൻ ഭാവിക്കുകയാണ്."

"എൻെറ സ്നേഹിതൻ, കരയണ്ട" എന്നു നിതു അയാളുടെ പുറത്തു കൊട്ടിക്കൊണ്ടു പറഞ്ഞു. "സ്വാശ്രയത്തിൻെറ കാലമാണിതു്. നിങ്ങറം ഗുമസ്തനോ മററോ ആയിക്കൊള്ളണമെന്നു നിർബ്ബന്ധമൊന്നുമില്ല. എന്താണു നിങ്ങറം മററു തൊഴിലുകറംക്കൊന്നും ശ്രമിക്കാത്തതു്? ഞാൻ നിങ്ങളുമായി സഹകരിക്കുന്നതിനു തയ്യാറാണ്. സ്ഥിരപരിശ്രമം വിജയത്തിലെത്തിക്കുമെന്നു നിങ്ങറംക്കു് അറിയരുതോ? നാം സത്യമായി പരിശ്രമിച്ചാൽ അഭിവൃദ്ധിപ്പെടുമെന്നു തീച്ച്യയാണ്."

ശിബു:— "അതിർകടന്ന ശുഭാപ്തി വിശ്വാസമാകരുതു് നിതു. പണമുണ്ടാക്കാൻ പണം വേണമെന്നറിയരുതേ. നമുക്കു മൂലധനമെവിടന്നാണ്?"

നിതു:— "വലിയ മുതൽമുടക്കൊന്നും ആവശ്യമില്ലാത്ത എന്തെങ്കിലും ഒന്നിനു നാം ശ്രമിക്കണം. ഉദാഹരണമായി ഒരു ലഘുഭക്ഷണശാലതന്നെ തുടങ്ങണം. ദിവസേന പാകംചെയ്യുന്ന പലഹാരവും മാംസവുമെല്ലാം നമുക്ക് അന്നന്നുതന്നെ വില്ക്കാൻ സാധിക്കും. അങ്ങനെ നമുക്ക് ഒരു മൂലധനം സമ്പാദിക്കാം."

"ഓഹോ! അങ്ങനേയോ!" ശിബു ചിരിച്ചുകൊണ്ടു പറഞ്ഞു. "നാം ഉണ്ടാക്കുന്ന പലഹാരങ്ങറം എല്ലാം അന്നന്നുതന്നെ വിററുതീക്കാൻ സാധിക്കുമെന്ന് ആരു പറഞ്ഞു? വേറൊരുത്തൻെറ കടയിൽനിന്നും വാങ്ങുമ്പോറം ഇതിനെല്ലാം നല്ല സ്വാദാണ്. നാം ഉണ്ടാക്കിയിട്ടു വില്ക്കാതെ നമ്മുടെ കൈയ്യിൽ ഇരിക്കുമ്പോറം അതിനു പകുതി സ്വാദു കാണുകയില്ല. വില്ക്കാത്തവയെല്ലാം തട്ടംതട്ടമായി നമ്മുടെ കടയിൽനിന്നും വീട്ടിലേക്കു

ചുമക്കേണ്ടതായി വരും. അങ്ങനെ മൂലധനം വർദ്ധിപ്പിക്കുന്നതിനു പകരം അതു ദിവസേന അതിനെ ക്ഷയിപ്പിക്കും."

നിതു:— "നീ എന്തു ഭീരുവാണപ്പാ! പുരുഷനായാൽ സ്വല്പം ധൈര്യം വേണം. 'ഉത്സാഹിനം പുരുഷസിംഹമുപൈതിലക്ഷ്മീ' എന്ന സംസ്കൃതപദ്യം നീ കേട്ടിട്ടില്ലേ?"

ശിബു:— "ഞാൻ പഠിച്ചിട്ടുള്ളിടത്തോളം സംസ്കൃതമെല്ലാം മറന്നുപോയി. പള്ളിക്കൂടം വിട്ടതിനുശേഷം ഒരു സംസ്കൃതപുസ്തകംപോലും ഞാൻ തുറന്നുനോക്കിയിട്ടില്ല."

നിതു:— "ആട്ടെ കൊള്ളാം. ഉപദ്രവമൊന്നുമില്ലാത്ത ഒന്നിനുവേണ്ടി പരിശ്രമിക്കാം. അതിന് ഒട്ടുംതന്നെ മൂലധനം ആവശ്യമില്ല. ഒരു കാവിവസ്ത്രവും, ഒരു തലേക്കെട്ടും, ഒരു ഹസ്തരേഖാശാസ്ത്രഗ്രന്ഥവും മതി,"

ശിബു:— "നല്ല ഭദ്രമായ കാര്യം! ഹസ്തരേഖാശാസ്ത്രത്തെപ്പററി എനിക്ക് എന്തറിയാം? സംഭവിക്കാൻ ഇടയില്ലാത്ത വല്ലതും ജനങ്ങളോടും പറയാം. കുറെ കഴിയുമ്പോൾ അവരെന്നെ തല്ലാൻവരും. പോരെങ്കിൽ കൽക്കട്ടയിൽ വേഷംമാറി ആളറിയാതെ നടക്കാൻ സാധിക്കുന്നതു് എങ്ങിനെയാണ്? എന്റെ വിദ്യാർത്ഥിമിത്രങ്ങൾ കണ്ടുപിടിച്ചാൽ അവരെന്നെ തീർച്ചയായും നരകത്തിലയയ്ക്കും."

നിതു:— "ഓ, നീ വലിയ ഒരു സിദ്ധാന്തതന്നെ! എന്തു്, ഒരു കൈനോട്ടക്കാരനാകുന്നതു് പാപമാണോ?"

ശിബു:— "ഒരു വ്യാജനാട്യത്തിൽ പണം വസൂലാക്കുന്നതു് പാപമാണെന്നാണു ഞാൻ വിചാരിക്കുന്നതു്. അതു് ഒരു പാപമല്ലെങ്കിൽ കൊലപാതകം അല്ലാത്തതൊന്നും പാപമാകുന്നതല്ല."

നിതു:— "എല്ലാ വ്യാപാരികളും ജോലിക്കാരെപോലെതന്നെ വ്യാജനാട്യങ്ങളെക്കൊണ്ടാണു ധനമാർജ്ജിക്കുന്നതു്. വക്കീലന്മാർ, ബാരിസ്റ്ററന്മാർ, വൈദികന്മാർ, തട്ടാന്മാർ, അലക്കുകാർ, ക്ഷുരകന്മാർ മുതലായവരെല്ലാം സത്യത്തിൽ കൂടുതൽ അസത്യം പറയുന്നവരാണ്."

ശിബു:— "അതു് അങ്ങനെയായിരിക്കാം. എങ്കിലും ഞാൻ അവരെ അനുകരിക്കാൻ നിശ്ചയിച്ചിട്ടില്ല. എന്നുതന്നെയല്ല അതേപ്പററി ഒരു വാദപ്രതിവാദം നടത്താൻ ഞാൻ തയ്യാറുമില്ല. ഞാൻ എന്തെങ്കിലും വഴി കിട്ടുമോ എന്നന്വേഷിച്ചു പുറപ്പെടാൻ ആലോചിക്കുകയാണ്."

നിതു ഈ സൂചന ഗ്രഹിച്ചു. വേറെ ഒരു ബീഡിയും കത്തിച്ചു അയാൾ പുറത്തേക്കുപോയി.

ശിബു ഷർട്ടുമിട്ടു നിത്യ പോയവഴിക്ക് എതിരേയുള്ള റോഡിൽക്കൂടി നടകൊണ്ടു. വഴിയിലുള്ള ക്ഷുരകപ്പുരകളിലും, അലക്കുപുരകളിലും, വസ്ത്രങ്ങൾക്കു ചായമിടുന്ന സ്ഥലങ്ങളിലും എല്ലാം അയാൾ നോക്കി. ഇവക്ക് ആർക്കും വലിയ മൂലധനമൊന്നും ആവശ്യമുള്ളതായി തോന്നിയില്ല. എന്നു തന്നെയല്ല അവരുടെ വ്യാപാരസാമഗ്രികളും പലഹാരത്തിന്റെയും മററുംപോലെ ചീത്തയായി പോകുന്നതുമല്ലായിരുന്നു. എന്നാൽ മുടിവെട്ടുന്ന വിദ്യയോ മുണ്ടലക്കുന്ന വിദ്യയോ അയാൾക്കു വശമുണ്ടായിരുന്നില്ല. അയാൾക്കുവേണ്ടി ഈ ജോലികൾക്കു മററുള്ളവർക്കു പണം കൊടുക്കാമെന്നുവച്ചാൽ പിറേറദിവസം അയാൾ പാപ്പരാകും. ഇതിനും പുറമേ കടയുടെ വാടകയും കൊടുക്കണം. വേണ്ടിടത്തോളം ഇടപാടുകാരെ കിട്ടിയില്ലെങ്കിൽ കാര്യമെല്ലാം കൂടുതൽ വഷളാകും.

അയാൾ ഒരു ക്ഷുരകന്റെ കീഴിൽ പരിശീലിക്കാൻ ഒരുങ്ങുമായിരുന്നു. അപ്പോൾ ഒരു ഗൗൺ ധരിച്ചു് ഒരു ക്ഷുരകപ്പുരയിൽനിന്നു ജോലി ചെയ്താൽ ആരും അയാളെ അപഹസിക്കുകയില്ല എങ്കിലും കൽക്കട്ടയിൽ ആളെ അറിയിക്കാതെ താമസിക്കാൻ കുറെ വിഷമമാണു്. തന്റെ മാനം നശിപ്പിക്കുന്ന കാര്യത്തിൽ ശിബറാമിനു സങ്കോചമുണ്ടായിരുന്നു.

വൈകുന്നേരം തന്റെ ശിഷ്യനെ പഠിപ്പിച്ചശേഷം ശിബറാം വീട്ടിലേക്കു തിരിക്കുകയായിരുന്നു. വിലകുറഞ്ഞ തൈലങ്ങൾ, മലമ്പനിക്കുള്ള മരുന്നു മുതലായവയുടെ ഒരു ഏജൻസി എടുക്കുന്നകാര്യം അയാൾ ആലോചിച്ചുനോക്കി. അത്തരത്തിലുള്ള ഒരു ഏജൻസി സമ്പാദിക്കുവാൻ വലിയ വിഷമവുമില്ലായിരുന്നു. എന്നാൽ ആരും ഇക്കാര്യത്തിൽ സ്വല്പം പോലും പ്രോത്സാഹനം നൽകിയില്ല. “ഒരു വലിയ ചെണ്ടയുമായി പോയാൽ ഒരു പക്ഷേ ആളുകൾ നിങ്ങളെ ശ്രദ്ധിച്ചേക്കാം. അല്ലെങ്കിൽ നിങ്ങളുടെ വ്യാപാരസാധനം നിങ്ങളുടെ കൈയിൽതന്നേയിരിക്കും” എന്നാണു എല്ലാവരും പറഞ്ഞതു്.

വീട്ടിൽ എത്തിയപ്പോൾ അടുക്കളയുടെ മുമ്പിൽ കുറെ സ്ത്രീജനങ്ങൾ കൂട്ടംകൂടിയിരിക്കുന്നതായി അയാൾ കണ്ടു. അവരിൽ അധികവും വൃദ്ധകളോ വാർദ്ധക്യത്തോടു അടുത്തവരോ ആയിരുന്നു. അയാളുടെ അമ്മ പാചകവൃത്തിയിൽനിന്നു വിരമിച്ചു അവരുടെ സംഭാഷണത്തിൽ സാകൂതം ശ്രദ്ധിച്ചുനിന്നതുകൊണ്ടു് അവർ ഏതോ ശുഭവാർത്താവാഹകരാണെന്നു് അയാൾക്കു തോന്നി. അവൾ കൂടക്കൂടെ അടുക്കളയിൽപോയി അടുപ്പിൽ കിടന്ന പുഴുക്കു ഇളക്കിയുംവച്ചു തിരിച്ചുവന്നു വീണ്ടും സംഭാഷണത്തിൽ ശ്രദ്ധിച്ചുകൊണ്ടിരുന്നു. ചുമരിൽ തൂങ്ങിയിരുന്ന ഒരു ഹറിക്കെയിൽ വിളക്കിന്റെ മങ്ങിയവെളിച്ചം അവിടെ നിന്നിരുന്ന സ്ത്രീകളുടെ മുഖത്തും ദേഹ

ത്തിലും തട്ടി. എന്നാൽ ശിബുവിനു അവരെയെല്ലാം നല്ല പരിചയമായിരുന്നതുകൊണ്ട് അവരുടെ ദേഹംകൊണ്ടും ശബ്ദംകൊണ്ടും അവർ ആരല്ലാമാണെന്നു മുഖംനോക്കാതെ തന്നെ പറയാൻ കഴിയുമായിരുന്നു.

സ്ത്രീകരം അയാളുടെ കാലൊച്ച കേട്ടപ്പോഠം അക്ഷമരായി ഭവിച്ചു എല്ലാവരും മനമില്ലാമനസ്സോടെ പോകുന്നതിനായി എഴുന്നേററു. ആ നിവേദകസംഘത്തിൻെറ നേതാവെന്നുതോന്നിയ വൃദ്ധതാരിണി, രോമം കൊഴിഞ്ഞ തലയിൽ വസ്ത്രം വലിച്ചിട്ടുകൊണ്ടു ശിബുവിൻെറ അമ്മയുടെ ചെവിയിൽ മന്ത്രിച്ചു. "നിൻെറ മകൻ വന്നിരിക്കുന്നു. പോയി അവന് അത്താഴം കൊടുക്ക്. ഞാനിപ്പോഠം പറഞ്ഞതു് മറന്നുപോകരുതു്. ഒന്നു നല്ലപോലെ ആലോചിച്ചു നാളെ വരുമ്പോഠം സമാധാനം പറയണം."

"സന്തോഷത്തിലും സന്താപത്തിലും ഉപകരിക്കുന്ന നിങ്ങഠം പറയുന്നതു് എങ്ങിനെ മറക്കും" എന്നുപറഞ്ഞു് അടുക്കളമുറിയിലേക്കു അവർ തിരിച്ചു.

പോകുന്നവഴിക്കു വർത്തമാനം പറഞ്ഞുകൊണ്ട് അവിടെ കൂടിയിരുന്ന സ്ത്രീകളെല്ലാം അവരവരുടെ ഗൃഹത്തിലേക്കുപോയി. പടിക്കുപുറത്തു ചെന്ന് എല്ലാവരുംകൂടി ഒരു വലിയ പ്രസംഗം നടത്തിയശേഷമാണ് അവരവരുടെ വഴിക്കു തിരിച്ചതു്.

ശിബുവിൻെറ അമ്മ അടുക്കളയുടെവാതൽ അടച്ചു പുറത്തു വരാന്തയിൽവന്നു. "ശിബു, കൈയും കാലും കഴുകി വേഗംവാ. ചൂടാറും മുമ്പേ അത്താഴം കഴിക്ക്. ആറിത്തണുത്താൽ ആഹാരം കഴിക്കാൻ വിഷമമാകും." എന്നു മകനോടു പറഞ്ഞു.

ശിബു പലകയുമിട്ടു അത്താഴത്തിനു് ഇരുപ്പായി. അമ്മയുടെ സ്വഭാവം സ്വല്പം ഭേദപ്പെട്ടുകണ്ടതിൽ അയാഠക്കു സന്തോഷം തോന്നി.

അമ്മ അയാളുടെ മുമ്പിൽ വിഭവങ്ങളെല്ലാം വിളമ്പി. "ദൈവാധീനംകൊണ്ടു നിനക്കു വയസ്സ് ഇരുപത്തഞ്ചായി. നീ കല്യാണം കഴിക്കുന്നില്ലേ?" എന്ന് അയാളോടു ചോദിച്ചു.

ശിബു:— "ഉള്ളതു തിന്നുതീക്കാൻ ഇപ്പോഴുള്ള ആളുകരം പോരെന്നാണോ കണക്കാക്കി കണ്ടുപിടിച്ചതു്? എന്താ സഹായിക്കാൻ വേറെ ആഠം വേണോ?"

അമ്മ:— "നിൻെറ തക്കുത്തരമൊന്നും കേഠക്കണ്ടു. എല്ലാവരും അതാതു പ്രായത്തിൽ കല്യാണം കഴിക്കേണ്ടതാണ്. അതു് ന്യായവുമാണ്. ചെറുപ്പക്കാരെല്ലാം അലഞ്ഞുനടക്കാതെ അവരെ വീട്ടിൽതന്നെ കെട്ടിയിടേണ്ട കാലമാണ്."

ശിബു:— "ഒരു മരുമകൾക്കുകൂടി ഉണ്ണാനും ഉടുപ്പാനും കൊടുപ്പാൻ അമ്മയ്ക്കു കഴിയുമെങ്കിൽ കല്യാണം കഴിക്കുന്നതിന് എനിക്ക് ഒരു വിരോധവുമില്ല. ഭംഗിയായി അലങ്കരിച്ച ഒരു പല്ലക്കിൽകയറി ഭംഗിയായി വസ്ത്രം ധരിച്ചു പോയി കല്യാണം കഴിക്കേണ്ട ഭാരം മാത്രമേ എനിക്കുള്ളു.

അമ്മ:— എല്ലാരെപ്പോലെ നിനക്കും ഒരു ഭാര്യയെ പുലർത്താൻ ത്രാണിയുണ്ട്. ഒരു സർവ്വകലാശാലാബിരുദങ്ങൾ എല്ലാം നീ സമ്പാദിച്ചിട്ടുണ്ട്. സരസ്വതി നല്ലപോലെ അനുഗ്രഹിച്ചിട്ടുണ്ടെങ്കിലും ലക്ഷ്മീദേവി വിപരീതയാണെന്നു മാത്രമേയുള്ളു.

മകൻെറ വിദ്വത്വത്തെപററിയുള്ള അമ്മയുടെ ഈ അഭിമാനം കണ്ടപ്പോൾ ശിബുവിനു ചിരിവന്നു. കഷ്ടം! നമ്മുടെ സർവ്വകലാശാലകളിലെ ഒരു എം. എ. ഡിഗ്രി! അധികം ജാതിത്തൊഴിലുകൾക്കും അയാൾ കൂടുതൽ അപ്രാപ്തനായിതീർന്നിട്ടേയുള്ളു.

മകൻെറ നിശ്ശബ്ദതകണ്ട് അമ്മ വീണ്ടും തുടങ്ങി. "ഓരോരുത്തരിങ്ങനെ പല ആലോചനകളും കൊണ്ടുവരുകയുണ്ടായിട്ടുണ്ടെങ്കിലും അതൊന്നും ഞാൻ ശ്രദ്ധിച്ചിട്ടില്ല. എന്നാൽ ഇപ്പോൾ ഒരു ശരിയായ സൌന്ദര്യ റാണിയെപ്പററിയാണ് പറയുന്നത്. ഒരു കുഞ്ഞായിരിക്കുമ്പോൾ ഞാൻ അവളെ കണ്ടിട്ടുമുണ്ട്. പിന്നീട്ട അവർ ഇവിടെ നിന്നും മാറിത്താമസിച്ച കാരണം ഞാൻ അവളെ കാണുകയുണ്ടായിട്ടില്ല. അവൾക്ക് ഈ മാസത്തിൽ വയസു പതിനേഴായി എന്നും കണ്ടാൽ നല്ലതാണെന്നും മററും താരണിച്ചേട്ടത്തി പറയുകയായിരുന്നു. അവളുടെ കൈയ്യിനും കാലിനും നല്ല പുഷ്ടിയുണ്ടെന്നും അവളുടെ മുഖം ഒരു ജ്ഞാതത്തിയുടേതുപോലെയിരിക്കുന്നുവെന്നും ആണ് അവർ പറയുന്നത്. സ്വല്പം നീണ്ടമുഖവും നല്ല ഭംഗിയുള്ള തലമുടിയുമാണ്. ഒരു കുററം പറയാനുള്ളതു് ഒരു പല്ലിനു സ്വല്പം നീളമുണ്ടെന്നുള്ളതു മാത്രമാണ്".

ഈ സൗന്ദര്യവിഗ്രഹത്തെ കല്യാണം കഴിക്കണമെന്നു ശിബറാമിനു വലിയ ആഗ്രഹമൊന്നും തോന്നിയില്ല. എങ്കിലും ഈ ചെറിയ ദൂഷ്യം അവളുടെ സൗന്ദര്യത്തെ ഒന്നുകൂടി വർദ്ധിപ്പിക്കുമെന്നു അയാൾക്കു തോന്നി.

ശിബു:— ദോഷൈകദൃക്കായ താരിണിയെ തൃപ്തിപ്പെടുത്തിയ ഒരു പെൺകിടാവു വിവാഹിതയാകുവാൻ യോഗ്യയാണ്. പക്ഷേ അമ്മയുടെ മകനും മുഖത്തു് ഒരു കുററമുണ്ട്.

അമ്മ:— "അതെന്താ ഇത്ര പറയാനുള്ളതു്. അതു് ഒരു പുരുഷനു വലിയ കുറവൊന്നുമല്ല. നിൻെറ താടിയിൽ കാണുന്ന ആ പാടു കുട്ടിക്കാലത്തു് ഒരിക്കൽ വീണപ്പോൾ പററിയതാണ്"

ശിബു:— ഞാൻ ആ പാടിനെപ്പററിയല്ല പറയുന്നതു്. ഇതിനേക്കാരം വലിയ ഒരു കുറവുണ്ടു്. ദിവസേന നാലു് ആഹാരംവീതം വേണ്ട ഒരു വലിയ ദ്വാരം എൻെറ മുഖത്തുണ്ടു്.

അയാളുടെ അമ്മയുടെ മുഖത്തു് ഒരു നീരസഭാവം പ്രത്യക്ഷപ്പെട്ടു. അവരം പറഞ്ഞു:—"ആ കുട്ടിയുടെ അച്ഛൻ മരിച്ചുപോയി. അല്ലെങ്കിൽ അവളെ പണ്ടേതന്നെ സംപത്തുള്ള വല്ല കുടുംബത്തിലും കല്യാണം കഴിച്ചുകൊടുക്കുമായിരുന്നു. ഇപ്പോരം കുറെ ബുദ്ധിമുട്ടുള്ളതുകൊണ്ടാണു നമ്മെപ്പോലുള്ള സാധുക്കളെ അന്വേഷിച്ചു വന്നിരിക്കുന്നതു്. നേരംപോക്കു കളഞ്ഞു നീ കല്യാണം കഴിക്കുമോ ഇല്ലയോ അതു പറ."

ശിബു:— "ഞാൻ ആദ്യമായി അതേപ്പററി ആലോചിക്കട്ടെ." അയാരം വേഗത്തിൽ ഊണുകഴിച്ചു വെളിയിലേക്കിറങ്ങി.

ഈ പുണ്യഭൂമിയായ ബങ്കാളത്തിൽ വിവാഹവും ഒരു തൊഴിലാണെന്നുള്ള വസ്തുത ശിബറാം ഇതുവരെ മറന്നിരിക്കുകയായിരുന്നു. അയാരം ഇപ്പോരം വ്യഗ്രതയോടെ അക്കഥ ഓർമ്മിച്ചു. അപ്പോരം ഈ സൗന്ദര്യറാണിക്കു പിതാവില്ല. അതുകൊണ്ടു് അവരംക്കു വലിയ സ്ത്രീധനത്തിനു വഴിയില്ല. ബംഗാളിലെ ഒരു സൌന്ദര്യധാമത്തിനു് ആ ബിരുദു് അധികകാലം വച്ചുകൊണ്ടിരിപ്പാൻ സാധ്യമല്ല. പത്തുപന്ത്രണ്ടു കൊല്ലത്തിനകം അത്രയും കുട്ടികളുടെ മാതാവായി അവളുടെ സൗന്ദര്യത്തിൻെറ കണികപോലും നാമാവശേഷമാകും. അതുകൊണ്ടു സൗന്ദര്യത്തേക്കാരം സ്ഥായിയായ എന്തെങ്കിലും നൽകാൻ പ്രാപ്തിയുള്ള ഒരു തറവാട്ടിൽനിന്നും വിവാഹം കഴിക്കണം. പോരെങ്കിൽ അയാളുടെ കലാശാലാബിരുദു് ധനാർജ്ജനത്തിനുള്ള ത്രാണി അയാരംക്കു പ്രദാനം ചെയ്തിട്ടില്ലെങ്കിലും തൻെറ ഭാവിശാപരൻെറ മടിശ്ശീലയുടെ കെട്ടു അഴിക്കുന്നതിനു് അതു് പ്രേരകമായേക്കുമെന്നു് അയാരംക്കു തോന്നി.

രാത്രിയിൽ അയാരം ആലോചിച്ചുകൊണ്ടു കിടപ്പായി. ഒരു വിരൂപയായ പെൺകുട്ടിയെ കല്യാണം കഴിച്ചു നല്ല ഒരു തടിച്ച സ്ത്രീധനം വാങ്ങാൻ അയാരം ആഗ്രഹിച്ചു. ഒരു പുതിയ പ്ലാൻ അയാളുടെ ബുദ്ധിയിൽ ഉദിച്ചു ക്രമേണ പൂർണ്ണമായി. രാവിലെ ഒരു രൂപയുമെടുത്തു അയാരം ഒരു ഇന്ത്യൻപത്രമാഫീസിലേക്കു തിരിച്ചു. അവിടെ "മാട്രിമോണിയൽ" കാളത്തിൽ സ്ത്രീധനത്തോടുകൂടിയ ഒരു വധുവിനെ ആവശ്യമുണ്ടെന്നു ഒരു പരസ്യം ചേർപ്പിച്ചു.

(തുടരും)

# ശ്രീമാൻ ആർ. ഈശ്വരപിള്ള അവർകൾ

[ സി. ജി. നീലകണ്ഠപ്പിള്ള ]

ഏകദേശം 15 കൊല്ലത്തിനുമുമ്പാണെന്നു തോന്നുന്നു, ഞാൻ ഒരു പള്ളിക്കൂടംവാദ്ധ്യാരായിരുന്ന കാലത്ത്, ഇപ്പോൾ പറവൂർ വി. എം. സ്കൂൾ ഹെഡ്മാസ്റ്ററായിരിക്കുന്ന മി: ഡി. ഗോവിന്ദൻകർത്താവുമൊന്നിച്ച്, ഒരു പ്രഭാതത്തിൽ ശ്രീമാൻ ആർ. ഈശ്വരപിള്ള അവർകളെ കാണാൻ പോയി. മലയാംപള്ളിക്കൂടം അദ്ധ്യാപകന്മാർക്ക് അന്നു 10 രൂപ ആയിരുന്നു വേതനം. അതു വർദ്ധിപ്പിച്ചുകിട്ടുവാൻ ഒരു മെമ്മോറിയൽ എഴുതിക്കാനാണു ഞങ്ങൾ പോയതു്. അന്നു കാര്യങ്ങൾ എല്ലാം പറഞ്ഞു പോരികയും പിറേറദിവസം ചെല്ലാൻ അദ്ദേഹം എന്നെ ചട്ടംകെട്ടുകയും ചെയ്തു. പിറെറദിവസം എന്നോടു ചിലതെല്ലാം—എൻെറ കുടുംബസ്ഥിതികൾ—ചോദിച്ചശേഷം സംഗ്രഹമായി, എന്നാൽ യുക്തിയുക്തമായി—ഹൃദയസ്പൃക്കായി—ഒരു മെമ്മോറിയൽ എഴുതിതരികയും ചെയ്തു. അതു് അദ്ദേഹത്തിൻെറ ഇംഗ്ലീഷ്ഭാഷാരചനയിലുള്ള വാസനയെ സ്പഷ്ടമാക്കുന്നതുംകൂടിയായിരുന്നു. ഭാവിപൗരന്മാരെ സൃഷ്ടിക്കുന്ന ഭാരമേറിയ ജോലി വഹിക്കുന്നവർ അന്നവസ്ത്രാദികൾക്കുപോലും തികയാതെ ശുദ്ധോപവാസം അനുഷ്ഠിക്കുന്നു എന്നും, ജീവിക്കാൻ 15 രൂ. എങ്കിലും അനുവദിച്ചുതരണമെന്നും ആയിരുന്നു മെമ്മോറിയലിൻെറ രത്നചുരുക്കമെന്നാണെൻെറ ഓർമ്മ. അന്നു് അദ്ദേഹം മഹർഷിവാക്കെന്നപോലെ "12 രൂ. കിട്ടും" എന്നു പറഞ്ഞുപോയതു പിന്നീട് ഫലിക്കയും ചെയ്തു.

അക്കാലത്തു് അദ്ദേഹം സർക്കാർജീവനത്തിൽനിന്നും അടുത്തുൺ പററി വിശ്രമിക്കയാണെന്നു പറയാമെങ്കിലും "പറവൂർ മുനിസിപ്പൽ പ്രസിഡണ്ട്" എന്ന ഭാരമേറിയ ജോലികൂടി വഹിക്കുന്നുണ്ടായിരുന്നു. 11 മണിക്കുമുമ്പു ഭക്ഷണം കഴിച്ച് അല്പം വിശ്രമിച്ചശേഷം അടുത്തുള്ള മുനിസിപ്പൽ ആഫീസിലേക്കു മുടങ്ങാതെ പോകും. അതാതുദിവസത്തെ എഴുത്തുകുത്തുകൾ അതാതുദിവസംതന്നെ തീക്കും. മററു കാര്യങ്ങളെ സംബന്ധിച്ചും വേണ്ട ഗുണദോഷം നൾകും. അന്നു് ഉച്ചതിരിഞ്ഞു രണ്ടുതവി പാൽകാച്ചിയതു കുടിക്കാറുണ്ടായിരുന്നു. രാവിലെ ആഹാരമൊന്നുമില്ല. കാലത്തെ പെറിയ തുമ്പാപ്പണി, വെള്ളംകോരൽ മുതലായി ചില്ലറ കൃഷിപ്പണിയാണു്. മഞ്ഞുകാലത്തു തലയിൽ ഒരു തോർത്തുംകാണും. അതു കഴിഞ്ഞാൽ സന്ദർശകന്മാരുമായി സംസാരിക്കും—അതെല്ലാം 'മിതം ച സാരം' എന്ന മട്ടിൽ തന്നെ. എന്നാൽ ചിരിയുടെ കാര്യം ഞാൻ കേട്ടിട്ടുള്ളപോലെയല്ല. ചില

പ്പോൾ കാലത്തും ചിലപ്പോൾ ഉച്ചയ്ക്കും വല്ലതും എഴുതുകയും വായിക്കുകയും ചെയ്യും. എഴുതുമ്പോഴോ വായിക്കുമ്പോഴോ മററാരു വന്നുനിന്നാലും അറിയാറില്ല. അപ്പോൾ രസമല്ലെന്നു വിചാരിച്ചിട്ടോ എന്തോ അധികം ആരും സമീപത്തിൽ ചെല്ലാറുമില്ല. അധികം താമസിയാതെ ഞങ്ങൾ അദ്ദേഹത്തിൻെറ പത്രാധിപത്യത്തിൽ "ഗുരുനാഥൻ" മാസിക യാതൊരു മൂലധനവും ഇല്ലാതെ തുടങ്ങി. ധനസംബന്ധമായ സഹായം അധികവും ലഭിച്ചതു മെസ്സെഴ്സ്, പി. ആർ. നീലകണ്ഠൻനായർ, കെ. ആർ. ഗോവിന്ദപ്പിള്ള (രണ്ടുമൂന്നു കൊല്ലത്തിനുമുമ്പാണ് ഇദ്ദേഹം പരലോകം പ്രാപിച്ചതു്) എന്നീ മാന്യന്മാരിൽനിന്നുമാണ്. എങ്കിലും ലേഖനസംബന്ധമായി ഗണ്യമായ സഹായം ചെയ്തതും ചെയ്യുന്നതും അന്നും ഇന്നും ഇദ്ദേഹംതന്നെ. എന്നുതന്നെയല്ല, ഇദ്ദേഹത്തിൻെറ ഹസ്താവലംബം ഇല്ലായിരുന്നു എങ്കിൽ 'ഗുരുനാഥൻ' മാസികയ്ക്കു് ഇത്രയും പ്രായംതികയാൻ സംഗതിവരില്ലായിരുന്നു—തീർച്ചതന്നെ. അദ്ദേഹത്തിൻെറ കൈപ്പട ഒരു തലേലെഴുത്തുതന്നെയാണ്. ഒരു വടിവുണ്ടെങ്കിലും അതിലെ ലിപി—ഭാഷ—കുറെ പഠിച്ചേ വശമാകൂ. ഒന്നുരണ്ടു് മാസംകൊണ്ടു ആ ഭാഷ ഒരുവിധം ഞാൻ വശമാക്കി. അതിൽ അദ്ദേഹം എഴുതിയ ലേഖനം ഞാൻ പകർത്തി അദ്ദേഹത്തിനെ ഏല്പിക്കും. പിന്നീട് അദ്ദേഹംതന്നെ തിരുത്തും. തെററിച്ചെഴുതിയാൽ അബദ്ധം ഇന്നതാണെന്നു് എന്നെ മനസ്സിലാക്കും. ഈ വിധത്തിൽ ഒരു പത്തുകൊല്ലം എനിക്കു കഴിഞ്ഞുകൂടാൻ ഭാഗ്യം ലഭിച്ചു. ഈ സുവർണ്ണകാലത്താണ് എൻെറ സ്വഭാവത്തിന് ഒരു മാർദ്ദവവും വിചാരത്തിന് ഒരു മാററവും, ഭാഷാവിഷയത്തിൽ ലഘുവായ ജ്ഞാനവും, മനസ്സിന് അല്പം വെളിച്ചവും ഉണ്ടായതു് എന്നാണെൻെറ വിശ്വാസം. ഈ ഘട്ടം ഇന്നും എനിക്കു സുസ്മരണീയമായിത്തന്നെയിരിക്കുന്നു. അന്ന് എന്നെ ഏതെല്ലാം സംഗതികളിലാണു ഗുണദോഷിച്ചിട്ടുള്ളതെന്നും, ഏതെല്ലാം സംഗതികളിലാണു ശാസിച്ചിട്ടുള്ളതെന്നും, ഏതെല്ലാം സംഗതികളാണ് എന്നോടു് ആജ്ഞാപിച്ചിട്ടുള്ളതെന്നും ഇന്നോർമ്മിക്കുന്നില്ല.

അന്ന് ഞാൻ അദ്ധ്യാപകനായിരുന്നു എന്നു മുമ്പേ പറഞ്ഞിട്ടുണ്ടല്ലോ. സർക്കാർ അദ്ധ്യാപകവൃത്തിയും പത്രപ്രവർത്തനവും തമ്മിൽ നല്ല പൊരുത്തമുള്ളതല്ല. അക്കാലത്തു് അദ്ധ്യാപകന്മാരുടെ ശമ്പളക്കൂട്ടലിനുവേണ്ടി പല പ്രക്ഷോഭണങ്ങളും ഉണ്ടാവുകയും അതിൽ എനിക്ക് ഒരു പ്രധാനഭാഗം വഹിയ്ക്കേണ്ടിവരികയും നിർഭാഗ്യവശാലൊ ഭാഗ്യവശാലൊ അവിചാരിതമായി സർക്കാർഉദ്യോഗം നഷ്ടപ്പെടുകയും ചെയ്തു. എങ്കിലും അതും ഈ സത്പുരുഷൻെറ സഹായത്തോടുകൂടി അപ്പീൽകൊടുത്തു തി

രികെ വാങ്ങുകയുണ്ടായി. എന്നിരുന്നാലും പത്രപ്രവർത്തനത്തിനും സ്വച്ഛന്ദജീവിതത്തിനും അതു തടസ്സമായിട്ടാണു തീർന്നതു്.

ഏകദേശം പത്തിൽപരം കൊല്ലങ്ങൾകൊണ്ടു സർക്കാരുദ്യോഗത്തിന്റെ രുചിയും അരുചിയും ഞാൻ അനുഭവിച്ചു. ഇതിനിടയിൽ സ്വതന്ത്രജീവിതത്തിന് എനിക്കു പലപ്പോഴും ആശ ജനിച്ചു. എന്റെ ബന്ധുജനങ്ങളാകട്ടെ ഗുരുജനങ്ങളാകട്ടെ ഞാൻ സർക്കാരുദ്യോഗം കൈവെടിയുന്നതിൽ അന്ന് എതിരഭിപ്രായക്കാരായിരുന്നു. എന്റെ അശക്തത നാലഞ്ചുകൊല്ലം അതു് തീരെ ഉപേക്ഷിയ്ക്കാൻ എന്നെ അനുവദിച്ചില്ല. എന്നാൽ ഈ അവസരത്തിലും അതു് ഉപേക്ഷിപ്പാൻ എന്നെ പ്രേരിപ്പിച്ചു് എനിക്കു ധൈര്യം നല്കിയതു് ഈ വന്ദ്യപുരുഷൻതന്നെ ആയിരുന്നു. ഇന്ന് അതു് ഒരു അനുഗ്രഹമായി ഞാൻ വിചാരിക്കുന്നു.

ഇദ്ദേഹം ലേഖനം എഴുതുന്നതു മിക്കവാറും സ്വയമായിട്ടുതന്നെയാണ്. വല്ല ലേഖനങ്ങളും തർജ്ജിമചെയ്യേണ്ടിവന്നാൽ പറഞ്ഞുതരാറില്ലെന്നുമില്ല. സ്വതന്ത്രലേഖനങ്ങളെഴുതുമ്പോൾ കുറെക്കാലമായി കൈയ്യിന് അല്പം അസ്വാസ്ഥ്യമുണ്ടെങ്കിലും പറഞ്ഞുകൊടുത്തെഴുതിയ്ക്കുന്നരീതി അദ്ദേഹത്തിന് അത്ര ഇഷ്ടമുള്ളതല്ല. ഇദ്ദേഹത്തിന്റെ ലേഖനപരമ്പരകൾ ചേർത്താണു ചിന്താസന്താനം ആറു ഭാഗങ്ങളും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു്. കൂടാതെ, ശ്രീരാമൻ, രാജാകേശവദാസൻ, ഷേക്സ്പിയർ കഥകൾ, രാമാനുജൻ എഴുത്തച്ഛൻ, ഉൽക്കർഷസോപാനം, ഹേമദത്തൻ മുതലായ പുസ്തകങ്ങൾകൂടി ഇദ്ദേഹം എഴുതിയിട്ടുണ്ടു്. ഇവയിൽ പലതും ഇന്റർമീഡിയററ് സ്കൂൾഫൈനൽ മുതലായ ഓരോക്ലാസ്സുകളിൽ പാഠ്യപുസ്തകങ്ങളായി നിശ്ചയിക്കപ്പെട്ടിട്ടുണ്ടു്. വള്ളത്തോൾ, ഉള്ളൂർ, കുമാരനാശാൻ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു്, പി. കെ. നാരായണപിള്ള, ഡി. പി. ഉണ്ണി, എം. രാമവർമ്മതമ്പാൻ, വി. കൃഷ്ണൻതമ്പി, എ. ഗോപാലമേനോൻ, എ. രാജരാജവർമ്മതമ്പുരാൻ കെ. എം. പണിയ്ക്കർ മുതലായി ഭാഷാസാഹിത്യലോകത്തിൽ പ്രശസ്തിപെററ ഒട്ടുവളരെ മാന്യന്മാർ ഇദ്ദേഹത്തിന്റെ ലേഖനചാതുരിയെപ്പററിപ്രശംസിച്ചിട്ടുണ്ടു്. മററുള്ളവർ പത്തുപുറത്തിൽ എഴുതിത്തീർക്കുന്ന ലേഖനം ഇദ്ദേഹം ഒരുപുറത്തിൽ കാര്യം വിടാതെ എഴുതിത്തീർക്കും. ഇവിടെയും 'മിതം ച സാരം' എന്ന രീതിതന്നെയാണ് അനുസരിക്കുന്നതു്.

ലേഖനം എഴുതുവാൻ തുടങ്ങുന്നതിനുമുമ്പെ വിഷയത്തെക്കുറിച്ചു് ആലോചിക്കും. ആലോചിക്കുന്നതു പലപ്പോഴും മുറിയിൽ ലാത്തിക്കൊണ്ടാണ്. ചിലപ്പോൾ വായിച്ചുകൊണ്ടിരിക്കുന്നതു കാണാം. എന്നാൽ ഈയിടെയായി വായനയും എഴുത്തും കുറെ ചുരുക്കിയിട്ടുണ്ടു്. വായിക്കുമ്പോൾ നല്ല

നല്ല ഭാഗങ്ങൾ ഇദ്ദേഹം കുറിച്ചുവയ്ക്കുകയും ലേഖനങ്ങൾ എഴുതുമ്പോൾ അവ ആവശ്യംപോലെ പ്രയോഗിക്കയും ചെയ്യും. അവയെല്ലാം അത്ഥഗർഭങ്ങളായ കല്ലുവച്ച ഉദാഹരണങ്ങൾ ആയിരിക്കയുംചെയ്യും. ഇംഗ്ളീഷിൽനിന്നും ഭാഷാന്തരമാണെങ്കിൽ അവയ്ക്കുള്ള ജീവൻ അനിതരസാധാരണമാണ്. ലേഖനങ്ങളുടെ ഗുണദോഷങ്ങളെക്കുറിച്ചു ഇവിടെ വിചിന്തനം ചെയ്യുന്നില്ല. തൽക്കാലം ആ ഭാഗം ഞാൻ വിടുന്നു. ഏതോ ആവശ്യം പ്രമാണിച്ചു ലേഖകൻ തൃശ്ശിവപേരൂർ പോയിരുന്ന ഒരവസരത്തിൽ കൈക്കുളങ്ങര രാമവാരിയർ അവർകളുടെ പ്രധാനശിഷ്യനും പ്രസിദ്ധവിദ്വാനും ജ്ഞാനിയും ആയിരുന്ന ബ്രഹ്മശ്രീ എ. കൃഷ്ണൻ എമ്പ്രാന്തിരി അവർകൾ ഇങ്ങനെ പറകയുണ്ടായി. "ഞാൻ ഈശ്വരപിള്ളസ്സാറിൻെറ 'പ്രകൃതി' എന്ന ലേഖനം രണ്ടാവത്തി വായിച്ചു. ശിവ! ശിവ! എന്തൊരു ഗംഭീരമായലേഖനം. ഇത്രയും കണ്ണുതെളിഞ്ഞ ആളാണൊ ഈശ്വരപിള്ള. അദ്ദേഹത്തെ എനിക്കൊന്നു കാണണം. നമുക്കൊരുമിച്ചു പോകാം" എന്ന് ഈ ലേഖകനോടു പറഞ്ഞിട്ടുണ്ട്. ആ മഹാൻ നാകംപൂകി ഏതാനും കൊല്ലങ്ങൾ കഴിഞ്ഞു. ഈ ആഗ്രഹം ഒട്ടു സഫലമായതുമില്ല.

ശ്രീമാൻ ഈശ്വരപിള്ള അവർകൾ ഇംഗ്ലീഷിലും കുറെ ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. മലബാർ ക്വാർട്ടർളിറവ്യൂ എന്ന ഇംഗ്ലീഷുമാസികയിലാണ് അധികവും ഇംഗ്ലീഷുലേഖനങ്ങൾ എഴുതിയിട്ടുള്ളതു്. അതു വായിച്ചിട്ടുള്ളവർ ഇംഗ്ലീഷുഭാഷാപ്രയോഗത്തിലുള്ള അദ്ദേഹത്തിൻെറ പാടവത്തെക്കുറിച്ചും വളരെപ്രശംസിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹം ഇംഗ്ലീഷിൽ പിന്നീടു അധികം ലേഖനങ്ങൾ എഴുതുകയുണ്ടായിട്ടില്ല. മലയാളരാജ്യം വാഷികപ്രസിദ്ധീകരണത്തിലും പാലിയം ഹൈസ്കൂൾ മാസികയിലും ഒന്നുരണ്ടു ഇഗ്ലീഷ് ലേഖനങ്ങൾകൂടി എഴുതിയതായി എനിക്കറിയാം. പിന്നീടു മലയാളത്തിൽമാത്രം എഴുതാനിടയായതു കൈരളിയുടെ ഭാഗ്യം കൊണ്ടായിരിക്കാം!

ഇതിനിടയിൽ ഇദ്ദേഹത്തിൻെറ സ്മരണകൾ എഴുതിയാൽ കൊള്ളാമെന്നു ഞാൻ പലപ്പോഴും ആവശ്യപ്പെട്ടുകൊണ്ടിരുന്നു. ആദ്യകാലത്തു് ഈ കാര്യത്തിൽ തീരെ ആഭിമുഖ്യം ഉണ്ടായിരുന്നില്ല. പിന്നീട് ഒരുവിധം സമ്മതിച്ച് കുറേഭാഗങ്ങൾ എഴുതിയിട്ടുള്ളതു് അപ്പോഴപ്പോൾ ഗുരുനാഥൻ മാസികയിൽ പ്രസിദ്ധം ചെയ്തിട്ടുണ്ടു്. സ്മരണകൾ ചിലപ്പോൾ പറഞ്ഞുതരികയും ഞാൻ കേട്ടെഴുതുകയും ഉണ്ടായിട്ടുണ്ട്. അതു പൂത്തിയായിട്ടില്ലെങ്കിലും 70-കൊല്ലത്തിനുമുമ്പും പിമ്പുമുള്ള പല വിവരങ്ങളും അതിൽ അടങ്ങിയിട്ടുണ്ട്. ഡയറികളും ഓമ്മക്കുറിപ്പുകളും പലതും കൈമോശം വരികയാൽ ആയിരിക്കണം പൂത്തിയാകാഞ്ഞതു്. ഈ സ്മരണകളിലെ രസകരങ്ങളായ പല സംഭവങ്ങളും, പ്രാചീനകാലത്തിലെ സ്ഥിതികളും,

ഉദ്യോഗജീവിതത്തിലെ ഗുണങ്ങളും വൈഷമ്യങ്ങളും അധുനാതനന്മാക്ക് ആസ്വാദ്യങ്ങളായിരിക്കും.

സക്കാർ ഉദ്യോഗത്തിൽ ഇരുന്നകാലത്ത് ഇദ്ദേഹത്തിനു ലഭിക്കാൻ അർഹതയുള്ളിടത്തോളം കയറ്റം ലഭിക്കയുണ്ടായില്ല. തന്നോട് വാത്സല്യവും തൻെറ യോഗ്യതയെപ്പററി അറിവും ഉണ്ടായിരുന്ന മേലധികാരികൾ ഇരുന്നകാലത്ത് ന്യായമായ പ്രമോഷനും പ്രോത്സാഹനവും ലഭിച്ചിരുന്നു. അക്കാലത്തു സ്ഥിരമായി റെയിഞ്ച് ഇൻസ്പെക്ടർ ഉദ്യോഗം ലഭിക്കാൻ എല്ലാവിധത്തിലും അർഹനായിരുന്ന ഇദ്ദേഹത്തിനെ തിരിയെ ഹെഡ്മാസ്റ്റർ വേലയ്ക്കു് അയയ്ക്കുകയാണുണ്ടായത്. ഇദ്ദേഹത്തിനു പകരം നിയമിക്കപ്പെട്ടതു് ഇദ്ദേഹത്തിൻെറ ശിഷ്യസ്ഥാനിയും വാത്സല്യപാത്രവും ആയിരുന്ന ഒരു മാന്യനെ ആയിരുന്നു. അദ്ദേഹം ഒരു ഉൽകൃഷ്ടകുടുംബജാതനും രാജകുടുംബവുമായി പലവിധത്തിലും ബന്ധമുള്ള ആളും ആയിരുന്നതിനാൽ സക്കാർ ഉദ്യോഗത്തിൽ പടിപടിയായി കയററംകിട്ടി ഇന്നു് 450-ഓളം വരുന്ന ഒരു തുക അടുത്തുൺ വാങ്ങി വിശ്രമിക്കുന്നു. സർവ്വീസിലും യോഗ്യതയിലും ഈശ്വരപിള്ളസ്സാറിൻെറ ഇളമുറക്കാരായ പലരും ഈ വിധത്തിൽ വൻതുക പെൻഷൻ പററുന്നുണ്ട്. എന്നാൽ തൻെറ സ്ഥാനത്തു് നിയമിക്കപ്പെട്ട ആ മാന്യനും ഈശ്വരപിള്ളസ്സാറും തമ്മിൽ വളരെ രഞ്ജതയിലാണു് ഇന്നും കഴിഞ്ഞുകൂടുന്നതു്. എന്നുതന്നെയുമല്ല, അദ്ദേഹം ഉദ്യോഗത്തിൽ ഇരിക്കുമ്പോഴും പെൻഷൻ പററിയശേഷവും പലപ്പോഴും ഈശ്വരപിള്ളസ്സാറിനെ വന്നു കാണാറുമുണ്ട്. ഈശ്വരപിള്ളസ്സാർ കാലത്തിനൊത്തവണ്ണം, ഉദ്യോഗക്കയററത്തിനുവേണ്ടി മേലധികാരികളെ സേവപിടിക്കുന്ന പ്രകൃതക്കാരനല്ലായിരുന്നു. അദ്ദേഹം പ്രതിഭാശാലിയായിരുന്നുവെങ്കിലും പ്രഭാഷണപടുവായിരുന്നില്ല. അദ്ദേഹം ഒരു പ്രശാന്തധീയായിരുന്നുവെങ്കിലും, പ്രസംഗമണ്ഡപം കുലുക്കുന്ന ഒരു വാഗ്ജാലക്കാരനല്ലായിരുന്നു. അദ്ദേഹം ഒരു അദ്ധ്യാപകനും, അതേസമയം ഒരു വിദ്യാത്ഥിയും, ഒരു മിതഭാഷിയും, അതേസമയംതന്നെ അമിതഗ്രഹണശീലനും, സാധാരണമായി മൗനിയും അതേസമയംതന്നെ ഗാഢചിന്തകനുംകൂടി ആയിരുന്നു. ഏതായാലും വെറും 106¼-രൂപ പെൻഷൻ കൊണ്ടു്, 30-ൽപരം കൊല്ലത്തെ ഉൽകൃഷ്ടസേവനത്തിനുശേഷം, തൃപ്തിപ്പെടേണ്ടിവന്ന കഥ ആലോചിക്കുമ്പോൾ, ഉദ്യോഗക്കയററത്തിന് 'അടക്കവും ഒതുക്കവും' പ്രതിബന്ധമായിരുന്നുവെന്നു്, ഊഹിക്കുന്നതിൽ അബദ്ധമുണ്ടെന്നുതോന്നുന്നില്ല. എന്നാൽ ഉദ്യോഗത്തിലെ കഥയങ്ങനെയാണെങ്കിൽ, മറെറാരു ലോകത്തിൽ, അദ്ദേഹത്തിൻെറ ജീവിതത്തിൻെറ ചില വശങ്ങൾ —അഥവാ വിജയങ്ങൾ— എനിക്ക് ഓർമ്മയുള്ളതു്—ഇനിയൊരവസരത്തിൽ യഥാസൌകര്യം പ്രസ്താവിക്കാമെന്നു വിചാരിക്കുന്നു.

# വിദ്യാലയങ്ങൾവഴിക്കുള്ള ഗ്രാമോദ്ധാരണം

## മെക്സിക്കോയിലെ ഒരു പരീക്ഷണം

(ജെ. എം. കുമരപ്പ എം. എ. പി. എച്ച്ഡി.)

ഗ്രാമോദ്ധാരണവിഷയം നമ്മുടെ ശ്രദ്ധയെ ആകഷിക്കുന്ന ഇക്കാലത്തു് ഇതുസംബന്ധിച്ചു് അന്യരാജ്യങ്ങൾ എന്തുചെയ്യുന്നുവെന്നു് അറിഞ്ഞിരിക്കുന്നതു് അസ്ഥാനത്തിലാകയില്ലല്ലൊ. മെക്സിക്കോരാജ്യത്തിലെ സംസ്കാരം ഭാരതത്തിലേതുപോലെതന്നെ മിക്കവാറും ഗ്രാമീണമാണു്. ഈ ഗ്രാമങ്ങൾ എല്ലാം പ്രായേണ ചെറിയവയുമാണു്. എങ്കിലും അവയിൽ ചിലതിൽ 4000 ജനങ്ങളോളം കാണും. മെക്സിക്കോയിൽ ശരാശരി 400 വീതം ജനസംഖ്യയുള്ള 62000 ഗ്രാമങ്ങളുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. അവയെല്ലാം സാമുദായികഘടനയിലും കാഴ്ചയിലും ഒരുപോലെയുള്ളവതന്നെയാണു്. ഈ ഗ്രാമങ്ങളെ രണ്ടിനമായി തരംതിരിക്കാം. ഒന്നാമത്തേതു നമ്മുടെ നാട്ടിൽ നടപ്പുള്ള ജന്മികുടിയാൻ ഏർപ്പാടുപോലെയാണു്. വസ്തുക്കളൊക്കെയും ഒരു ജന്മിയുടെ വകയും കുടികിടപ്പുകാർ കൂലിക്കോ ഉടമ്പിടി അനുസരിച്ചോ അതിൽ വേലചെയ്യുന്നവരുമായിരിക്കും. രണ്ടാമത്തെ തരം ഒന്നു വ്യത്യാസപ്പെട്ടതാണു്. ഇതനുസരിച്ചു ഒരു കുടിയാനവൻ ഒരു വസ്തുവിൽ പാക്കുകയും, കൃഷി ചെയ്യുകയും ചെയ്യുന്നിടത്തോളംകാലം അതു അവൻെറ സ്വന്തംതന്നെയായിരിക്കും. എങ്കിലും അതു ക്രയവിക്രയം ചെയ്യുന്നതിനുള്ള അധികാരം അയാൾക്കില്ല. മെക്സിക്കോയിലെ വിപ്ലവാനന്തരം ഈ തരത്തിലുള്ള വസ്തുഉടമസ്ഥത വളരെ പ്രചാരത്തിൽ എത്തിയിട്ടുണ്ടു്. അതനുസരിച്ചു് അനേകം വലിയ വസ്തുവകകൾ ഗ്രാമീണജനങ്ങൾക്കായി വിഭജിച്ചുകൊടുക്കപ്പെട്ടിട്ടുമുണ്ടു്.

ഗ്രാമങ്ങളിലെ ജനങ്ങൾ പ്രായേണ പല ഭാഷകൾ സംസാരിക്കുന്നവരും പല പരിഷ്കാരഘട്ടത്തിൽ സ്ഥിതിചെയ്യുന്നവരും ആയ ഏതദ്ദേശീയ ജനവിഭാഗങ്ങളാണു്. മെക്സിക്കോയിലെ 14 ലക്ഷം ജനങ്ങളിൽ 10 ലക്ഷവും റെഡ്ഡിൻഡ്യൻ ജാതിക്കാരോ അവരുടെ സങ്കരജാതികളോ ആണെന്നാണു പറയപ്പെട്ടിരിക്കുന്നതു്. ശേഷമുള്ളവർ വെള്ളക്കാരോ അവരുടെ സങ്കരവർഗ്ഗക്കാരോ ആണു്. ജനങ്ങൾ സ്വഭാവത്തിലും, ആചാരങ്ങളിലും, ഭാഷയിലും വ്യത്യാസപ്പെട്ടവരാണെങ്കിലും അവരുടെ ജീവിതരീതിയിലും ജീവിതോപായസമ്പാദനത്തിലും മിക്കവാറും ഒരുപോലെയുള്ളവരത്രെ. അവക്കു സ്പെയിൻകാരുമായുള്ള രക്തബന്ധംകൊണ്ടു സംസ്കരിക്ക

പ്പെട്ടതും നവീകരിക്കപ്പെട്ടതുമായ ഒരു കലാഭിരുചിയും വിചിത്രവർണ്ണങ്ങളിൽ ഭ്രമവും ഒരു പ്രത്യേക ഹാസ്യരസവും കൈവേലകളിൽ പ്രശസ്തമായ പാടവവും എപ്പോഴും പ്രസരിക്കുന്ന ജാത്യാഭിമാനവും ഉണ്ട്. അവരുടെ ജീവിതരീതി വളരെ ലഘുവാണ്. അവരുടെ ആവശ്യത്തിനു വേണ്ട പദാർത്ഥങ്ങൾ എല്ലാം സ്വന്തം കൈകൊണ്ടുതന്നെ ഉണ്ടാക്കപ്പെട്ടവയാണ്. ഈ കാരണംകൊണ്ടു മിക്ക ഗ്രാമങ്ങളും അന്യാശ്രയംകൂടാതെ വർത്തിക്കുന്നുണ്ട്. ഇറക്കുമതി ചെയ്യപ്പെട്ട വിദേശസാമാനങ്ങൾ ചില വലിയ നഗരങ്ങളിലൊഴിച്ചു ഗ്രാമങ്ങളിൽ അപൂർവ്വമാണ്. ഈ അംശത്തിൽ അവ നമ്മുടെ ഇൻഡ്യൻഗ്രാമങ്ങളിൽനിന്നും വളരെ വ്യത്യാസപ്പെട്ടിരിക്കുന്നു. എന്തെന്നാൽ നമ്മുടെ ഗ്രാമങ്ങളിലാകട്ടെ വിലകുറഞ്ഞ വിദേശസാമാനങ്ങൾ ധാരാളം കാണാവുന്നതാണ്. മെക്സിക്കൻഗ്രാമങ്ങളിൽ അനേകം വ്യവസായങ്ങളും കൈത്തൊഴിലുകളും നടത്തപ്പെടുന്നുണ്ട്. തുണിത്തരങ്ങൾ, കുട്ടകൾ, മൺപാത്രങ്ങൾ, ഓട്ടുകൾ, തൊപ്പികൾ, ഊറയ്ക്കിട്ട തുകൽ, ഹസ്തകൃതങ്ങളായ വെള്ളിസ്സാമാനങ്ങൾ മുതലായവ ധാരാളമായി കാണാം. കൃഷികൊണ്ടു മതിയാവാത്തവ വ്യവസായംകൊണ്ടും വ്യവസായംകൊണ്ടു മതിയാവാത്തവ കൃഷികൊണ്ടുമാണു നികത്തിപ്പോരുന്നതു്. ആയുധങ്ങൾ ലഘുവാണ്—പോരാ അസംസ്കൃതവുമാണ്. മരക്കലപ്പ മെക്സിക്കോയിൽ സാധാരണയായിക്കാണാം. പല വ്യവസായങ്ങളും പഴയരീതിയിൽ ഇപ്പോഴും ചെയ്തുപോരുന്നതിന്നു് ഇതു് ഒരു ദൃഷ്ടാന്തമത്രേ. തന്നിമിത്തം മെക്സിക്കോയിലെ ഗൃഹജീവിതം വളരെ താഴ്ന്നതരത്തിലാലാണെന്നു സിദ്ധിക്കുന്നു.

## ഗ്രാമീണവിദ്യാഭ്യാസലക്ഷ്യങ്ങൾ

അമേരിക്കൻ ആദർശങ്ങളാലും നടപടികളാലും ഏറെക്കുറെ മാററപ്പെട്ടിട്ടുണ്ടെങ്കിലും മെക്സിക്കോയിലെ ഏകദേശം 90 ശതമാനം ജനങ്ങൾ ഇന്നും അപരിഷ്കൃതകാലത്തെ രീതിയിലാണ് ജീവിതം നയിക്കുന്നതു്. ജനസാമാന്യം നിരർത്ഥകങ്ങളായ ആചാരങ്ങളും മാമൂലുകളും അനുസരിച്ചു വർത്തിക്കുന്നവരാണ്. അവരുടെ സമുദായസംഘടന യഥാസ്ഥിതിയിൽ ഇരിക്കുന്നു. ഗൃഹജീവിതം വളരെ താഴ്ന്ന രീതിയിലാണ്. നിരക്ഷരത്വം ഭയങ്കരവുമാണെന്നു വേണം പറവാൻ. ഈ സ്ഥിതിയെ പുരസ്കരിച്ചു ഗ്രാമങ്ങളിലെ പിന്നാക്കം നില്ക്കുന്ന സമുദായങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുന്ന ചുമതല രണ്ടു ദശാബ്ദങ്ങൾക്കു മുമ്പു ഫെഡറൽ ഗവണ്മെൻറ് ഏറെറടുത്തു. 1910-ലെ വിപ്ലവത്തിൻെറ അതിപ്രധാനമായ വിദ്യാഭ്യാസപ്രദാനമായി ഇതിനെ ഗണിച്ചുപോരുന്നു. ആദ്യകാലങ്ങളിൽ ഗവണ്മെണ്ടു രാഷ്ട്രീയ പ്രവർത്തനങ്ങളിൽ പ്രവേശിച്ചിരുന്നതുകൊണ്ടു് 1920-ൽ മാത്രമേ

ഗ്രാമവാസികളായ ജനങ്ങളുടെ ആവശ്യങ്ങളെ നിറവേററുന്നതിന പര്യാപ്തമായ വിദ്യാഭ്യാസരീതിയെപ്പററി ആലോചിപ്പാൻ തുടങ്ങിയൊള്ളൂ. ഗ്രാമവിദ്യാഭ്യാസത്തിലുള്ള ഈ പുതിയ താല്പര്യത്തിൻെറ ഫലമായി 1921-ൽ ഒരു വിദ്യാഭ്യാസവകുപ്പു ഏൎപ്പെടുത്തപ്പെട്ടു. അന്നുമുതൽ ഗ്രാമവിദ്യാഭ്യാസത്തിൻെറ ഗതി അതിശീഘ്രവും ഫലവത്തുമായി ഭവിച്ചു. ഈ വിദ്യാഭ്യാസപ്രസ്ഥാനം ആദ്യം അല്പധനംകൊണ്ടും ചുരുക്കം പ്രവൎത്തകന്മാരേക്കൊണ്ടും ആരംഭിച്ചുതാണെങ്കിലും അതു ഇന്നു രാജ്യമൊട്ടുക്കു് ഏററവും വലുതായ ഒരു സംസ്കരണശക്തിയായി തീൎന്നിട്ടുണ്ടു്. 7000-ൽപരം ഗ്രാമവിദ്യാലയങ്ങൾ ഇപ്പോൾതന്നെ സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. നാടിൻെറ നാനാഭാഗങ്ങളിൽനിന്നും വിദ്യാലയസ്ഥാപനങ്ങൾക്കുള്ള അപേക്ഷകൾ ഗവൎമ്മേണ്ടിൻെറ ധനശക്തിയെ കവിഞ്ഞു ഇപ്പോഴും സഹസ്രശഃ ലഭിച്ചുകൊണ്ടാണിരിക്കുന്നതു്.

മെക്സിക്കോയിലെ വിദ്യാലയങ്ങളുടെ ലക്ഷ്യങ്ങളേയും നടപടികളേയും ശരിയായിമനസ്സിലാക്കണമെങ്കിൽ അവ ഏതെല്ലാം ആവശ്യങ്ങളെയാണു് നിൎവഹിക്കുവാൻ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നു് ആദ്യമായിതന്നെ അറിയേണ്ടതുണ്ടു്. ഗ്രാമീണജനങ്ങളുടെ ആരോഗ്യം, ധനസ്ഥിതി, സമുദായസ്ഥിതി മുതലായവയെ പരിഷ്കരിക്കുന്നതിനായിട്ടാണു് ഈ പുതിയതരം വിദ്യാലയങ്ങൾ സ്ഥാപിച്ചിട്ടുള്ളതു്. ആരംഭത്തിൽ ജനങ്ങൾ വിദ്യാഭ്യാസത്തോടു വളരെ അനാസ്ഥ പ്രകടിപ്പിച്ചിരുന്നു. അതുകൊണ്ടു വിദ്യാഭ്യാസഡിപ്പാൎട്ടുമെൻറിൽനിന്നും ജനങ്ങളെ ഉപദേശിച്ചു പുതിയതരം പള്ളിക്കൂടങ്ങളുടെ അവശ്യകതയെക്കുറിച്ചു പ്രസംഗിക്കുന്നതിനും, ജനങ്ങളെ ഉത്സാഹിപ്പിക്കുന്നതിനും, ഭാവിഗുണത്തെക്കുറിച്ചു് ഉൽബോധിപ്പിക്കുന്നതിനും ആയിട്ടു സന്ദേശകന്മാരെ ഗ്രാമംതോറും അയച്ചുവന്നു. അല്പകാലംകൊണ്ടു് ഈ പ്രചരണവേല ജനങ്ങളുടെയിടയിൽ അത്യധികം ഉത്സാഹം ജനിപ്പിച്ചു. ആ വഴിക്കു ഗ്രാമവാസികൾക്കു് അവരുടെ സാമുദായികവും സാമ്പത്തികവും ആയ അഭിവൃദ്ധിക്കു വിദ്യാഭ്യാസം എത്രമേൽ ആവശ്യകമാണെന്നു ബോദ്ധ്യം വരുകയും ചെയ്തു. ജനങ്ങൾക്കു വിദ്യാലയങ്ങളുടെ ആവശ്യത്തെക്കുറിച്ചു ബോദ്ധ്യംവന്നുതുടങ്ങിയപ്പോൾ ഓരോ ഗ്രാമത്തിലും ഓരോ പള്ളിക്കൂടം ഏൎപ്പെടുത്തുകയും അതിൽ ഒരു നാട്ടുകാരനെതന്നെ അദ്ധ്യാപകനായി നിയമിക്കുകയും ചെയ്തു. പള്ളിക്കൂടവും സാമഗ്രികളും ഗവൎമ്മെണ്ടുചെലവുകൂടാതെ ജനങ്ങൾതന്നെ സജ്ജീകരിച്ചവയാണെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണു്. ജനങ്ങൾതന്നെ പള്ളിക്കൂടം സ്ഥാപിച്ചു നടത്തിക്കൊണ്ടുപൊയ്ക്കൊള്ളാമെന്നുള്ള ഉറപ്പു് അവരിൽനിന്നും ലഭിക്കാതെ പള്ളിക്കൂടങ്ങളെ സംബന്ധിച്ചുള്ള അപേക്ഷകൾ സ്വീകരിക്കപ്പെടാറില്ല.

## വിദ്യാഭ്യാസമാമൂലുകളുടെ അഭാവം

ഗ്രാമീണവിദ്യാഭ്യാസപദ്ധതിയെ സംഘടിപ്പിക്കുന്നതിൽ മെക്സിക്കോയ്ക്കു് ഒരു ഭാഗ്യം സിദ്ധിച്ചു. ഈ പ്രസ്ഥാനം ആരംഭിച്ചപ്പോൾ വിദ്യാലയങ്ങളെ സംബന്ധിച്ച് അലംഘനീയങ്ങളായ ചട്ടങ്ങളോ നിയമങ്ങളോ ഒന്നുമില്ലായിരുന്നു. അതുപോലെതന്നെ സുസ്ഥിരങ്ങളായ അബദ്ധബോധങ്ങളും ഉണ്ടായിരുന്നില്ല. അതുകൊണ്ടു് ഈ പുതിയതരം വിദ്യാലയങ്ങൾക്കു മാമൂലുകളോ ഔദ്യോഗിക നിയമങ്ങളോ പ്രതിബന്ധമായി ഭവിച്ചില്ലെന്നുപറയാം. വിദ്യാഭ്യാസവകുപ്പിൽനിന്നും സജ്ജീകരണവിഷയത്തിൽ നിർബന്ധിക്കയൊ പരിശീലനം സിദ്ധിച്ച അദ്ധ്യാപകന്മാരെ അയച്ചുകൊടുക്കുകയൊ ചെയ്തിരുന്നില്ല. അവരുടെ പുതിയ വിദ്യാഭ്യാസപദ്ധതിയെ നടപ്പിൽവരുത്തുന്നതിനു വ്യയഹേതുകവും അതിവിപുലവുമായ സാമഗ്രികൾ അത്യാവശ്യമാണെന്നു വിചാരിക്കപ്പെട്ടിരുന്നതുമില്ല. ശീതോഷ്ണാവസ്ഥയും നാട്ടുനടപ്പും അനുസരിച്ച് ഏതദ്ദേശീയസാമാനങ്ങൾതന്നെ കെട്ടിടങ്ങൾക്കുപയോഗപ്പെടുത്തിവന്നു. അതുകൊണ്ടു പള്ളിക്കൂടങ്ങളുടെ പ്ലാൻ ഏററവും ലഘുവായ രീതിയിലാണു്. കെട്ടിടംപോലെതന്നെ അകത്തെ സാമഗ്രികളും, ലഘുതരങ്ങളാണ്. സ്ക്കൂളിലേക്കാവശ്യമുള്ള ബഞ്ച്, ഡസ്ക്, കസേര, മേശ മുതലായവയും മററു ചില്ലറ സാമാനങ്ങളും അവിടെയുള്ള ജനങ്ങൾതന്നെ നിർമ്മിക്കുന്നു. ബോർഡുകൾ, മ്യാപ്പുകൾ, ഗ്ലോബുകൾ മുതലായവയും ഇദാനീന്തനങ്ങളെന്നു പറയപ്പെടുന്ന മററു സാമഗ്രികളും അവിടെ അപൂർവ്വമായിട്ടേ കാണുന്നുള്ളു.

എല്ലാററിലും മുഖ്യമായിട്ടുള്ളതു് ഈ പദ്ധതിയുടെ പ്രധാന കർത്താക്കന്മാർക്കു പുതിയതായ വിദ്യാഭ്യാസാദർശങ്ങളും നയങ്ങളും രൂപീകരിക്കുന്നതിനും ഓരോരൊ ആവശ്യങ്ങൾ നേരിടുമ്പോൾ അവയെ അഭിമുഖീകരിക്കത്തക്കവണ്ണം വേണ്ടതുപ്രവർത്തിക്കുന്നതിനും സ്വാതന്ത്ര്യമുണ്ടെന്നുള്ളതാണു്. ഒരുദാഹരണം പറയാം. ജനസാമാന്യത്തിനു സ്വതന്ത്രരായി ജീവിക്കുന്നതിനും തന്നത്താൻ സഹായിക്കുന്നതിനും സ്വാശ്രയശീലം അത്യാവശ്യമാണെന്നു ഗണിക്കപ്പെട്ടിട്ടുണ്ടു്. അതിനാൽ ഗവൺമെണ്ടു് അവരുടെ ഭരണനയത്തിൻെറ ഒരു ഭാഗമായി ഇതിനെ ഗണിച്ചിരിക്കുന്നു. വിദ്യാലയങ്ങൾ സഹകരണതത്വത്തിന്മേൽ മാത്രമെ സ്ഥാപിക്കുകയുള്ളുവെന്നു പ്രഖ്യാപനം ചെയ്തിട്ടുണ്ടു്. ഒരു സമുദായത്തിന് ഒരു വിദ്യാലയം ആവശ്യമുണ്ടെങ്കിൽ അതിനെ സമ്പാദിക്കുന്നതിനും സംരക്ഷിക്കുന്നതിനും ഉള്ള ചുമതലയുടെ ഒരു ഭാഗം അവർതന്നെ വഹിക്കേണ്ടതാണു്. ആദ്യമായി വിദ്യാലയത്തിനു വേണ്ട സ്ഥലം വിട്ടുകൊടുക്കണം. പിന്നീട് അദ്ധ്യാപകൻെറ നിർദ്ദേശപ്രകാരം സാമാനങ്ങൾ ശേഖരിച്ചു കെട്ടിടമുണ്ടാക്കി വേണ്ട സാമഗ്രിക

ളും സജ്ജീകരിക്കണം. ഗവമ്മെണ്ടു അദ്ധ്യാപകൻെറ ശമ്പളം കൊടുക്കുന്ന ചുമതല വഹിച്ചുകൊള്ളും. രണ്ടാമതായി വിദ്യാലയത്തിൻെറ നിലനില്പിനായി ജനസാമാന്യം അവരുടെ സന്മാർഗ്ഗപരമായ ആനുകൂല്യവും നൽകണം. അതായതു വിദ്യാലയത്തെ ഒരു സാമുദായികസ്ഥാപനമായി കരുതി പ്രവത്തിക്കേണ്ടതാണ്. ഗവമ്മേണ്ടുദ്യോഗസ്ഥന്മാരുടേയും അവർ നിയമിക്കുന്ന അദ്ധ്യാപകന്മാരുടേയും നേതൃത്വം ജനങ്ങൾ സ്വീകരിക്കണം. ഇതിനപ്പുറമെ ശിശുക്കളും പ്രായപൂർത്തിവന്നവരും വിദ്യാലയങ്ങളിൽ ശരിയായി ഹാജരാകുന്നുണ്ടോ എന്നും അവർ അന്വേഷിക്കേണ്ടതാണ്. ഇപ്രകാരം അദ്ധ്യാപകന്മാരോടുള്ള സഹകരണവും ജനസാമാന്യത്തിൻെറ ആവശ്യത്തിന് അനുസരണമായി വിദ്യാഭ്യാസരീതികളെ നടപ്പിൽ വരുത്തുന്നതിൽ അവക്കുള്ള സ്വാതന്ത്ര്യവും ഗ്രാമോദ്ധാരണവിഷയത്തിൽ എത്രത്തോളം പ്രാധാന്യമേറിയതാണെന്ന് അറിയാൻ പ്രയാസമില്ല. ഇപ്രകാരമുള്ള പ്രവൃത്തിസ്വാതന്ത്ര്യം ഇൻഡ്യയിലെ അദ്ധ്യാപകന്മാക്കില്ലെന്നുള്ളതു് എത്രയോ ശോച്യം!

## പാഠപദ്ധതിനിമ്മാണം.

മെക്സിക്കോയിലെ ഗ്രാമീണവിദ്യാഭ്യാസപദ്ധതിയുടെ ഉദ്ദേശം മെക്സിക്കൻ ജീവിതരീതിയോടു ഏതദ്ദേശീയരായ ഗ്രാമീണരുടെ സംസ്കാരോന്മുഖമായ സംയോജനമാണ്. സാമ്പത്തികവും, സാമുദായികവും ആയ ഒരു പുതിയ പരിതസ്ഥിതിയേയും പരിഷ്കൃതമായ ജീവിതരീതിയേയും ക്രമേണ ഏപ്പെടുത്തുകയാണ വിദ്യാലയങ്ങളുടെ പ്രത്യേക ഉദ്ദേശ്യം. ഈ ഉദ്ദേശ്യസാദ്ധ്യത്തിനു വേണ്ടിയുള്ള പാഠപദ്ധതിയെ വിദ്യാഭ്യാസാധികൃതന്മാർ നിർദ്ദേശിക്കുകയൊ നിർബന്ധിക്കുകയൊ ചെയ്യുന്നില്ല. ഒരു അദ്ധ്യാപകസംഘത്തിനാലൊ പ്രത്യേകവിഷയങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരാലൊ പാഠപദ്ധതി നിർദ്ദേശിക്കപ്പെട്ടതുമല്ല. ജനസമുദായത്തിൻെറ പ്രത്യേക ആവശ്യങ്ങളെ നിവ്ഹിക്കുന്നതിനായി ചെയ്യപ്പെടുന്ന പ്രവൃത്തികൾക്ക് അനുസരിച്ചുതന്നെയാണു പാഠപദ്ധതിയും. വസൂരിപോലെ ഏതെങ്കിലും ഒരു സംക്രമികരോഗം ഗ്രാമീണരെ ബാധിക്കുന്നതായാൽ ഗോവസൂരിപ്രയോഗത്തിൻെറ ആവശ്യം വിദ്യാർത്ഥികളെ ബോദ്ധ്യപ്പെടുത്തണം. ആ അവസരങ്ങളിൽ അദ്ധ്യാപകൻതന്നെയൊ അയാൾ അഭ്യസിപ്പിച്ചിട്ടുള്ള ഗ്രാമീണരൊ ആണു ജനങ്ങളെ കുത്തിവയ്ക്കുന്നതു്. ഇപ്രകാരമുള്ള ഘട്ടങ്ങളിൽ ജനങ്ങളെ സാധാരണ മരുന്നുകളും ചില ചില്ലറ ചികിത്സകളും വശമാക്കും. ഇതിനുപുറമെ വിദ്യാലയങ്ങളിൽ ഉപായമായിട്ട് ഒരു ചെറിയ ഔഷധശാലയും ഏപ്പെടുത്തുന്നു. ഗ്രാമീണഅദ്ധ്യാപകൻ നടത്തുന്ന എല്ലാത്തരം ജോലികളും ഗ്രാമീണരുടെ ഏതെങ്കിലും ഒരാവശ്യത്തിന് ഉതകത്തക്കവണ്ണ

മുള്ളതാണെന്നു പ്രത്യേകം അറിഞ്ഞിരിക്കേണ്ടതാണ്. ഇപ്രകാരമുള്ള ആവശ്യങ്ങളെ അഭിമുഖീകരിക്കുന്നതിനുള്ള ആദ്യത്തെ വിദ്യാലയപ്രവൎത്തനം മിക്കവാറും ജനങ്ങളുടെ സാമ്പത്തികനിലയോടു സംബന്ധിച്ചതന്നെയിരിക്കും. കൃഷിസംബന്ധമായ നടപടികളെ പരിഷ്കരിക്കുക, ഗ്രാമത്തിൽ നടപ്പുള്ള വ്യവസായോല്പന്നങ്ങളുടെ ഗുണം വൎദ്ധിപ്പിക്കുക, അവയേ വിററഴിക്കാനുള്ള സൗകൎയ്യങ്ങളെ കണ്ടുപിടിക്കുക ഇവയ്ക്കാണ് അവയിൽ പ്രഥമസ്ഥാനം. ഇപ്രകാരമുള്ള പ്രസ്ഥാനങ്ങളുടെ ഉദ്ദേശം ജനങ്ങളുടെ ഏതെങ്കിലും ഒരു പ്രത്യേക സാമ്പത്തികാവസ്ഥയെ പരിഷ്കരിക്കുക എന്നുള്ളതാണ്. ആവശ്യങ്ങൾ അനേകങ്ങളാകകൊണ്ടു് വിവിധങ്ങളായ പ്രവൃത്തികൾ ഒരേ കാലത്തിൽതന്നെ നടന്നുകൊണ്ടിരിക്കുന്നു.

ഓരോ ഗ്രാമഅദ്ധ്യാപകനും സാമുദായികാവശ്യങ്ങളെ അനുസരിച്ചു് അഭ്യസനം നടത്തുന്നതിനു സ്വാതന്ത്ര്യമുണ്ടെങ്കിലും ഗ്രാമവിദ്യാലയങ്ങളിൽ പാഠവിഷയങ്ങളിലും പ്രവൎത്തനരീതികളിലും ഗണ്യമായ സാമ്യം കണ്ടുമാനുണ്ടു്. ഈ സംഗതി പ്രത്യേകം ശ്രദ്ധാൎഹമത്രെ. പരിഷ്കാരനിലയിലുള്ള വ്യത്യാസം ഇരുന്നിട്ടും പ്രത്യക്ഷമായ ഈ സാമ്യത്തിനുള്ള ഒരു കാരണം ഏകീകൃതമായ മേലന്വേഷണമാണ്. ഈ പ്രവൎത്തനം കേവലം താല്ക്കാലികവും പരീക്ഷണപരവും ആകകൊണ്ടു് അതിനെ ഉടനടൻ പ്രയോഗിക്കുന്നതിനും അടുത്ത ഗ്രാമങ്ങളിലും നടപ്പിൽ വരുത്തുന്നതിനും മേലന്വേഷണക്കാൎക്കു് എളുപ്പം സാധിക്കുന്നു. ഒരുദാഹരണം പറയാം. ഒരു ഗ്രാമീണ അദ്ധ്യാപകൻ അനേകവിധം സസ്യങ്ങളെ നട്ടുവളൎത്തി ഉപയോഗിക്കുന്നതിനു നാട്ടുകാരെ പഠിപ്പിക്കാനായി തൻെറ വിദ്യാലയത്തോടു ചേൎന്ന് ഒരു തോട്ടം കൂടിയുണ്ടാക്കി. ഈ പരീക്ഷണം പൂൎണ്ണവിജയമായി പരിണമിച്ചു. അതിൻെറ ഫലമായി മെക്സിക്കോയിലെ എല്ലാ ഗ്രാമീണവിദ്യാലയങ്ങൾക്കും ഓരോ തോട്ടംകൂടി ഉണ്ടു്. മറെറാരദ്ധ്യാപകൻ ജനങ്ങളെ സമുദായസേവനം പരിചയിപ്പിക്കുന്നതിനായി തുറന്ന സ്ഥലത്തു അവരെ വിളിച്ചുകൂട്ടി വിനോദപ്രദൎശനങ്ങൾ നടത്തി. അതിൻെറ ഫലമായി ഇപ്പോൾ ഈ ഏൎപ്പാടു ജനങ്ങൾക്കു് ആരോഗ്യപരവും സാമ്പത്തികപരവുമായ അറിവുകൾ നൽകുന്നതിനും പുറമെ ഗ്രാമീണൎക്കു് ആബാലവൃദ്ധം വ്യായാമവിനോദങ്ങൾ നൽകുകയും ചെയ്തുവരുന്നു. ഇപ്രകാരമുള്ള പരീക്ഷണങ്ങളെ വിദ്യാഭ്യാസാധികൃതന്മാർ പ്രോത്സാഹിപ്പിക്കുകയും പിന്നീടു് അന്യവിദ്യാലയങ്ങളിലും നടപ്പിൽ വരുത്തുകയും ചെയ്യുന്നുണ്ടു്. ആരോഗ്യരക്ഷ, ശുചീകരണം, തോട്ടകൃഷി, കോഴിവളൎത്തൽ മുതലായ എല്ലാ സാമുദായികവ്യാപാരങ്ങളിലും വിദ്യാലയം പ്രാരംഭത്തെ പ്രോത്സാഹിപ്പിക്കുകയും സ്വശക്തിപ്രകടനത്തിനു വേണ്ട അവസരം നൽകുകയും ചെയ്യുന്നു. വിദ്യാഭ്യാസത്തിൻെറ ഈ

വശമാണു മെക്സിക്കോക്കാരെ അവരുടെ ഗ്രാമവിദ്യാലയങ്ങളെ "പ്രവൃത്തിപരമായ വിദ്യാലയങ്ങൾ" എന്നു നാമകരണം ചെയ്യുന്നതിനു പ്രേരിപ്പിച്ചിട്ടുള്ളതു്.

## മററു ഏകീകരണഘടകങ്ങൾ.

ഗ്രാമീണജനങ്ങളുടെ സാമുദായികവും സാമ്പത്തികവുമായ നിലയെ ഉയൎത്തുക എന്നുള്ള വിദ്യാലയപദ്ധതിയുടെ പൊതുവായ ഉദ്ദേശവും, അപ്രകാരമുള്ള പ്രശ്നങ്ങൾ ഏതാദൃശങ്ങളായ എല്ലാ ജനവിഭാഗങ്ങൾക്കും ഏറെക്കുറെ സാധാരണമാണെന്നുള്ള പരമാൎത്ഥവും ശക്തിയേറിയ ഏകീകരണഘടകങ്ങൾ തന്നെയാണു്. ഇതിനുംപുറമേ മെക്സിക്കോ സ്പെയിൻകാൎക്കു് അധീനമാകുന്നതിനു മുമ്പുണ്ടായിരുന്ന സംസ്കാരത്തെ പുനൎജ്ജീവിപ്പിക്കുന്നതിനുള്ള ഇപ്പോഴത്തെ ഗ്രാമീണവിദ്യാഭ്യാസരീതിയും ഒരു ഏകീകരണശക്തിയായി പ്രവൎത്തിച്ചുവരുന്നു. ഇതുവരെ ഉപേക്ഷിച്ചിട്ടിരുന്ന അലങ്കാരമാതൃകകളും കൈകൊണ്ടു നെയ്യെടുത്ത വസ്ത്രങ്ങളും ഇപ്പോൾ വിദ്യാലയാധികൃതന്മാരും സമൎത്ഥന്മാരായ വേലക്കാരും തിരഞ്ഞുപിടിച്ചു് അവയുടെ ഉപയോഗത്തെ പുനൎജ്ജീവിപ്പിച്ചുവരികയാണു്. പഴയരീതിയിലുള്ള നൃത്തങ്ങളും, ആഘോഷങ്ങളും, എല്ലാത്തരം പഴയ നടപടികളും, പഴങ്കഥകളും നഷ്ടമായിപ്പോകാതെ സംരക്ഷിക്കപ്പെടുകയോ പുനൎജ്ജീവിപ്പിച്ചു് അഭ്യുന്നതമാക്കപ്പെടുകയോ ചെയ്തുവരുന്നു. ഏതദ്ദേശീയസംസ്കാരത്തെ പുനൎജ്ജീവിപ്പിക്കുന്നതിൽ വിദ്യാലയങ്ങൾക്കുള്ള ശുഷ്കാന്തി മെക്സിക്കോയിലെ ദേശീയഭരണത്തിന്റെ ഒരു പ്രതിച്ഛായ മാത്രമാണു്. നമ്മുടെ രാജ്യത്തു സൎവ്വപ്രധാനമായി ഗണിച്ചുവരുന്നതുപോലെ ഗവൎമ്മെണ്ടുദ്യോഗസ്ഥന്മാരിലാകട്ടെ അദ്ധ്യാപകന്മാരിലാകട്ടെ നിരക്ഷരത്വത്തെ ഉന്മൂലനം ചെയ്യുന്നതിനു വലിയ താല്പൎയ്യമൊന്നും കാണുന്നില്ലെന്നുള്ളതു വായനക്കാർ ശ്രദ്ധിക്കേണ്ട ഒരു കാൎയ്യമാണു്. അദ്ധ്യയനസമയത്തിലും അതിൽപിന്നീടും എഴുത്തും വായനയും പഠിക്കണമെന്നു് ആഗ്രഹമുള്ള കുട്ടികളേയും പ്രായമായവരേയും ഗ്രാമീണവിദ്യാലയങ്ങളിൽ അവശ്യമായി അഭ്യസിപ്പിച്ചുപോരുന്നു. എങ്കിലും ഈ ഘട്ടത്തിൽ നിരക്ഷരത്വത്തിന്റെ ഉന്മൂലനം പ്രധാന ഉദ്ദേശത്തിന്റെ കേവലം ഒരു പരോക്ഷഫലമായിട്ടാണു് അവർ വിചാരിക്കുന്നതു്. എന്നാൽ വയസ്ഥവിദ്യാഭ്യാസത്തിനു മെക്സിക്കോയിൽ ഒരു പ്രത്യേക ഗൗരവമുണ്ടു്. വിദ്യാലയങ്ങൾ ശിശുക്കളുടെ കാൎയ്യം മാത്രം ശ്രദ്ധിക്കുന്നതായാൽ വിദ്യാഭ്യാസത്തിന്റെ പ്രധാനഉദ്ദേശം നിൎവ്വഹിക്കപ്പെടുകയില്ലെന്നുള്ളതു പ്രസ്ഥാനത്തിന്റെ ആരംഭംമുതൽക്കേ മനസ്സിലാക്കപ്പെട്ടിരുന്നു. എന്തെന്നാൽ യഥാസ്ഥിതിയിൽ ജഡപ്രായമായി വൎത്തിക്കുന്ന ഒരു ജനവിഭാഗം ശിശുക്കളെ ഉ

ദ്ദേശിച്ചുള്ള സകലപ്രയത്നങ്ങളേയും നിഷ്പ്രയോജനമാക്കും. ബാലന്മാർ വിദ്യാലയങ്ങളിൽനിന്നും തിരിച്ചുവന്നാൽ പിന്നേയും, തങ്ങളുടെ പഴയ അപരിഷ്കൃതപരിതസ്ഥിതികളുടെ താഴ്ന്ന തോതിനെ അനുകരിച്ചു വർത്തിക്കുന്നതിന് ഇടയുണ്ട്. അതുകൊണ്ടു വിദ്യാലയങ്ങളിൽ വയസ്ഥന്മാരുടെ സംസ്കരണത്തിനും ഉന്നമനത്തിനും വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതായി വന്നു. സമുദായത്തിലുള്ള വയസ്ഥന്മാരുടെ സാമുദായികവും സാമ്പത്തികവുമായ ജീവിതരീതിയെ നവീകരിക്കുന്നതിന് എല്ലാ ഗ്രാമീണവിദ്യാലയങ്ങളിലും നിശാദ്ധ്യയനവും കൂടി ഏർപ്പെടുത്തിയിരിക്കുന്നു. ഇവിടെ നടക്കുന്ന ബോധനം സാധാരണരീതിയിലുള്ളതല്ല. ഈ നിശാപാഠശാല വാസ്തവത്തിൽ സ്ത്രീജനങ്ങൾക്കും പുരുഷന്മാർക്കും ഉള്ള ഒരു സമ്മേളനസ്ഥലമാണ്. അവർ അവിടെ കൂടി വർത്തമാനം പറകയും, പാടുകയും, തങ്ങളുടെ നാട്ടിനേയും അന്യനാട്ടിനേയും കുറിച്ചുള്ള സംഭാഷണങ്ങളെ ശ്രദ്ധിച്ചു കേൾക്കുകയും, നാട്ടുകാര്യങ്ങൾ, ആരോഗ്യപ്രസ്ഥാനങ്ങൾ, സാമുദായികപ്രവർത്തനങ്ങൾ മുതലായി പൊതുവെ താല്പര്യമുള്ള കാര്യങ്ങളെക്കുറിച്ചു വാദപ്രതിവാദം നടത്തുകയും ചെയ്യുന്നു. അദ്ധ്യാപകൻ അവർക്കു വിനോദങ്ങൾ സജ്ജീകരിക്കുകയും അവരുടെ സാമുദായികവും സാമ്പത്തികവുമായ സ്ഥിതിയെ ഉയർത്തുന്നതിനും, ജനങ്ങളുടെ പൂർവ്വസംസ്കാരത്തെ സംരക്ഷിക്കുന്നതിനും ഉള്ള മാർഗ്ഗങ്ങളെക്കുറിച്ചു ന്യായാന്യായവിവേചനം ചെയ്കയും ചെയ്യും. ഇപ്രകാരം ശിശുവിദ്യാഭ്യാസത്തോടുകൂടെ സാമുദായികോന്നമനവിഷയത്തിൽ അവരുടെ ശ്രദ്ധയെ ഉത്തേജിപ്പിക്കുന്നതിനും അവരുടെ ആദർശങ്ങളെ വിശാലങ്ങളാക്കുന്നതിനുംവേണ്ടി ഒരു വയസ്ഥവിദ്യാഭ്യാസപദ്ധതികൂടി അവർ നടത്തിക്കൊണ്ടു പോകുന്നു.

## ഗ്രാമീണാദ്ധ്യാപകന്മാരുടെ നിയമനം

ഇത്തരത്തിലുള്ള പുതിയ ഗ്രാമീണവിദ്യാഭ്യാസപദ്ധതിക്കു ഒരു പുതിയതരത്തിലുള്ള അദ്ധ്യാപകന്മാരുടെ ആവശ്യം നേരിട്ടു. കിട്ടാവുന്നിടത്തോളം ശിക്ഷാക്രമം ശീലിച്ച അദ്ധ്യാപകന്മാർ എല്ലാം പഴയരീതിയിലുള്ള അദ്ധ്യാപനമുറകളിലും നാഗരീകവിദ്യാലയങ്ങളിലേക്കു യോജിച്ചതരത്തിലും ഉള്ള പരിശീലനം ലഭിച്ചവരായിരുന്നു. ഇക്കൂട്ടരെ പുതിയ പരീക്ഷണകേദാരത്തിൽനിന്നും വിദ്യാഭ്യാസാധികൃതന്മാർ ബുദ്ധിപൂർവ്വം ഒഴിച്ചുനിറുത്തി. ഗ്രാമീണവിദ്യാഭ്യാസത്തിന്റെ ഈ പുതിയപദ്ധതിക്കു ഗ്രാമങ്ങളിലേക്കു പോകുന്നതിനും ഗ്രാമത്തോടും ഗ്രാമജീവിതത്തോടും അനുഭാവം പ്രദർശിപ്പിക്കുന്നതിനും അവിടത്തെ ആവശ്യങ്ങളേയും വിഭവങ്ങളേയും മനസ്സിലാക്കുന്നതിനും, ഗ്രാമീണരുടെ ഭാഷതന്നെ സംസാരിക്കുന്നതിനും, പ

ഴയരീതിയിലുള്ള വിദ്യാഭ്യാസത്തോട് അവൎക്കുള്ള ഭക്തിവിശ്വാസങ്ങളെ ഉപേക്ഷിച്ചു പുതിയപദ്ധതിയുടെ സാരാംശം ഗ്രഹിച്ചു പ്രവൎത്തിക്കുന്നതിനും മനസ്സും ശേഷിയുമുള്ള അദ്ധ്യാപകന്മാരെ ആവശ്യമായിരുന്നു. വിദ്യാലയംമുഖേന ഗ്രാമോദ്ധാരണം സാധിക്കുന്നതിനു പഴയ മാമൂലനുസരിച്ചുള്ള ശിക്ഷാക്രമം പ്രതിബന്ധമായിട്ടാണു ഗണിക്കപ്പെട്ടതു്. അദ്ധ്യാപകന്മാരെ തിരഞ്ഞെടുക്കുന്നതിൽ തൊഴിൽപരിശീലനത്തേക്കാൾ സ്വഭാവഗുണങ്ങൾക്കാണു ഗവൎമ്മേണ്ടുദ്യോഗസ്ഥന്മാർ പ്രാധാന്യം നൽകിയതു്. യഥാൎത്ഥത്തിൽ മെക്സിക്കോയിൽ അദ്ധ്യാപകൻതന്നെയാണു വിദ്യാലയവും. അതുകൊണ്ടു വിദ്യാലയം സമുദായമദ്ധ്യേ ഒരു സജീവശക്തിയായിരിക്കണമെന്നുണ്ടെങ്കിൽ അദ്ധ്യാപകൻ ഗ്രാമോദ്ധാരണസേവനത്തിൽ ബദ്ധകങ്കണനായിത്തന്നെയിരിക്കണം. ഇതിനുംപുറമെ ഗ്രാമീണവിദ്യാഭ്യാസപദ്ധതിയിൽ പരിപൂൎണ്ണമായ വിശ്വാസവും താൻ പ്രവൃത്തി ചെയ്യുന്നതിനുദ്ദേശിക്കുന്ന സ്ഥലത്തെ ജനങ്ങളുടെ സ്ഥിതിയെപ്പററിയുള്ള പൂൎണ്ണജ്ഞാനവും ആ അദ്ധ്യാപകന്നു് ആവശ്യമാണു്. പ്രായേണ വിദ്യാലയത്തിന്നു് അടുത്തുള്ള സ്ഥലത്തുനിന്നുതന്നെയായിരിക്കും അദ്ധ്യാപകനെ തിരഞ്ഞെടുക്കുന്നതും. ഇപ്രകാരമുള്ള വിവേകപൂൎവ്വമായ അദ്ധ്യാപകനിയമനംമൂലം ഗ്രാമോദ്ധാരണവിഷയത്തിൽ ത്രിവിധകരണങ്ങൾകൊണ്ടു പ്രയത്നിക്കുന്നതിനു സന്നദ്ധരായ ഒരുക്കൂട്ടം അദ്ധ്യാപകവൃന്ദം ഗവൎമ്മേണ്ടിനു സ്വാധീനമായി ഭവിച്ചിട്ടുണ്ടു്. സാധുക്കൾക്കു ജീവിതം സുഖപ്രദമാക്കുക, അടുത്ത തലമുറക്കാൎക്കു പൂൎവ്വാധികം ക്ഷേമവും നീതിയും ലഭിക്കുന്ന ഒരു നവലോകത്തെ സൃഷ്ടിക്കുക ഇങ്ങനെ രണ്ടുദ്ദേശങ്ങളോടുകൂടിയാണു് അവർ ഗ്രാമോദ്ധാരണജോലിയിൽ പ്രവേശിച്ചിരിക്കുന്നതു്.

ഇപ്രകാരം വിദ്യാഭ്യാസംമുഖേന ഒരു ജനാധിപത്യം സൃഷ്ടിക്കുന്നതിനും രാഷ്ട്രീയജീവിതത്തിൽ ഗ്രാമീണജനങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതിനും മെക്സിക്കോ ശ്രമിച്ചുവരുകയാണു്. ഈ ഉദ്ദേശനിൎവ്വഹണത്തിനായി കേവലം സാഹിത്യപരമായ വിദ്യാഭ്യാസം കുറച്ചെങ്കിലും മുന്നോട്ടു പോകുന്നതിനുമുമ്പു ജനങ്ങളുടെ സാമുദായികവും സാമ്പത്തികവുമായ നില ഉയൎത്തണമെന്നും, വിദ്യാലയങ്ങളെ ശിശുക്കളുടെ മാത്രം കാൎയ്യമായിട്ടല്ല, പ്രായപൂൎത്തിവന്ന ജനവിഭാഗത്തിന്റെ കാൎയ്യമായിട്ടുകൂടി ഗണിക്കണമെന്നും മെക്സിക്കോക്കാൎക്കു നല്ല ബോദ്ധ്യമുണ്ടു്. അതുകൊണ്ടു നിരക്ഷരത്വത്തെ ഉന്മൂലനം ചെയ്യുന്നതിനല്ല പരിതസ്ഥിതികളെ ഭേദപ്പെടുത്തുന്നതിനാണു ശ്രമം ചെയ്തുവരുന്നതു്. വിദ്യാഭ്യാസവകുപ്പു് ഒരു നിശ്ചിതവഴിക്കു വിദ്യാഭ്യാസപരിശ്രമങ്ങളെ തിരിക്കുന്നതിലോ വിദ്യാഭ്യാസമാനദണ്ഡം നിൎണ്ണയിക്കുന്നതിലോ താല്പൎയ്യപ്പെട്ടിട്ടില്ലെന്നു കാണുന്നതു് ആശാജനകമാണു്.

അദ്ധ്യാപകനേതാവിനെ സൃഷ്ടിക്കുകയും അയാളുടെ പരീക്ഷണങ്ങൾക്കു സകലവിധപ്രോത്സാഹനങ്ങളും നൽകുകയും ചെയ്യുന്നതിലാണ് അവർ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നത്. അതുകൊണ്ട് ഓരോ സ്കൂളിന്റേയും പാഠപദ്ധതി മിക്കവാറും അദ്ധ്യാപകന്റെ ചുമതലയിൽതന്നെ വിട്ടിരിക്കുകയാണ്. അധികാരികൾ അയാളുടെ ജോലിയെ പരിശോധിക്കമാത്രം ചെയ്യുന്നതല്ലാതെ പള്ളിക്കൂടങ്ങളുടെ നടപടികളെ നിർദ്ദേശിക്കുകയോ രൂപീകരിക്കുകയോ ചെയ്യുന്നില്ല. അദ്ധ്യാപകനിലും അയാളുടെ ആധിപത്യത്തിലും വിദ്യാഭ്യാസാധികൃതന്മാർക്കുള്ള വിശ്വാസം വാസ്തവത്തിൽ അനന്യസാധാരണമാണ്. അദ്ധ്യാപകന്മാർ ഈ വിധമുള്ള വിശ്വാസത്തിനു തങ്ങൾ പാത്രീഭൂതന്മാരാണെന്ന് ഇതിനിടെ തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. ധർമ്മയുദ്ധവീരരെപ്പോലെ ഉത്സാഹഭരിതരായ ഈ അദ്ധ്യാപകോപദേഷ്ടാക്കളെ ജനങ്ങളുടെ ജീവിതരീതിയേയും പരിതസ്ഥിതികളേയും പരിഷ്കരിച്ച് ഒരു ജനാധിപത്യം സ്ഥാപിക്കുന്നതിനു പ്രയത്നിക്കുന്നവരായി മെക്സിക്കോയിൽ എല്ലാദിക്കിലും കാണാവുന്നതാണ്. അതുകൊണ്ടു മെക്സിക്കോയിലെ രാഷ്ട്രീയജീവിതത്തിൽ ഈ പുതിയ വിദ്യാഭ്യാസപദ്ധതിയ്ക്കു് ഒരു നിസ്സീമമായ പ്രേരകശക്തിയുണ്ടായിട്ടുണ്ടെങ്കിൽ അതിൽ ഒട്ടുംതന്നെ അത്ഭുതപ്പെടാനില്ല.

---

## മഹദ്വാക്യങ്ങൾ

### വിവാഹം

ഭൗതികവസ്തുക്കളിൽവച്ച് ഏററവും മാഹാത്മ്യമേറിയതു് ഒരുത്തമപത്നിയത്രേ. (സിമോണൈഡ്സ്)

വിവാഹം തിരിവില്ലാത്ത ഒരു ഇടവഴിയാണ്. (മിസ്സ്. മുലാക്ക്)

ഒരു പത്നിയെ സ്വീകരിക്കുന്നവൻ മനക്ലേശത്തേയും വരിക്കുന്നു. (ഫ്രാങ്ക്ലിൻ)

നിങ്ങൾക്കു സ്വയം നശിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ ഒരു ധനികയെ വിവാഹം കഴിക്കുക. (മിച്ചെലെററ്)

വേഗത്തിൽ വിവാഹം കഴിച്ചു നാം സാവധാനത്തിൽ പശ്ചാത്തപിക്കുന്നു. (കാൺഗ്രീവ്)

വിവാഹിതനാകുവാനും അഭിവൃദ്ധിപ്പെടുവാനും ഒരേ അവസരത്തിൽതന്നെ വിഷമമാണ്. (ടെനിസൺ)

അനുസരണശീലമുള്ള ഒരു പത്നി ഭർത്താവിനെ ശാസിക്കുന്നു. (ടെനിസൺ)

നല്ല വിവാഹത്തിലേപ്പെട്ടവൻ ചിറകു വയ്ക്കപ്പെട്ടവനും ചീത്തവിവാഹത്തിലേപ്പെട്ടവൻ ശൃംഖലിതനുമാകുന്നു. (ഹെൻറി വാർഡ് ബീച്ചർ)

അവിവേകമായ വിവാഹം ശുഭമെന്നു തെളിയുന്നതു ദുർല്ലഭമാണ്. (ഷേക്സ്പിയർ)

വിവാഹം സാഹസികമായ ഒരു കാര്യമത്രേ. (ജാൺ സെൽഡെൻ)

പുരുഷൻ ചുററപ്പെട്ട വൃക്ഷവും സ്ത്രീ ചുററുന്ന വള്ളിയുമാണ്. (ആരോൺ ഹിൽ)

വിവാഹം സ്വർഗ്ഗത്തിലെ പൂങ്കാവനമത്രേ. (ജർമി ടായ്ലർ)

ചപലയായ ഭാര്യ തൻെറ ഭർത്താവിനെ വിഷണ്ണനാക്കുന്നു. (ഷേക്സ്പിയർ)

വിവാഹിതനായ ഒരു യുവാവു ദൂഷിതനത്രേ. (ഷേക്സ്പിയർ)

ഒരു പത്നിയെക്കൂടാതെ ആക്കും ദൈവഭക്തിയോടെ ജീവിക്കുന്നതിനും പവിത്രതയോടെ മരണംവരിക്കുന്നതിനും സാധിക്കുകയില്ല. (റിച്ചർ)

തനിക്കു ഏഴുവഷത്തെ കൂടുതൽ വാദ്ധക്യം വന്നതായി ഒരു പുരുഷനു തൻെറ വിവാഹം കഴിഞ്ഞു പിറേറദിവസംതന്നെ ബോദ്ധ്യപ്പെടുന്നു. (ബേക്കൺ)

നിങ്ങൾ ഒരു വധുവിനെ വിവാഹം ചെയ്യുമ്പോൾ ഒരുപടി കീഴോട്ടിറങ്ങുന്നു. ഒരു സ്നേഹിതനെ തിരഞ്ഞെടുക്കുമ്പോഴാകട്ടെ ഒരുപടി കയറുന്നു. (റാബിബെൻ അസായി)

ജന്നനാൽ ഭാഗ്യവാനായ ഒരു പുരുഷൻെറ വിവാഹം അശുഭമായിതീരുന്നുവെങ്കിൽ അയാളുടെ ഭാഗ്യം നിഷ്പ്രയോജനംതന്നെയാണ്. (ഡേസിയർ)